# CMISSION

**Official Organ of the CMI General Department of Evangelization and Pastoral Ministry, Kochi.**
**A multilingual quarterly of news and views from Pastors & Missionaries around the globe.**

***Vol. 9 , No.1*** ***July*** ***2014***


## *ഉൾത്താളുകളിൽ*


**The Time God has Chosen** 03

Fr. George Thanchan CMI

**ആശ്രമത്തിലെ ചായകപ്പും ഫുട്ബോളിന്റെ ലോകകപ്പും** 06

ഫാ. സുനിൽ ജോസ് കിഴക്കയിൽ സി.എം.ഐ

**അറിവും അനുഭവവും** 10

ഫാ. ജോസഫ് വയലിൽ സി.എം.ഐ

**ഹൃദയ വിശാലതയുടെ ചാവറയച്ചൻ** 13

ഫാ. ജോസഫ് സെബാസ്റ്റ്യൻ ഈന്തംകുഴി

**എന്നു സ്വന്തം ചാവറയച്ചൻ** 23

ഫാ. ജോൺ മണ്ണാറത്തറ സി.എം.ഐ

***Kshitij*** **: A Voice to the Voiceless** 28

Bro. Bonis Karottukizhakkel CMI

**വന്ദ്യപിതാവേ, ചാവറയച്ചാ പ്രണാമം** 35

അഗസ്റ്റ്യൻ മ്ലാവരയിൽ സി.എം.ഐ

**A Pushy Kind of Prelate** 38

Mark Barco, SJ

**രാജകുമാരിയിലെ രാജകുമാരൻ** 41

ഫാ. പീറ്റർ കൊച്ചാലുങ്കൽ സി.എം.ഐ

**അറിവിന്റെ വരവുമായ്** 43

ജോബ് സ്രായിൽ

‘ധ്യാനാനുഭവം’ ചാവറയച്ചന്റെ ദർശനവീട്ടിൽ 47
ഫാദർ ആന്റണി വാഴപ്പിള്ളി സി.എം.ഐ

**Come and See** 51
Bro. Biston Koola CMI

ദൈവേഷ്ടം, അതുമാത്രം, അത് മുഴുവനും 55
ഫാ. ഡേവിസ് കാച്ചപ്പിള്ളി

സംഗീതോപാസകനായ കാക്കനാട്ടച്ചൻ 57

വാ. ചാവറപ്പിതാവും ജോബിയും 60
സി. അൽഫോൻസ് മരിയ സി.എം.സി.

**Pope Francis on Mission** 64

ഓർമകളിലെ പാപ്പുവാ ന്യൂഗിനി 66
ഫാ. ആന്റണി ഞള്ളമ്പുഴ സി.എം.ഐ

പ്രാർത്ഥന : അറിയാതെ പോകുന്നത് 73
ബ്ര. ബിന്റോ മാമ്പിള്ളിക്കുന്നേൽ

**FIAT MISSION** 75

**Servant of God Fr. Canisius** 77

പാപ്പായും കുട്ടികളും 78

**I Said a Prayer for You Today** 80

**ASHRAM: A HOUSE OF ITS OWN TYPE** 81
Fr. Thomas Kochumuttom CMI

ചാവറയച്ചൻ വിശുദ്ധനായ കർമ്മയോഗി 91
മാണി പയസ്

ചാവറയച്ചന്റെ അതിസഹനങ്ങളും അത്യാനന്ദങ്ങളും 95
ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ

ചാവറ തീർത്ഥാടന കേന്ദ്രം, മാന്നാനം 99
ഫാ. ജെയിംസ് മഠത്തിക്കണ്ടം സി.എം.ഐ

# The Time God has Chosen



**Fr. George Thanchan CMI**
**Managing Editor**

The CMI Congregation is preparing for an exceptional event: the canonization of its founding father, Blessed Kuriakose Elias Chavara (1805-1871) which will take place in Rome on 23 November 2014. On the same day Blessed Euphrasia Eluvathingal CMC, one of the spiritual draughts of Blessed Chavara, too will be canonized. All over there are initiatives being taken to make Blessed Chavara better known and to prepare to celebrate the Church's recognition of him as a saint. It is right that we rejoice, with a joy rooted in Easter, in the victory of the Risen one over evil, suffering and death. Chavara united himself to his Lord in his gift of self. Like Jesus, he loved to the end and now shines with the light of the just in the banquet of God's reign.

This is the time that God has chosen for the canonization of Blessed Chavara, the saint who led many to Christ, the soldier of Christ who fought the schisms of his day, the missionary who championed the faith formation of new Christians, the prophet who foresaw the triumph of the Church, the inspired writer who devised effective ways of nurturing faith. It is this man whom the Church now exalts, to whom we should pray so that the ills of the present age may be cured.

We already know all about Chavara. And so we are not writing to remind you of what you already know, even though at this time it would be good for all of us to read again his biography, his letters or other writings about him. Chavara's life has to be a constant source of mediation and inspiration for us.

We are also aware that Chavara is not only "ours." He is a universal model of humanity, a hero of prayer and service, an inspiration for anyone wanting to serve the poor, a source of pride for the Church in India, a glory for the whole Church. The power of Chavara and his

influence in peoples' lives extend far beyond the limits of our Congregation.

There is nothing exceptional in recognizing the greatness of Chavara. Since his death 143 years ago, and even during his life, a multitude of men and women have seen in him a masterpiece of prayer, service and faith. His life has inspired numberless commitments to humanity and vocations to the consecrated life. We are not discovering Chavara just now, though we can always appreciate more who he really is. What is new is the canonization, through which "the Church gives thanks to God for the gift of her children who have known how to respond generously to divine grace, honors them and invokes them as intercessors. At the same time, she presents these shining examples for the imitation of all the faithful." (Benedict XVI to the Postulators of the Congregation for the Causes of the Saints, December 17, 2007).

The canonization is not the exaltation of a hero or the giving of an honorary title to a group or an institution, or the mere illustration of a series of values or an ideology. The canonization is first an act of praise to the God of love and mercy, who, even though hidden in the misery of human history, pours forth his compassion upon us by transforming the existence of the saints through the power of his Spirit. Chavara is not "ours". He belongs to God. He can only really be understood as belonging to the Lord of life who shaped him and made him his own. Holiness is the work of the Lord. His love is what justifies us. From this perspective, the canonization becomes a confession of hope-filled faith. The love of God is at work among us, as it was active in the life of Chavara. The love of God can continue to transform us in spite of our weakness and our shadow side.

With the canonization, it is not only the Congregation or those who have known Chavara and been inspired by him who give thanks to God. It is the whole Church, as the body of Christ that turns to the Father and praises him for Chavara. Canonization means that the one who is "blessed" until now is worthy of the veneration of the whole Church. Chavara now takes his place in the heart of the Church-Bride

in prayer before her Lord. By canonization the Church honors Chavara. She publicly and officially recognizes the outstanding value of his life and his work.

From the time of his death down to today, many people have confided their prayers and intentions to Chavara and have experienced his protection. With the canonization, the whole Church invokes Chavara as an intercessor.

let us rejoice at the upcoming canonization of Chavara. This invitation extends especially to all associates of CMIs and to everyone who lives their faith inspired by the CMI charism, the source and nourishment of Chavara's commitment. Let us give thanks to God and let us share our joy with those among whom we live. It is the joy of the whole Church. It is the joy of the human family, thirsting for goodness, compassion and love. Like Jesus, Chavara went through life doing good. Let us ask him that it might also be our path to holiness.



# ആശ്രമത്തിലെ ചായ കപ്പും ഫുട്ബോളിന്റെ ലോകകപ്പും



**ഫാ. സുനിൽ ജോസ് കിഴക്കയിൽ സി.എം.ഐ**
**ചീഫ് എഡിറ്റർ**

'ഫോർപ്പ' (The Cup) എന്ന സിനിമ 1999-ലാണ് പുറത്തിറങ്ങിയത്. യഥാർത്ഥ സംഭവങ്ങളെ അടിസ്ഥാനമാക്കി നിർമ്മിക്കപ്പെട്ട ഈ ചിത്രം ഭൂട്ടാനിലെ ആദ്യ സിനിമയാണ്. സംവിധാനം ചെയ്തിരിക്കുന്നത് ബുദ്ധസന്യാസികൂടിയായ സെന്റ് സോനോർസുവും. ബുദ്ധന്റെ അനുയായികൾ പ്രവാസ ജീവിതം നയിക്കുന്ന ഹിമാലയൻ താഴ്വാരത്തെ ബുദ്ധവിഹാരത്തിലാണ് സിനിമയുടെ കഥ നടക്കുന്നത്. 14 വയസുകാരനായ ഓർഗ്യൻ ആണ് മുഖ്യകഥാപാത്രം. ഊർജ്ജസ്വലതയുടെ നിർഭയത്വവും, കുസൃതികളും, അക്കാദമിക്ക് പഠനകാര്യങ്ങളിലെ അലസതയും കൊണ്ട് ഓർഗ്യൻ മറ്റ് യോഗാർത്ഥികളിൽ നിന്ന് വ്യത്യസ്തനാണ്. വയസ്സിൽ മൂത്തതെങ്കിലും സുഹൃത്തായ ലോഡോ ഓർഗ്യന്റെ എല്ലാ ഇടപാടുകളിലും പങ്കാളിയാണ്. ഗൗരവമായ പ്രാർത്ഥനാവേളകളിലും അവർ കുസൃതികൾ പങ്കിടുന്നു. അച്ചടക്ക കാര്യങ്ങളുടെ ചുമതല വഹിക്കുന്ന രണ്ടാം ആശ്രമാധിപന്റെ കണ്ണ് വെട്ടിച്ച് ഓർഗ്യൻ ലോഡോവിന് നൽകുന്ന കുറിപ്പിൽ അർജന്റീന X ബ്രസീൽ എന്നെഴുതിയിരിക്കുന്നു. 1998-ലെ ലോകകപ്പ് നടക്കുന്ന കാലമാണിത് എന്ന സൂചനയാണ് സിനിമയിൽ നൽകുന്നത്.

ഓർഗ്യൻ ഫുട്ബോളിന്റെ കടുത്ത ആരാധകനാണ്. അവന്റെ സന്യാസി കുപ്പായത്തിനകത്ത് റൊണാൾഡോ എന്നെഴുതിയ മഞ്ഞ ജേഴ്സിയാണുള്ളത്. അവന്റെ മുറിയുടെ ചുമരുകൾ നിറയെ ഫുട്ബോൾ കളിക്കാരുടെ ചിത്രങ്ങളാണ്, കൂടാതെ ഫുട്ബോൾ മാസികകളും. ആശ്രമത്തിലെ സാധാരണ ജീവിതത്തിനിടയിൽ ഓർഗ്വനും കൂട്ടുക്കാരും മാസ്റ്റർ ഗെക്കോവിന്റെ കണ്ണ് വെട്ടിച്ച് തൊട്ടടുത്ത ഗ്രാമത്തിൽ ടെലിവിഷനിൽ ലോകകപ്പ് മത്സരങ്ങൾ കാണാൻ പോകുന്നു. കളി ആവേശകരമാകുന്നതിനിടയിൽ ശബ്ദവും, ബഹളവും ഉണ്ടാക്കിയതിന് ഈ കൊച്ചു സന്ന്യാസികളെ ആളുകൾ പുറത്താക്കുന്നു. തിരിച്ചു വരുമ്പോൾ അവരുടെ മാസ്റ്റർ ഗെക്കോ അവരെ കൈയ്യോടെ പിടികൂടുന്നു. ശിക്ഷയായി പാചകത്തിന്റെ ചുമതല ഏൽപ്പിക്കുന്നതിനോടൊപ്പം ഇനിയും ആശ്രമം വിട്ടുപോയാൽ അവിടെ നിന്ന് പുറത്താക്കുമെന്നും ഭീഷണിപ്പെടുത്തുന്നു. അവരുടെ അച്ചടക്ക

രാഹിത്യത്തെക്കുറിച്ച് സൂചിപ്പിക്കുന്നതിനിടയിൽ ലോകകപ്പ് ഫുട്ബോൾ നടക്കുന്നതിനിടയ്ക്ക് വിദ്യാർത്ഥികളെ അടക്കിനിർത്താൻ ബുദ്ധിമുട്ടാണെന്ന് ഗെക്കോ മുഖ്യ ആശ്രമാധിപനോട് പറയുന്നു. ഫുട്ബോൾ എന്താണെന്ന് ചോദിക്കുന്ന വൃദ്ധനോട് രണ്ട് പരിഷ്കൃത രാജ്യങ്ങൾ ഒരു പന്തിനായി പോരാടുന്ന ഒരു സംഗതിയാണ് അതെന്നാണ് ഗെക്കോ പറയുന്നത്. അതിൽ ആക്രമം ഉണ്ടോ ? 'ചില പ്പോൾ' എന്ന് ഗെക്കോ മറുപടി പറയുന്നു. ലൈംഗികത ? അത് തീർച്ച യായും ഇല്ല എന്ന് പറയുന്നതോടെ 'നിങ്ങൾക്ക് ഈ കാര്യങ്ങളെല്ലാം എങ്ങനെ അറിയാം' എന്ന് മുഖ്യ ആശ്രമാധിപനായ ചെഞ്ചോർ ലാമ ചോദിക്കുന്നു. ഗെക്കോ ഒരു കുറ്റബോധത്തോടെ ചിരിക്കുന്നു. പക്ഷേ ഈ പോരിനുള്ള സമ്മാനം ഒരു കപ്പാണെന്ന് കേൾക്കുമ്പോൾ കപ്പിൽ ചായകുടിക്കുന്ന സന്യാസി അലൗകീകമായി ചിരിക്കുന്നു.

ലോകകപ്പ് ഫൈനൽ അടുത്തതോടെ ഓർഗ്വന്റെ എല്ലാ ഏകാഗ്ര തയും നഷ്ടപ്പെടുന്നു. കളികാണാൻ ഒരേ ഒരു സാധ്യത ടെലിവിഷൻ വാടകക്കെടുത്ത് ബുദ്ധആശ്രമത്തിൽ കൊണ്ടുവരികയെന്നത് മാത്ര മാണ്. അവർ തങ്ങളുടെ മാസ്റ്റർ ഗെക്കോ വഴി ആശ്രമാധിപനോട് അതിനുള്ള അനുമതി തേടുന്നു. അന്തേവാസികളെ മുഴുവൻ ആശ്ചര്യ പ്പെടുത്തിക്കൊണ്ട് അതിനുള്ള സമ്മതം ലഭിക്കുന്നു. അന്തേവാസിക ളിൽ നിന്നും നിർബന്ധ പിരിവുനടത്തി അവർ ടെലിവിഷനും ഡിഷ്ആന്റിനയും വാടകയ്ക്ക് കൊടുക്കുന്ന ഇന്ത്യാക്കാരന്റെ അടു ത്തേയ്ക്ക് പോകുന്നു. വാടക തികയാതെ വരുമ്പോൾ ആയിടെ ആശ്ര മത്തിൽ ചേർന്ന ഒരു ചെറിയ കുട്ടിയുടെ അമ്മ അവന് സമ്മാനിച്ച വാച്ച് ടിവി ഉടമയ്ക്ക് പണയം വെയ്ക്കുന്നു. ഉച്ചയ്ക്ക് മുമ്പ് പൈസ ലഭിച്ചില്ലെങ്കിൽ വാച്ച് വില്ക്കുമെന്നാണ് കടക്കാരന്റെ മുന്നറിയിപ്പ്. ടിവിയും ആന്റിനയും ട്രാക്റ്ററിൽ കയറ്റി ആശ്രമത്തിൽ കൊണ്ട് വരു മ്പോൾ എല്ലാവരും ആഹ്ലാദഭരിതരാകുന്നു. ടെലിവിഷൻ സജ്ജീകരി ക്കുകയും പ്രവർത്തന നിരതമാക്കുകയും ചെയ്യുന്നതോടെ അഹിം സയും ആത്മീയവിചാരവും മന്ത്രോച്ചാരണങ്ങളും മാത്രം അന്തരീക്ഷ ത്തിൽ തങ്ങിനിന്നിടത്ത് ലോകകപ്പ് ഫുട്ബോളിന്റെ മാന്ത്രിക സംഗീ തവും ഹർഷാരവവും നിറയുന്നു. ആശ്രമാംഗങ്ങളെല്ലാം കളികാണാൻ എത്തുന്നു. തന്റെ അമ്മയുടെയും ജന്മനാടിന്റെയും ഓർമ്മ ഉണർത്തുന്ന വാച്ച് നഷ്ടപ്പെട്ട കൊച്ചു സന്യാസി മൂകനും ദുഃഖിതനുമായി ഇരിക്കു ന്നു. ഇത് കണ്ട ഓർഗ്യന്റെ കളിയിലെ ശ്രദ്ധ നഷ്ടപ്പെടുന്നു. ഫുട്ബോ ളിന്റെ ആരാധകനായിട്ടും ഫ്രാൻസിന്റെ താരം സിനദിൻ സിദാൻ ഗോള ടിക്കുമ്പോൾ പോലും ഓർഗ്യൻ ചിന്താധീനനാണ്. പണയം വച്ച വാച്ച്

തിരിച്ചെടുക്കുന്നതിനെക്കുറിച്ച് അവൻ തലപുകഞ്ഞാലോചിക്കുന്നു. കളിക്കിടെ അവൻ സ്വന്തം മുറിയിൽ പോയി അവന്റെ സ്വന്തമെന്ന് പറയാവുന്ന സാധനങ്ങൾ പണയപ്പെട്ടവാച്ച് തിരികെ വാങ്ങുന്നതിന് പകരം നൽകാനായി എടുത്തുവയ്ക്കുകയാണ്. ഓർഗ്യനെ ടിവിയ്ക്ക് മുമ്പിൽ കാണാത്തതിനാൽ ആശ്രമാധിപന്റെ നിർദേശപ്രകാരം അന്വേഷിക്കാൻ വരുന്ന മാസ്റ്റർ ഗെക്കോ, ഓർഗ്യൻ വാച്ച് നഷ്ടപ്പെട്ട കുട്ടിയുടെ വികാരങ്ങളോടുള്ള പ്രതിപത്തി മനസ്സിലാക്കുകയും ആ തുക അവർ നൽകാമെന്ന് പറയുകയും ചെയ്യുന്നു. അവൻ കച്ചവടത്തിൽ ഒരു മോശക്കാരനായതുകൊണ്ടുതന്നെ ഒരു നല്ല സന്യാസിയാവുമെന്നും ഗെക്കോ പറയുന്നുണ്ട്. സന്തോഷവും സംതൃപ്തിയും മൂലം മന്ദഹസിക്കുന്ന ഓർഗ്യന്റെ മുഖത്തിൽ നിന്ന് സിദാന്റെ ആഘോഷപ്രകടനത്തിലേക്കും ഫ്രാൻസിന്റെ വിജയാഹ്ലാദത്തിലേക്കും കാണികളുടെ വിജയാരവങ്ങളിലേക്കും ദൃശ്യം ഡിസോൾവ് ചെയ്യുന്നു.

അടുത്ത ദിവസം ക്ലാസിൽ വച്ച് ആശ്രമാധിപൻ ചെഞ്ചോർ ലാമ അന്തേവാസികളോട് പറയുന്നു. ഭൂമിയെ തൂകലിൽ പൊതിയാനും എവിടെപ്പോയാലും അതിന്റെ മാർദ്ദവം അനുഭവിക്കാനും നമുക്കാവുമോ? ഇല്ല അപ്പോൾ നമുക്ക് എന്തു ചെയ്യാം? നമ്മുടെ കാലുകൾ തൂകലിൽ പൊതിയുക. അതെ കാലുകൾ തുകലിൽ പൊതിയുന്നത് ഭൂമിയെ പൊതിയുന്നതിനു തുല്യമാണ്. അതുപോലെ ശത്രുക്കൾ ആകാശം പോലെ അതിരുകളില്ലാത്തതാണ്. എല്ലാശത്രുക്കളേയും മറികടക്കാൻ കഴിയണമെന്നില്ല. അതെ, നിങ്ങൾക്ക് വെറുപ്പിനെ മറികടക്കാൻ കഴിഞ്ഞാൽ അത് എല്ലാ ശത്രുക്കളെയും മറികടക്കുന്നതിനു തുല്യമാണ്. ഈ ലോകത്തെ എല്ലാ അസംതൃപ്തികളും എല്ലാ ഭീതിയും കഷ്ടപ്പാടുകളും അവ സൃഷ്ടിച്ച 'ഞാനു'മായി ഒട്ടിച്ചേർന്നിരിക്കുന്നു. ഈ ഭീമൻ പിശാചിനെ ഞാനെങ്ങനെ നേരിടും? അതിന്റെ കെടുതിയിൽ നിന്ന് സ്വയം രക്ഷപെടുന്നതിന്, അങ്ങനെ ബാക്കി എല്ലാവരെയും അവരുടെ വേദനകളിൽ നിന്ന് മോചിപ്പിക്കുന്നതിന്, തന്നെപ്പോലെ മറ്റുള്ളവരെയും സ്നേഹിക്കുന്നതിലൂടെ എന്നിൽ നിന്ന് എന്നെ നിഷ്കാസനം ചെയ്യുന്നതിന്, ഏത് പ്രശ്നത്തിനും പരിഹാരമുണ്ടായിരിക്കേ എന്തിന് അസന്തുഷ്ടനാകണം?

സിനിമ ആരംഭിക്കുമ്പോൾ കൊച്ചു സന്യാസികൾ ഫുട്ബോളായി തട്ടിക്കളിക്കുന്നത് കൊക്കോക്കോളയുടെ ഒഴിഞ്ഞ ടിന്നാണ്. എന്നാൽ പിന്നീട് ഒരു സന്യാസി അതേ ടിന്നിനെ പ്രാർത്ഥനക്കായുള്ള വിളക്കാക്കി മാറ്റുന്നു. ഏത് സംസ്കാരത്തെയും എങ്ങനെ തങ്ങളുടെ ദർശ

നങ്ങളിലേക്ക് അനുകൂലമായി വിളക്കിച്ചേർക്കാം എന്നും ഉപകരണമല്ല പ്രശ്നം അത് ഉപയോഗിക്കപ്പെടുന്ന രീതിയാണെന്നും ഉള്ളതിന്റെ ദൃഷ്ടാന്തമായി ഈ രംഗം മാറുന്നു. ഫോർപ്പ തിബത്തൻ ബുദ്ധദർശനങ്ങളുടെ ആത്മീയതയെ സ്നേഹത്തിന്റെ ഊഷ്മളമായ ഭാഷയിലൂടെയും നർമ്മം കലർന്ന ശൈലിയിലൂടെയും ഫലപ്രദമായി അവതരിപ്പിക്കുന്നു. ആർദ്രമായ സ്നേഹവും അനുകമ്പയും സഹാനുഭൂതിയുമാണ് ആത്മീയാന്വേഷണത്തിന്റെ യഥാർത്ഥ വഴിയെന്ന് ഈ ചിത്രം നമ്മെ പഠിപ്പിക്കുന്നു.

ക്രിസ്തു ചിരിച്ചിട്ടുണ്ടോ എന്ന വലിയ തർക്കമുണ്ടാകുന്നത് സന്യാസാശ്രമത്തിലാണ്, ഉംബർതോ എക്കോയുടെ The name of the rose എന്ന നോവലിലെ ബെനഡിക്റ്റൻ ആശ്രമത്തിൽ. ഒരു പൂവിന്റേയും മുഖത്തുനോക്കാത്ത ഒരു കുഞ്ഞിനോടും പുഞ്ചിരിക്കാത്ത ഒരാളായിരുന്നില്ല സുവിശേഷങ്ങളിലെ യേശു. കരഞ്ഞും ചിരിച്ചും ക്ഷോഭിച്ചും വിവാഹവിരുന്നിൽ പങ്കുചേർന്നും സാധാരണമനുഷ്യന്റെ ജീവിതാനുഭവങ്ങളിൽ സ്വർഗ്ഗത്തിന്റെ മുദ്രചാർത്തിയാണ് അവിടുന്ന് ഈ ഭൂമിയിലൂടെ നടന്നത്. ചെറുതുകളെ ആദരവോടെ കാണണമെന്നാണവിടുന്ന് പഠിപ്പിച്ചത്. സാധാരണത്വങ്ങളിലും അനുദിന ജീവിതസംഭവങ്ങളിലും ദൈവദർശനം സാധ്യമാണ്. ശിരസിലൊരു ശകലം മേഘവും നെറ്റിയിൽ മാലാഖമാരുടെ ചുംബനവുമായി ഭൂമിയിലവതരിക്കുന്ന ഒരോ കുഞ്ഞിന്റെയും ചലനങ്ങളിൽ ദൈവത്തിന്റെ കാലടികൾ കേൾക്കാനാകും.

സഹനമരണാനുഭവങ്ങളെ തോൽപ്പിച്ച് ഉയിർത്തെഴുന്നേറ്റവനാണ് നമുക്കായി നിത്യമായ ആനന്ദത്തിന്റെ വാതിലുകൾ മലർക്കെത്തുറന്നിടുന്നത്. പുതു ജീവിതത്തിന്റെ തളിർപ്പുകളും പൂവിടലുമാണെങ്ങും. ലോകം ഒരു ഫുട്ബോളിന് പുറകെ ആരവത്തോടെ 'നമ്മളൊന്നാണ്' എന്ന് പാടി കൊണ്ട് സന്തോഷം പങ്കിടുന്നു. ഇന്ത്യയിലും സി.എം.ഐ. സഭയിലും ഭരണനേതൃത്വമാറ്റത്തിന്റെ കാലമാണിത്. ചെറുതുകളിലേക്കും അരികുകളിലേക്കും ശ്രദ്ധയോടെ നോക്കാനായാൽ പുതുമയുടെ സാദ്ധ്യത കൂടുതൽ വ്യക്തമാകും അറിവിന്റെ ആകാശങ്ങളിലേക്ക് വിരൽ ചൂണ്ടിയും അക്ഷരവെളിച്ചം പകർന്നും അശരണരേയും അഗതികളെയും ചേർത്തുപിടിച്ചും അൾത്താരയിലേക്ക് നമുക്ക് മുമ്പേ നടന്ന ചാവറപ്പിതാവിന്റെ പുണ്യകാലടികളെ പുന്തുടരുന്ന ഓരോ സി.എം.ഐ. മിഷനറിക്കും ഒരായിരം പ്രണാമം. പ്രാർത്ഥനാശംസകൾ. സഭയുടെ പുതുനേതൃത്വത്തിന് ഹൃദയം നിറഞ്ഞ സ്വാഗതം.

# അറിവും അനുഭവവും



ഫാ. ജോസഫ് വയലിൽ സി.എം.ഐ

കേട്ടറിവിൽനിന്നും കണ്ടറിവിലേക്കും കണ്ടറിവിൽനിന്നും അനുഭവിച്ചറിവിലേക്കുമുള്ള വളർച്ച പ്രധാനപ്പെട്ടൊരു കാര്യമാണ്. ഏത് അറിവിന്റെ കാര്യത്തിലും ഇത് ശരിയാണ്. ആത്മീയജീവിതത്തിലും അതുപോലെതന്നെ. താബോർ മലയിൽവെച്ച് യേശു രൂപാന്തരപ്പെട്ട സംഭവം മത്താ. 17:1-8 വരെ വായിക്കാം. പത്രോസ് യാക്കോബ്, യോഹന്നാൻ, യാക്കോബ് എന്നിവരെ കൂട്ടി താബോർ മലയിലേക്കു പോയ യേശു അവരുടെ മുന്നിൽവെച്ച് രൂപാന്തരപ്പെട്ടു. യേശുവിന്റെമുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി. യേശുവിന്റെ വസ്ത്രം പ്രകാശംപോലെ ധവളമായി. മോശയും ഏലിയായും യേശുവിനോട് സംസാരിക്കുന്നത് അവർ കണ്ടു. പത്രോസ് യേശുവിനോടു പറഞ്ഞു: 'കർത്താവേ നാം ഇവിടെ ആയിരിക്കുന്നത് നല്ലതാണ്. നിനക്ക് സമ്മതമാണെങ്കിൽ ഞങ്ങൾ ഇവിടെ മൂന്ന് കൂടാരങ്ങൾ ഉണ്ടാക്കാം' (മത്താ. 17:4).

സമരിയാക്കാരി സ്ത്രീ (യോഹ. 4:1-42) കേട്ടറിവിൽനിന്നും കണ്ടറിവിലേക്കും അനുഭവിച്ചറിവിലേക്കും വന്ന വ്യക്തിയാണ്. 'ഞാൻ ചെയ്തതെല്ലാം അവൻ എന്നോടു പറഞ്ഞു'എന്ന സമരിയാക്കാരി സ്ത്രീയുടെ സാക്ഷ്യം കേട്ട അനേകർ യേശുവിൽ വിശ്വസിച്ചു-കേട്ടറിവിന്റെ ഗുണം! പിന്നീട് അവർ ഈ സ്ത്രീയോട് പറഞ്ഞു: 'ഇനിമേലിൽ ഞങ്ങൾ വിശ്വസിക്കുന്നത് നിന്റെ വാക്കുമൂലമല്ല. കാരണം ഞങ്ങൾതന്നെ നേരിട്ട് ശ്രവിക്കുകയും ഇവനാണ് യഥാർത്ഥത്തിൽ ലോകരക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു' (യോഹ. 4:42).

യേശുവിന്റെ മരണരംഗങ്ങൾക്ക് സാക്ഷ്യംവഹിച്ച ശതാധിപൻ ദൈവത്തെ സ്തുതിച്ചുകൊണ്ട് പറഞ്ഞു: 'ഈ മനുഷ്യൻ തീർച്ചയായും നീതിമാനായിരുന്നു' (ലൂക്കാ. 23:47). കണ്ടറിവ് ചിലപ്പോൾ അനുഭവിച്ചറിവിലേക്കു നയിക്കും. ഈ അനുഭവിച്ചറിവ് മാനസാന്തരത്തിലേക്കും നയിക്കും. യോഹ. 1:43-49 വചനങ്ങൾ വായിക്കുക. പീലിപ്പോസിന്റേയും നഥാനിയേലിന്റേയും അനുഭവിച്ചറിവിലേക്കുള്ള വഴി. യേശു പീലിപ്പോസിനോട് പറഞ്ഞു: 'എന്നെ അനുഗമിക്കുക' യേശുവിനെ അനുഗമിച്ച പീലിപ്പോസ് യേശുവിനെ കണ്ടും അനുഭവിച്ചും പുതിയ അറിവിലേക്ക് വന്നു. തുടർന്ന് പീലിപ്പോസ് നഥാനിയേലിനോട് പറഞ്ഞു:

'മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിൽനിന്നുള്ള യേശുവിനെ, ഞങ്ങൾ കണ്ടു.' നഥാനിയേൽ ചോദിച്ചു: 'നസ്രത്തിൽനിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ?' പീലിപ്പോസ് പറഞ്ഞു: 'വന്ന് കാണുക.' അവനെ നഥാനിയേൽ കണ്ടറിയാനായി യേശുവിന്റെ അടുത്തേക്ക് പോയി. കണ്ടും അനുഭവിച്ചും അറിയുകയും ചെയ്തു.

യോഹ. 20:24-29 ൽ തോമാശ്ലീഹായുടെ അനുഭവിച്ചറിവിന്റെ കഥ പറയുന്നു. യേശു ഒരിക്കൽ ശ്ലീഹന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ തോമസ് അവരോടുകൂടി ഉണ്ടായിരുന്നില്ല. ഞങ്ങൾ കർത്താവിനെ കണ്ടു എന്ന് മറ്റുള്ളവർ പറഞ്ഞിട്ടും തോമസ് വിശ്വസിച്ചില്ല. അടുത്ത തവണ യേശു പ്രത്യക്ഷപ്പെടുമ്പോൾ തോമസും കൂടെയുണ്ടായിരുന്നു. യേശു തോമസിനോട് പറഞ്ഞു: 'നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക, എന്റെ കൈകൾ കാണുക, നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വെക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.' തോമസ് പറഞ്ഞു: 'എന്റെ കർത്താവേ, എന്റെ ദൈവമേ.' നോക്കൂ, കണ്ടറിവും അനുഭവിച്ചറിവും ഉണ്ടാക്കുന്ന മാറ്റം!

കരിസ്മാറ്റിക് ധ്യാനം ഒരു തട്ടിപ്പുപരിപാടിയാണെന്ന് പറയുകയും ആ തട്ടിപ്പുകൾ കണ്ടുപിടിച്ച് വിളിച്ചു പറയാൻ തീരുമാനിക്കുകയും ചെയ്ത പലരും അതിനായി കരിസ്മാറ്റിക് ധ്യാനത്തിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷേ, അവരിൽ ചിലർ ഒന്നാംതരം കരിസ്മാറ്റ്ക് ധ്യാനശുശ്രൂഷകരായി മാറി! കേട്ടറിവിൽ വിശ്വസിച്ചിരുന്നില്ല അവർ. ചില കേട്ടറിവുകൾ വ്യാജവുമായിരുന്നു. കണ്ടറിഞ്ഞപ്പോൾ കാര്യം മാറി. വചന ശുശ്രൂഷകരായി മാറിയില്ലെങ്കിലും അനേകം പേർ കരിസ്മാറ്റിക് ധ്യാനം കൂടിയപ്പോൾ വലിയ വിശ്വാസത്തിലേക്കും ദൈവാനുഭവത്തിലേക്കും വന്നു. ധ്യാനം കൂടുന്നതിന് മുമ്പ് അവരിൽ പലരും വളരെ മോശമായി ജീവിച്ചിരുന്നവരാണ്. ജോബിന്റെ പുസ്തകം 42:5 ഇങ്ങനെയാണ്: അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു.'

നമ്മുടെ ആത്മീയ ജീവിതത്തിന്റെ ഒരു മുഖ്യപ്രശ്നം ഇതാണ്. നമുക്ക് കേട്ടറിവേ ഉള്ളൂ; കണ്ടറിവ് കുറവാണ്. അനുഭവിച്ചറിവ് അതിലും കുറയും. കർത്താവ് എത്രയോ നല്ലവനാണെന്ന് നിങ്ങൾ തന്നെ അനുഭവിച്ചറിയുവിൻ എന്ന് വിശുദ്ധഗ്രന്ഥം പറയുന്നു. അനേകം വൈദികരുടെയും സിസ്റ്റർമാരുടെയും സൺഡേ സ്കൂൾ അധ്യാപകരുടെയും കൈക്കാരന്മാരുടെയും പള്ളി കമ്മറ്റിക്കാരുടെയും പ്രശ്നം ഇതാണ്.

അവരുടെ ആത്മീയജീവിതം പ്രധാനമായും കേട്ടറിവിന്റെ വെളിച്ചത്തിലാണ്. അവരിൽ പലരും കണ്ടറിവിലേക്കും അനുഭവിച്ചറിവിലേക്കും വന്നപ്പോൾ ആത്മീയ ജീവിതത്തിലും ജീവിതശൈലിയിലും മാറ്റങ്ങൾ സംഭവിച്ചു. രോഗങ്ങൾ, തകർച്ചകൾ, ഒറ്റപ്പെടലുകൾ, കുറ്റപ്പെടുത്തലുകൾ, ഏകാന്തത തുടങ്ങി പല പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴാണ് ചിലർ അനുഭവിച്ചറിവിലേക്ക് വരുന്നത്. നല്ല സുഹൃത്തുക്കളുടെ പ്രാർത്ഥന, മാതൃക, പ്രചോദനം തുടങ്ങിയ കാരണങ്ങളാൽ അനുഭവിച്ചറിവിലേക്ക് വന്നവരും ഉണ്ട്.

## Share Your Experience

CMIssion invites articles from missionaries and pastors around the world. Share your news, views and experience from the missionay and pastoral fields. They will inspire your co- workers and friends elsewhere. Special welcome to Seminarians and future missionaries to share their dreams through these columns.

You can Write in English or Malayalam. You can send the photos of your pastoral and missionary experience, by attached file through E-mail.

***E-mail: cmimission4u@gmail.com***

Fr. Sunil Jose Kizhakkayil CMI
Chief Editor
St. Mary’s Monastery,
Elthuruth P.O, Thrissur- 680 611
Mob: 09447781288
E-mail: suniljosecmi@gmail.com

Fr. George Thanchan CMI
Managing Editor
CMI Prior General’s House
Chavara HIills, P.B. No. 3105
Kakkanad, Kochi - 682 030
thanchang@gmail.com

**our blog- cmiglobal.blogspot.in**

# ഹൃദയ വിശാലതയുടെ ചാവറയച്ചൻ



**ഫാ. ജോസഫ് സെബാസ്റ്റ്യൻ ഈന്തംകുഴി**

സ്വാഗമാം സ്വാതന്ത്ര്യ സ്വർഗ്ഗത്തിലേക്കെന്റെ സ്വപ്നാടന ഭൂമിയാം പൊൻനാടുണരട്ടെ എന്ന് ഭാരതത്തിന്റെ കവി ടാഗോർ പാടുന്നതിനും വളരെ ദശകങ്ങൾക്കു മുമ്പ് ഈ ചിന്താധാരയുൾക്കൊണ്ട് അത് പ്രവൃത്തിപഥത്തിലെത്തിച്ച, 19-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ കേരളത്തിൽ ജീവിച്ച ശക്തനായ സാമൂഹിക വിദ്യാഭ്യാസ പരിഷ്കർത്താവായിരുന്നു മാന്നാനം കുന്നിന് മാറ്റു കൂട്ടിയ കുട്ടനാടിന്റെ പൊന്നുമകനായ കർമ്മയോഗി ചാവറയച്ചൻ. ഇന്ന് സി.എം.ഐ., സി.എം.സി. സന്യാസസഭകളിലൂടെ അങ്ങ് കാശ്മീർ മുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന വിദ്യാഭ്യാസ ശൃംഗലയുടെ നീണ്ട നിര ഈ ധീര കർമ്മയോഗിയുടെ കരുത്തുറ്റ നിലപാടിന്റെ ബാക്കിപത്രമാണ്.

ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ ഏവരെയും ഒരു കൂരയുടെ കീഴെ വിദ്യ അഭ്യസിപ്പിക്കാൻ ശ്രമിക്കുകയും അതിലൂടെ കൊച്ചു കേരളത്തിന്റെ അകകണ്ണ് തുറപ്പിക്കാൻ ചാവറയച്ചൻ എടുത്ത നിശ്ചയം ഭാരതത്തിന്റെയും ഒപ്പം ലോകത്തിന്റെ അതിർത്തികൾ വരെയും ഈ കൊച്ചു കേരളത്തിന്റെ യശസ്സ് ഉയർത്തിക്കാട്ടുന്നു. ധീരനായ ഈ കർമ്മയോഗിയെ ബലിപീഠ വണക്കത്തിനായി ആനയിക്കുന്ന വിശുദ്ധ നാമകരണ പ്രക്രിയയുടെ നാൾവഴികളിലേക്ക് ആകാംക്ഷയോടെ പ്രാർത്ഥനാപൂർവ്വം ഉറ്റ് നോക്കാൻ ശ്രമിക്കുന്ന നമുക്ക് അദ്ദേഹത്തിന്റെ ധീരതയെയും ഹൃദയ വിശാലതയെയും കേരളത്തിന്റെ അന്നത്തെ സാമുദായിക സാമൂഹിക പശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ ഒന്ന് മാറിനിന്ന് കാണാൻ ശ്രമിക്കാം.

ആ പുണ്യദേഹത്തിന്റെ കർമ്മമണ്ഡലത്തിൽ വിരിഞ്ഞ പൂക്കളെല്ലാം, അതായത് അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ട മതഗ്രന്ഥങ്ങളും, സന്യാസ പരിശീലന കേന്ദ്രത്തിൽ ഉയിർക്കൊണ്ട വിശുദ്ധിയുടെ പരിമളവും, ഉപവിശാലകളിൽ രൂപപ്പെട്ട നന്മയും, തൂലികയിൽനിന്നും ഉതിർന്നു വീണ കാവ്യങ്ങളുമൊക്കെ മതത്തിന്റെ വേലിക്കെട്ടുകൾക്കുള്ളിൽ വിദ്യാഭ്യാസം വലിപ്പചെറുപ്പമില്ലാതെ ഒരു മുറിയിൽ പങ്കുവയ്ക്കണമെങ്കിൽ അന്നത്തെ സാമൂഹിക സാമുദായിക വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്ന ചങ്കൂറ്റം, ജാതിവ്യത്യാസങ്ങൾ ശക്തമായി ജീവിക്കുന്ന

ഇന്നിന്റെ ഭാരതത്തിൽപോലും എത്രമാത്രം അപകടം നിറഞ്ഞതാണെന്ന് ഓർക്കാം.

കേരളത്തിൽ സുറിയാനി കത്തോലിക്കർക്ക് 19-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ലഭ്യമായ വിദ്യാഭ്യാസമേഖലയിലേക്ക് ഒന്നു കണ്ണോടിച്ചാൽ ചില സുപ്രധാന കാര്യങ്ങൾ മനസിലാക്കാൻ കഴിയും. ഉദയംപേരൂർ സൂനഹദോസിനു ശേഷം കേരള സുറിയാനി കത്തോലിക്കരുടെ വിദ്യാഭ്യാസത്തിന്റെ തലേവര മാറി എന്നു പറയാം. പ്രാർത്ഥനയിലും ആരാധനാക്രമത്തിലും മാറ്റം ഉണ്ടായതോടൊപ്പം വിദ്യാഭ്യാസമേഖലയിലും സൂനഹദോസിന്റെ ഇടപെടലുകൾ കാര്യമായി ഉണ്ടായി. മറ്റു മതങ്ങളിലെ ഗുരുക്കന്മാരിൽനിന്നും വിദ്യ അഭ്യസിക്കുക, നമ്മുടെ മതത്തിൽപ്പെട്ട ഗുരുക്കന്മാർ മറ്റു മത വിശ്വാസികളായ കുട്ടികൾക്ക് വിദ്യ പകരുക, തുടങ്ങിയ തിരുത്തലുകൾ അന്നത്തെ വളരെ ചുരുങ്ങിയ വിദ്യാഭ്യാസ ലഭ്യതയെ ദോഷകരമായി ബാധിച്ചെന്ന് പറയാതിരിക്കാനാവില്ല. സൂനഹദോസിനു ശേഷവും ഭരണത്തലപ്പത്ത് ഏറിയവർ സൂനഹദോസിന്റെ തീരുമാനങ്ങളെ കാര്യക്ഷമമായി നടപ്പിലാക്കുകവഴി വിദ്യാഭ്യാസ മേഖലയിൽ കാര്യമായ ക്ഷാമമുണ്ടായി എന്ന് ചിന്തിക്കാതെതരമില്ല. ഒപ്പം വിദേശമിഷനറിമാർ സുറിയാനിസഭയുടെ ഭരണം വിടുന്നതുവരെ വിദ്യാഭ്യാസമേഖലയിൽ കാര്യമായ പ്രയോജനം അവരിൽ നിന്നും ഉണ്ടായിട്ടില്ല. ഇഗ്നേഷ്യസ് പേർസിക്കോ (Ignatius Persico) കുറിച്ചുവച്ച ചരിത്രപരമായ ഒരേടിൽ ഇപ്രകാരം നാം വായിക്കുന്നു. "സുറിയാനി കത്തോലിക്കരെ ഭരിച്ച കർമ്മലീത്ത മിഷനറിമാർ അവർക്ക് ഭരമേൽപ്പിക്കപ്പെട്ടിരുന്ന സുറിയാനിക്കാരുടെയും സുറിയാനി വൈദികരുടെയും വിദ്യാഭ്യാസ മേഖലയിൽ കാര്യമായ ശ്രദ്ധ ചെലുത്തിയിരുന്നില്ല. കൃഷിയിലും കച്ചവടത്തിലും മാത്രം നിപുണരായ സുറിയാനിക്കാരുടെ രീതികൾ മാറ്റി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ മിഷനറിമാർ അശേഷം ശ്രദ്ധ ചെലുത്തിയിരുന്നില്ല." ചാവറയച്ചന് മുമ്പ് സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിന്നും പ്രതിഭാസമ്പന്നരായ ഏതെങ്കിലും വ്യക്തികൾ വിദ്യാഭ്യാസ മേഖലയിൽ എത്തിപ്പെടാതിരിക്കാനുള്ള കാരണവും ഇതൊക്കെത്തന്നെയായിരിക്കണം.

കേരളത്തിന്റെ ചരിത്ര പശ്ചാത്തലം മനസിലാക്കുമ്പോൾ 19-ാം നൂറ്റാണ്ടിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റങ്ങൾ തുടങ്ങുന്നത് വിദേശ മിഷനറിമാരുടെ വരവോടെയാണ്. അതുവരെ കുടുംബങ്ങ

ളുടെ കീഴിൽ നടത്തുന്ന പഠന രീതി "കുടിപ്പള്ളിക്കൂടമെന്നും" ഒരു ആശാന്റെ കീഴിൽ അഭ്യസിക്കുന്ന വിദ്യ "ആശാൻ കളരി" എന്നുമാണ് അറിയപ്പെട്ടിരുന്നത്. സംസ്കൃതമായിരുന്നു മുഖ്യമായും പഠിപ്പിച്ചിരുന്നത്- അതും ജാതി മേൽക്കോയ്മ അനുസരിച്ച് മതസംബന്ധമായ പഠനത്തിനു മാത്രം. പുറം ലോകത്തേക്ക് അറിവിന്റെ ജാലകം തുറന്നുകൊടുക്കാൻ മുഖ്യധാര പഠനമായിരുന്ന സംസ്കൃത ഭാഷാപഠനം തികച്ചും അപര്യാപ്തമായിരുന്നു.

കേരള ചരിത്രത്തിന്റെ ഏടുകൾ മറിച്ചാൽ തിരുവിതാംകൂറിന്റെ റാണി ഗൗരിപാർവ്വതിഭായി തമ്പുരാട്ടി 1819-ൽ ഇറക്കിയ വിളമ്പരത്തിലൂടെ പ്രാദേശിക ഭാഷ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടെങ്കിലും അധികകാലം കഴിയും മുമ്പെ വിവിധ കാരണങ്ങളാൽ ഇവയെല്ലാം അടച്ചുപൂട്ടപ്പെട്ടതിനാൽ ഇച്ഛിച്ച ഫലപ്രാപ്തി കൈവരിക്കാനായില്ല. ഇതിനുശേഷം സ്വാതിതിരുനാൾ മഹാരാജാവിന്റെ ശ്രമഫലമായിട്ടാണ് തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള നാന്ദി കുറിക്കപ്പെടുന്നത്. ഇതിനായി നാഗർക്കോവിൽ സെമിനാരിയുടെ ഹെഡ്മാസ്റ്ററായിരുന്ന റവ. റോബർട്ടിനെ കൊണ്ടുവന്ന് 1834-ൽ ഒരു സ്കൂൾ ആരംഭിച്ചു. 1818-ൽ മട്ടാഞ്ചേരിയിൽ റവ. ഡാസെൻ ആണ് കൊച്ചിയിലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ തുടങ്ങുന്നത്. 1848-ൽ മലബാറിലെ കല്ലായിലാണ് ബേസൽ മിഷൻ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ തുറക്കുന്നത്. തെക്കൻ തിരുവിതാംകൂറിൽ ലണ്ടൻ മിഷനറി സൊസൈറ്റിയും (LMS), മധ്യതിരുവിതാംകൂറിൽ ചർച്ച് മിഷൻ സൊസൈറ്റിയും (CMS). മലബാറിൽ ബേസൽ ജെർമൻ ഇവാഞ്ജലിക്കൽ മിഷനുമാണ് കേരളത്തിൽ അന്നത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ചുക്കാൻ പിടിച്ചത്.

തിരുവിതാംകൂറിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനം 1816 ൽ CMS സഭ അവരുടെ വൈദിക പരിശീലനത്തിനായി ആരംഭിച്ച സ്കൂൾ പിന്നീട് 1866-ൽ കോളേജ് ആയി ഉയർത്തിയതാണ്. നമ്മൾ ഇപ്പോൾ കണ്ട വിദ്യാഭ്യാസ മുന്നേറ്റങ്ങളൊക്കെയും 19-ാം നൂറ്റാണ്ടിലെ പുരോഗമനപരമായ സാധ്യതകളായി കണക്കിലെടുക്കുമ്പോഴും ഇതൊക്കെയും കേരളത്തിലെ സാധരണക്കാരന്റെ കയ്യെത്തും ദൂരത്തിനപ്പുറമായിരുന്നു.

ഇങ്ങനെയുള്ള കേരളത്തിന്റെ സാഹചര്യത്തിലാണ് സമൂഹ നന്മയെപ്പറ്റി തീക്ഷ്ണമായി എരിഞ്ഞുകൊണ്ട് ചാവറയച്ചന്റെ വരവ്. ഭാരതത്തിലെ പ്രഥമ ഏകദ്ദേശീയ സന്യാസ സഭയുടെ ചുക്കാൻ പിടിച്ച്

തന്റെ സമൂഹത്തിന്റെ മുഴുവൻ ആളും അർത്ഥവും താൻ ജീവിക്കുന്ന ചുറ്റുപാടിന്റെ ഉപരി നന്മയ്ക്കായി കാഴ്ചവച്ച് ആ കർമ്മയോഗി രംഗം സജീവമാക്കുന്നത്. അദ്ദേഹത്തിന്റെ വിശാല മനസ്സും, നിരീക്ഷണങ്ങളും, ചെയ്തികളും അന്നത്തെ സമൂഹത്തിന്റെ പുരോഗതിയിലേക്കുള്ള കുതിപ്പിന്റെ ആക്കം കൂട്ടി.

തനിക്കും തന്റെ പൂർവ്വികർക്കും അപ്രാപ്യമായിരുന്ന വിദ്യാഭ്യാസത്തിന്റെ ഇടനാഴികൾ എല്ലാവർക്കുമായി തുറന്നിടുക വഴി പുതിയ തലമുറയുടെ തലേവര മാറ്റി വരയ്ക്കുകയായിരുന്നു. അന്ന് ചാവറയച്ചൻ എളിയ രീതിയിൽ മുഴക്കിയ മാറ്റത്തിന്റെ ശംഖൊലി നൂറ്റാണ്ടുകളിലൂടെ ബഹുദൂരം സഞ്ചരിച്ച് പലമടങ്ങ് വർദ്ധിച്ച് ഇന്നും ഭാരതത്തിന്റേയും പ്രത്യേകിച്ച് കേരളത്തിന്റെയും വിദ്യാഭ്യാസ മേഖലയിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു. ആ കർമ്മയോഗിയുടെ ധീരവും വിശുദ്ധവുമായ നിലപാടുകളിൽ അടിയുറച്ച് ഇന്നും CMI, CMC സഭകൾ ഏറ്റെടുത്ത് നടത്തുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഭാരതത്തിലെ സമൂഹത്തിന്റെ സുസ്ഥിതിക്കായി അവിരാമം യത്നിച്ചുകൊണ്ടിരിക്കുകയാണ്. സുറിയാനി കത്തോലിക്കരെ കേരള മണ്ണിൽ ഒരു ഉറച്ച ശക്തിയായി മാറ്റി ഒത്തൊരുമയൊടെ കൊണ്ടുവരാൻ ഇത്തരം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അളവറ്റ് സഹായിച്ചിട്ടുണ്ട്. നമ്മുടെ ബലങ്ങൾ തിരിച്ചറിഞ്ഞ് മനസിന്റെ കോട്ടകൾ സുദൃഢമാക്കാൻ ഈ കർമ്മയോഗിയുടെ നിലപാടുകൾ ഒട്ടൊന്നുമല്ല സഹായിച്ചിരിക്കുന്നത്.

മാന്നാനം കൊവേന്തയുടെ സ്ഥാപനത്തിന്റെ 15-ാം വർഷത്തിൽ, അതായത് 1846-ൽ ചാവറയച്ചൻ കൊവേന്തയോടു ചേർന്ന് ഒരു സംസ്കൃത സ്കൂൾ ആരംഭിച്ചു. സംസ്കൃതം പഠന ഭാഷയായി തിരഞ്ഞെടുക്കാൻ കാരണമായത് ഒരുപക്ഷേ ഇംഗ്ലീഷ് ഭാഷ Protestant ചിന്താഗതികൾ നമ്മുടെ മണ്ണിൽ വളരാൻ കാരണമാക്കുമോ എന്ന ഭയമായിരിക്കാം. ഉദയംപേരൂർ സൂനഹദോസിന്റ പശ്ചാത്തലവും ഇതിനു നിദാനമായി ചൂണ്ടിക്കാട്ടാൻ കഴിയുന്നതാണ്. അതുപോലെ അന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ സംസ്കൃതത്തിനുണ്ടായിരുന്ന പ്രാധാന്യവും, വേദഭാഷയെന്ന ചിന്തയും, സവർണ്ണ മേധാവിത്വത്തിനുള്ള മുൻതൂക്കവും മറ്റും സംസ്കൃതത്തെ വിദ്യാഭ്യാസ ഭാഷയായി പരിഗണിക്കാൻ ചാവറ പിതാവിനെ പ്രേരിപ്പിച്ചു എന്നു വേണം അനുമാനിക്കാൻ. ചാവറ പിതാവിന്റെ സമകാലികനായ പാറപ്പുറത്ത് വർക്കിച്ചൻ ഇങ്ങനെ എഴുതുന്നു. "മാന്നാനം കൊവേന്തയുടെ ഭാഗമായി ഇപ്പോൾ ഒരു സംസ്കൃത സ്കൂൾ സ്ഥാപിച്ചു. കൊവേന്തയിലെ

അച്ചന്മാരും ചുറ്റുവട്ടത്തെ കുട്ടികളും ഇവിടെ പഠിക്കാനെത്തുന്നു. സംസ കൃതത്തിലും മലയാളത്തിലും നിപുണനായ വാര്യർ സമുദായത്തിലെ ഒരു അദ്ധ്യാപകനെ പഠിപ്പിക്കാനായി തൃശൂരിൽ നിന്നും ഇവിടെ കൊണ്ടു വന്നിട്ടുണ്ട്."

മാന്നാനത്തെ സംസ്കൃത സ്കൂൾ വിജയമെന്നു കണ്ട ചാവറയ ച്ചൻ കൂടുതൽ ഊർജ്ജസ്വലതയൊടെ തന്റെ വിദ്യാഭ്യാസ പ്രവർത്തന മേഖല സമൂഹത്തിനു താഴെക്കിടയിലുള്ള ആളുകളിലേക്കും വ്യാപി പ്പിക്കാൻ ശ്രമം ആരംഭിച്ചു. കേവലം സാമ്പത്തിക സഹായത്തിലൂടെ മാത്രം തന്റെ സമൂഹത്തിന്റെ കഷ്ടതയ്ക്ക് അറുതി വരുത്താമെന്ന് ചാവറയച്ചൻ ചിന്തിച്ചില്ല. മറിച്ച് വിദ്യാഭ്യാസമാണ് അതിനുള്ള യഥാർത്ഥവഴിയെന്ന് തിരിച്ചറിഞ്ഞതിന് ഉത്തമ ഉദാഹരണമാണ് മാന്നാ നത്തെയും ആർപ്പുക്കരയിലെയും സ്കൂളുകൾ. ഈ രണ്ടു ശ്രമങ്ങളും അന്നത്തെ സമൂഹത്തിന്റെ അടിത്തട്ടിലുള്ള നിർധനരായ മനുഷ്യമന സുകളിലേക്ക് പ്രതീക്ഷയുടെ പൊൻപ്രഭ വീശി കടന്നുവന്ന പ്രഭാത നക്ഷത്രങ്ങളായിരുന്നു. ആർപ്പൂക്കരയിലെ സ്കൂളിന്റെ സ്ഥാപനത്തെ പ്പറ്റി പാറപ്പുറത്ത് വർക്കിച്ചൻ കുറിച്ചുവച്ചിരിക്കുന്നത് നോക്കാം. "മാന്നാനം സ്കൂളിന്റെ പണികൾ ആരംഭിച്ചതോടെ പുലയ സമുദായ ത്തിൽ നിന്നും മതം മാറിയവർക്കായി ഒരു പള്ളിയും സ്കൂളും പണി യുന്നതിനായി ആർപ്പുക്കര തുരുത്തുമാലിക്കുന്നിൽ ഒരു സ്ഥലം ചാവ റയച്ചൻ നോക്കിവച്ചു."

അങ്ങനെ ഭാരതത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമായി താണ ജാതി ക്കാരെയും ഉയർന്നവർക്കൊപ്പം ഒരു കൂരയ്ക്കുകീഴിൽ സംസ്കൃതം അഭ്യസിപ്പിച്ച് അവരെയും മനുഷ്യരായി കണ്ട് തൊട്ടുതീണ്ടൽ എന്ന ഹിംസയ്ക്ക് നേരെ കർമ്മം കൊണ്ടും ധീരമായ നിലപാടുകൾ കൊണ്ടും ചാവറയച്ചൻ പ്രതികരിച്ചു.

19–ാം നൂറ്റാണ്ടിന്റെ സാമൂഹിക പശ്ചാത്തലത്തിൽ ഒരു സ്കൂൾ തുട ങ്ങുക എന്നതു തന്നെ വിപ്ലവകരമായ കാര്യമാണ്. എന്നാൽ കേവലം ഒന്നോ രണ്ടോ ചെറിയ പള്ളിക്കൂടങ്ങൾ കൊണ്ട് തൃപ്തിയടയാതെ ഉയർന്ന വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ചിന്ത ചാവറ പിതാവിൽ അങ്കു രിച്ചു. സാമൂഹിക പരിഷ്ക്കരണത്തിനുള്ള ഏക മാർഗ്ഗം വിദ്യാഭ്യാസ മാണെന്നും ഉയർന്ന വിദ്യാഭ്യാസം നൽകുക വഴി സുറിയാനി കത്തോ ലിക്കരുടെയും ഒപ്പം മറ്റുള്ളവരുടെയും സമഗ്രമായ വളർച്ചയാണ് അദ്ദേഹം വിഭാവന ചെയ്തത്. ഈ ചിന്തയെ പിൻച്ചെന്ന് പ്രവൃത്തി

പഥത്തിൽ എത്തിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുന്ന അവസരത്തിലാണ് കേരള സഭയ്ക്ക് ബിഷപ് റോക്കോസിന്റെ വരവ്. റോക്കോസിനെ നേരിടാൻ കേരള സുറിയാനി കത്തോലിക്ക സഭ പരാജയപ്പെടുന്നു എന്നു തിരിച്ചറിഞ്ഞപ്പോൾ സഭാ ഭരണം കയ്യാളുന്നവർ ഒന്നടക്കം എടുത്ത തീരുമാനമാണ് ഏവർക്കും സമാരാധ്യനായ ചാവറയച്ചനെ റോക്കോസിനെതിരായ സമര മുഖത്തേക്ക് അയയ്ക്കുന്നത്. 1861 ൽ ആർച്ചുബിഷപ് ബർണഡിനോസ് ചാവറയച്ചനെ കേരള സുറിയാനി കത്തോലിക്കാ സഭയുടെ വികാരി ജനറാളായി നിയമിച്ചു. ഈ നിയമന പ്രകാരം ചാവറയച്ചന്റെ വസതി കൂനമ്മാവിലേക്ക് മാറി. 30 വർഷത്തിലേറെ താമസിച്ചിരുന്ന സ്ഥലവും ചുറ്റുപാടും പരിചയിച്ച രീതികളും മാന്നാനംകുന്നും അതിനോടു ചേർന്നു കണ്ട സ്വപ്നവുമൊക്കെ അനുസരണത്തിന്റെ ഈ മഹാത്യാഗിക്ക് മാറ്റിവയ്ക്കേണ്ടിവന്നു. പുതിയ ജോലിയുടെ ഭാഗമായി വന്ന തിരക്കുള്ള ജീവിതക്രമങ്ങളും ഉത്തരവാദിത്വങ്ങളും മാന്നാനം കുന്നിലെ കോളേജ് എന്ന സ്വപ്നത്തെ പൊലിച്ചു കളഞ്ഞു.

വികാരി ജനറാൾ എന്ന ജോലി വിദ്യാഭ്യാസത്തിലൂടെ സാമൂഹിക നവോത്ഥാനം എന്ന ചിന്തയ്ക്ക് പുതിയ ചിറകു നൽകി എന്നു ചിന്തിക്കുന്നതായിരിക്കും ഉചിതം എന്ന് പിന്നീടുള്ള അദ്ദേഹത്തിന്റെ നിലപാടുകളിൽ നിന്നും നടപടികളിൽ നിന്നും മനസിലാക്കാം. നൂറു ശതമാനം സാക്ഷരതയിൽ ഊറ്റം കൊള്ളുന്ന മലയാളികളിൽ നമ്മുടെ വളർച്ചയുടെ നാൾ വഴിയിലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ ചാവറയച്ചൻ എന്ന അതികായന്റെ ബലിഷ്ഠമായ തീരുമാനങ്ങളുടെ സുദൃഢമായ അടിത്തറ കാണാൻ കഴിയും. “ഓരോ പള്ളിയോടും കൂടി ഒരു പള്ളിക്കൂടം ഉണ്ടാകണം അല്ലെങ്കിൽ പള്ളി അടച്ചു പൂട്ടും” എന്ന കൽപന പുറപ്പെടുവിക്കാൻ വേണ്ട ആർജവത്വവും ഹൃദയ വിശാലതയും സമൂഹ നന്മയെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ ഉത്കണ്ഠ വെളിവാക്കുന്നതാണ്. സ്വന്തം കൈപ്പടയിൽ വിരചിതമായ ഈ കല്പനകൊണ്ട് ഒരു ദേശത്തിന്റെ മുഴുവൻ ജാതകമാണ് തിരുത്തി എഴുതപ്പെട്ടത്. ഇത്തരം ഒരു മഹത്തായ കല്പനയ്ക്കു ശേഷം കയ്യും കെട്ടി നോക്കി നിൽക്കുകയല്ല ചെയ്തത് മറിച്ച് ശരിയായ രീതിയിൽ ഈ ഉത്തരവ് നടപ്പിലാക്കപ്പെടുന്നുണ്ടോ എന്നു പരിശോധിച്ച് ഉറപ്പിക്കാൻ പള്ളിയോടു ചേർന്നുള്ള കൊവേന്തകളെ ചട്ടം കെട്ടിയിരുന്നു. അങ്ങനെയാണ് ഇന്നു കാണുന്ന രീതിയിൽ പള്ളിയും കൊവേന്തകളും പള്ളിക്കൂടവുമൊക്കെ ഒരു മതിൽക്കെട്ടിനുള്ളിൽ നമ്മൾ കാണുന്നത്.

വൈദികരെപ്പറ്റിയും അവരുടെ പരിശീലനത്തെയും വിദ്യാഭ്യാസത്തെയും കുറിച്ച് ചാവറയച്ചന് വ്യക്തമായ ധാരണകളുണ്ടായിരുന്നു. മതത്തിന്റെ വക്താക്കൾ പുരോഹിതരാണ്. ശരിയായ രീതിയിൽ വാർത്തെടുക്കപ്പെട്ട പുരോഹിതരാണ് മതത്തിന്റെ അടിത്തറ ബലിഷ്ഠമാക്കുന്നത്. ജനങ്ങൾക്ക് വ്യക്തമായ ധാരണയും അവബോധവും നൽകുന്നതും നല്ല വൈദികരാണ്. നമ്മൾ ഇന്നു കാണുന്ന രീതിയിലുള്ള പരിശലനം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത് തെന്ത്രോസ് സൂനഹദോസാണ് (1545-1563). പാശ്ചാത്യ രാജ്യങ്ങളിൽ സെമിനാരിക്കൊപ്പം തന്നെ പ്രമുഖങ്ങളായ പല വിദ്യാഭ്യാസ പഠന കേന്ദ്രങ്ങളും ഉയർന്നു വന്നിട്ടുണ്ട്. പാശ്ചാത്യ മിഷനറിമാർ ഇതിന് ചുവട് പിടിച്ച് ചില വൈദിക പരിശീലന കേന്ദ്രങ്ങൾ കേരളത്തിൽ സ്ഥാപിച്ചെങ്കിലും ചാവറപിതാവടക്കമുള്ള സുറിയാനി സഭയിലെ സിംഹഭാഗം വൈദികരും പരിശീലിപ്പിക്കപ്പെട്ടത് മല്പാന്മാരുടെ കീഴിലാണ്. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് വിദ്യാഭ്യാസം പൊതു ജനങ്ങൾക്കു നൽകിയ അതേ ഉണർവ്വിൽ നല്ല വിശുദ്ധിയും വിചിന്തനവുമുള്ള വൈദികരെ വാർത്തെടുക്കാനായി കൊവേന്തയൊടൊപ്പം സെമിനാരികൾ സ്ഥാപിക്കാൻ ചാവറയച്ചൻ ആഗ്രഹിച്ചു. സാമൂഹിക പുരോഗതിയുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ത്വരിത പ്രയാണത്തിൽ രാസത്വരിതങ്ങളാൽ തീക്ഷണതയും അറിവുമുള്ള വൈദികരുടെ സാന്നിധ്യം അത്യന്താപേക്ഷിതമാണ് എന്നുള്ള തിരിച്ചറിവിൽ നിന്നാണ് വിശുദ്ധിയും വിജ്ഞാനവുമുള്ള വൈദികരെ വാർത്തെടുക്കാനായി 1833ൽ മാന്നാനത്ത് ആദ്യത്തെ സുറിയാനി കത്തോലിക്കരുടെ വൈദിക പഠന കേന്ദ്രത്തിന് അദ്ദേഹം അടിത്തറയിട്ടത്. ഇതേ തുടർന്ന് 1866 ൽ വാഴക്കുളത്തും പിന്നീട് 1868 ൽ എൽത്തുരുത്തിലും സെമിനാരികൾ വൈദിക പരിശീലനത്തിനായി തുടങ്ങി. പുളിങ്കുന്നിൽ സെമിനാരി തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചെങ്കിലും 1872ൽ ചാവറ പിതാവിന്റെ മരണശേഷമാണ് ഈ സ്വപ്നം യാഥാർത്ഥീകരിക്കപ്പെട്ടത്. യൂറോപ്പിലേതു പോലെ തന്നെ മാന്നാനവും, വാഴക്കുളവും, പുളിങ്കുന്നുമൊക്കെ പിന്നീട് കേരളത്തിന്റെ വിദ്യാഭ്യാസത്തിന്റെ സിരാകേന്ദ്രങ്ങളായി മാറി.

സന്യാസ സഭകളുടെ സ്ഥാപനവും സഭ സ്ഥാപനത്തിലൂടെ വന്ന സ്ത്രീ ശാക്തീകരണവും മറ്റ് സാമുദായിക പ്രവർത്തനങ്ങളുമൊക്കെ സംഘടിതമായിട്ടുള്ള യത്നത്തിന്റെ ഫലമായിരുന്നെങ്കിൽ വിദ്യാഭ്യാസവും അതിലൂടെ കൈവന്ന സൂമൂഹിക പരിഷ്കരണവും സ്വന്തം സ്വപ്നങ്ങളെ പിൻചെന്നതിന്റെ വ്യക്തമായ നിലപാടുകളുടെയും ധീര

മായ തീരുമാനങ്ങളുടെയും കർമ്മ ധീരതയുടെയും അനിവാര്യ ഫല മായിരുന്നു. കേരള സമൂഹത്തിന്റെ ഉന്നമനത്തിന് ഊടും പാവും നെയ്യുന്നത് വിദ്യാഭ്യാസം എന്ന ഒറ്റമൂലിയിൽ നിന്നുമാണെന്ന് തിരിച്ചറിഞ്ഞപ്പോൾ മുതൽ അതു മാത്രമായിരുന്നു ആ ദീർഘദർശിയുടെ സ്വപ്നവും. കർമ്മലീത്ത സഭയുടെ കേരളത്തിന്റെ ആദ്ധ്യാത്മിക മണ്ഡലത്തിൽ വെളിച്ചം വീശിയപ്പോൾ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ നിലപാടുകളും അതിനായി ഒഴുക്കിയ രക്തവും കണ്ണുനീരും വിയർപ്പുതുള്ളികളും കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിന്റെ പുത്തൻ ഏടുകളായി മാറി. വിദ്യാഭ്യാസം എങ്ങനെയായിരിക്കണമെന്ന് കൃത്യമായി വീക്ഷണമുണ്ടായിരുന്ന ചാവറയച്ചൻ ഇങ്ങനെ കുറിക്കുന്നു. “കുട്ടികൾ കാര്യങ്ങൾ മനസിലാക്കുവാൻ പ്രാപ്തിയാകുമ്പോൾ തന്നെ അവരെ പള്ളിക്കൂടങ്ങളിലേക്ക് അയക്കണം. എല്ലാ ഞായറാഴ്ചകളിലും അവരുടെ പഠന നിലവാരത്തെ കൃത്യമായി പരിശോധിക്കണം. തന്റെ പള്ളിയിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവരുടെ ഇടയിലെ പാവങ്ങളുടെ വിദ്യാഭ്യാസ ചിലവുകൾ വഹിക്കാൻ അദ്ദേഹം ഉത്തരവാദിത്വപ്പെടുത്തിയിരുന്നു. സ്വന്തം മേൽനോട്ടത്തിൽ തുടങ്ങിയ പള്ളിക്കൂടങ്ങളുടെ ദൈനംദിന ചിലവുകൾ സ്വന്തമായി കണ്ടെത്താൻ വേണ്ട മാർഗ്ഗവും അദ്ദേഹം കൈകൊണ്ടിരുന്നു.

ചാവറയച്ചന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ അദ്ദേഹം തുടങ്ങിവച്ച പള്ളിക്കൂടങ്ങളുടെ സംഖ്യയല്ല പ്രസക്തമാക്കുന്നത്, മറിച്ച് അന്നത്തെ സമൂഹമനസിലേക്ക് അദ്ദേഹം കൊളുത്തിയ തിരിയുടെ വെട്ടമാണ്. ഇന്ന് അതൊരു പന്തമായി മാറിയെങ്കിൽ, വിദ്യാഭ്യാസം സമൂഹ പുരോഗതിയിലേക്കുള്ള പാതയിൽ പ്രസക്തമെന്നു മനസിലാക്കി അതറിഞ്ഞ് പ്രവർത്തിക്കാൻ കാണിച്ച കർമ്മ കുശലത എക്കാലവും ശ്ലാഘനീയമാണ്. എന്തു ബുദ്ധിമുട്ടുകൾ സഹിച്ചും പള്ളിയോടും കൊവേന്തയൊടുമൊപ്പം പള്ളിക്കൂടങ്ങൾ സ്ഥാപിക്കുക വഴി ആ ചുറ്റുവട്ടത്തെ ജനങ്ങളുടെ സ്വപ്നങ്ങൾക്ക് ചിറക് നൽകാൻ അദ്ദേഹം ധൈര്യപ്പെട്ടിരിക്കുന്നു. ജീവിതത്തിൽ ഒരു സ്വപ്നമുണ്ടാവുകയും ആ സ്വപ്നം സാക്ഷാൽക്കരിക്കാൻ ത്യാഗം ചെയ്യുകയും ചെയ്ത യുഗപുരുഷനായിരുന്നു ചാവറയച്ചൻ. ആ വിശുദ്ധനായ കർമ്മയോഗിയെ ബലിപീഠത്തിലെ വണക്കത്തിന് നമ്മുടെ മുന്നിലേക്ക് എത്രയുംവേഗം എത്തിക്കാൻ സർവ്വേശ്വരനോട് പ്രാർത്ഥിക്കാം.

# CANONIZATION
# NOVEMBER 23, 2014, AT THE VATICAN

## New Carmelite Saints from Kerala, India



**Blessed Chavara CMI**

*Founder,*
*CMI & CMC Religious Congregations*
Kerala, India




**Blessed Euphrasia CMC**

*Congregation of Mother of Carmel*
Kerala, India

# Italian Blesseds to be Canonized along with Bl. Chavara, Bl. Euphrasia on November 23,2014



**Blessed Amato Ronconi**
*Third Order of St. Francis*
*Italian*



**Blessed Ludovico de Casoria**
*Founder, Fransican Sisters of St. Elizabet*
*Italian*




**Blessed Nicola Da Longobardi**
*Oblate of the Order of Minims*
*Italian*



**Blessed Giovanni Antonio Farina**
*Founder, Sisters of the Sacred Hearts*
*Italian*

# എന്നു സ്വന്തം ചാവറയച്ചൻ



ഫാ. ജോൺ മണ്ണാറത്തറ സി.എം.ഐ

വത്സല മക്കളേ,

തലമുറകൾ കഴിയുമ്പോൾ പൂർവ്വികർ വിസ്മരിക്കപ്പെടും. അങ്ങനെ വരുമ്പോൾ അന്യമാകുന്നത് നമുക്ക് ജീവൻ പകർന്നു തന്നവരാകും. അകലെയാകുന്നത് നമ്മെ ചേർത്തു പിടിച്ചവരും. അതുകൊണ്ടാണ് ഒരു ഘട്ടത്തിൽ കുടുംബപുരാണംപോലെ ഞാൻ നാളാഗമങ്ങൾ എഴുതിയത്. നമ്മെ നാമാക്കിയവരെ ഓർക്കാൻ. നാളാഗമത്തിൽ ചരിത്രമുണ്ട്. സ്മരണകളുണ്ട്. ഒരു കാലഘട്ടത്തിന്റെ ഹൃദയത്തുടിപ്പുകളുണ്ട്. ഓർമ്മകളാണ് നമ്മെ മനുഷ്യരാക്കുന്നത്. മറവി മരണമാണ്.

ഞാൻ ജീവിക്കേണ്ടത് ഇനി നിങ്ങളുടെ ഓർമ്മകളിലൂടെയാണ്. കൈനകരിയിലെ എന്റെ പ്രിയപ്പെട്ട മക്കൾക്ക് എഴുതിയ കത്തിനെയാണ് ഞാനിവിടെ അനുസ്മരിക്കുന്നത്. അതെടുത്ത് കൂടെക്കൂടെ വായിക്കുക. ജീവിതത്തിനും കാലത്തിനും നേരെ പിടിച്ച കണ്ണാടിയല്ലേ എഴുത്ത്. അമ്മയിൽ നിന്നു പഠിച്ചതും മല്പാൻമാരിൽനിന്നും ഗ്രഹിച്ചതും ജീവിതത്തിൽ കണ്ടതും കേട്ടതും പലപ്പോഴായി പ്രസംഗിച്ചതും എല്ലാം ഈ കത്തെഴുതാൻ എന്നെ സ്വാധീനിച്ചിട്ടുണ്ട്. നിങ്ങൾ കുടുംബങ്ങളിൽ അനുഷ്ഠിക്കേണ്ട മാർഗ്ഗരേഖയാണ് സുദീർഘമായ ഈ കത്ത്. അതിപ്രകാരമാണ് തുടങ്ങുന്നത്:

“നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബത്തിലെ അംഗങ്ങൾ സ്നേഹത്താൽ തമ്മിൽതമ്മിൽ കെട്ടപ്പെട്ട്, അധികാരികളോടുള്ള ആദരവിലും അനുസ്മരണത്തിലും, ദൈവത്തോടും മനുഷ്യരോടുമുള്ള സമാധാനത്തിലും, ഓരോരുത്തരും നിത്യഗതി പ്രാപിക്കുന്നതിനാവശ്യമായ പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുമ്പോഴത്രെ, കുടുംബമാകുന്നത്. ദുഃഖങ്ങളുടെ സ്ഥലമായിരിക്കുന്ന ഈ ലോകത്തിൽ ഉണ്ടാകാവുന്ന ഓരോരോ ഞെരുക്കങ്ങൾക്കും സങ്കടങ്ങൾക്കും മധ്യെ, പരസ്പരം അനുഭവവേദ്യമാക്കുന്ന ആശ്വാസത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും അവർണ്ണനീയമാധുര്യം നുകർന്ന്, ആരോടും പ്രതികാരബുദ്ധി പുലർത്താതെ, ക്രമാനുസൃതം ജീവിക്കുക എന്നതത്രെ കുടുംബത്തെ സ്വർഗ്ഗസമമാക്കുന്നത്.”

മനസ്സിന്റെ തീരത്തുനിന്നും കാലത്തിന്റെ തിരകൾ എന്റെ വാക്കുകളേയും അപഹരിച്ചിട്ടുണ്ടാകും. ഭൂതകാലസ്മരണകൾ സജീവമാക്കുന്ന മടങ്ങിവരവ് നടത്താൻ ജനിമൃതികൾക്കു സാക്ഷ്യം വഹിക്കുന്ന ദൈവം വീണ്ടും എന്നെ അനുഗ്രഹിക്കുന്നു. എന്റെ എളിയ ജീവിതത്തിന് മരണശേഷം നൽകുന്ന വിശുദ്ധ പദവി നിങ്ങളിലേക്ക് ദൈവകൃപയെ എത്തിക്കുന്നതിനുള്ള മാർഗമാകും.

സഭാഗാത്രത്തെ ഛിന്നഭിന്നമാക്കുന്ന ശക്തികളെ അന്നും ഞാൻ നേരിൽ കണ്ടതാണ്. സത്യവിശ്വാസത്തിൽ നിന്നും നിങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന വ്യാഖ്യാനങ്ങളും സ്വാധീനങ്ങളുമായി റോക്കോസ് പോലുള്ളവർ ഈ നാട്ടിൽ എത്തിയിട്ടുണ്ട്. പരമ്പരാഗതമായി നാം അനുഷ്ഠിച്ച വിശ്വാസത്തെയാണ് അവർ ക്ഷതപ്പെടുത്താൻ ശ്രമിച്ചത്. ക്രിസ്തുവിനാൽ സ്ഥാപിച്ചുറപ്പിച്ചിട്ടുള്ള വിശ്വാസം വീണ്ടും വീണ്ടും സ്ഥിരീകരിക്കപ്പെടുവാൻ ഇത്തരം കോളിളക്കങ്ങൾ ഉപകരിച്ചിട്ടേ ഉള്ളൂവെന്ന് ഞാൻ കരുതുന്നു. വിശ്വാസസമൂഹത്തെ കരവലയത്തിൽ ചേർത്തു നിർത്താൻ ഞാൻ നന്നേ ക്ലേശിച്ചിട്ടുണ്ട്. സമൂഹത്തിനു അന്തച്ഛിദ്രം സംഭവിക്കാതിരിക്കാൻ മുട്ടിൻമേൽ നിന്നു കരഞ്ഞു പ്രാർത്ഥിച്ചിട്ടുണ്ട്. ഇടയശ്രദ്ധയില്ലാതെ വിശ്വാസ സമൂഹത്തിൽ നിന്നും ആരും നഷ്ടപ്പെടരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു.

'അനസ്ത്യാസ്യയുടെ രക്തസാക്ഷ്യം' ഞാൻ എഴുതിയത് വിശ്വാസത്തെ ദുർബ്ബലപ്പെടുത്തുന്ന ചരിത്ര മുഹൂർത്തത്തിലാണ്. വിശ്വാസം വീരോചിതമായി ഒരു കന്യകയിൽ പരിണമിക്കുന്നതിനെയാണ് ഞാനിതിൽ പ്രതിപാദിക്കുന്നത്. വിശ്വാസം കാക്കാൻ മരിക്കുന്നത് ആത്മസമർപ്പണമായി കാട്ടാനായിരുന്നു അത്. ക്രിസ്തു എന്നും നമുക്കു മണവാളനാണ്. മരണം സ്നേഹത്തിന്റെ ആവിഷ്ക്കാരവും ഉയിർപ്പിന്റെ കവാടവുമാണ്. രക്തത്തിലാണ് നാം പിറക്കുന്നത്. വിശുദ്ധിയിലേക്കുള്ള പിറവിയും രക്തത്തിലൂടെയാണ്. രക്തസാക്ഷ്യത്തിലൂടെയാണ്. വിശ്വാസക്ഷയം ഉണ്ടാകുമ്പോഴൊക്കെ രക്തസാക്ഷികളെയും വിശുദ്ധരെയും ഓർക്കുക.

വിധവകളുടെ ജീവിതം എന്നെ അലട്ടിയിട്ടുണ്ട്. സ്വപ്നക്കൂടുകളിൽ തനിച്ചാക്കപ്പെട്ടവർ. ഉപജീവനത്തിനു പണി അന്വേഷിക്കുന്ന ചെറുപ്പക്കാരായ സ്ത്രീകൾ. അവരെയൊക്കെ ഞാൻ കൈത്തൊഴിലുകൾ പഠിപ്പിച്ചു. അവർക്ക് അതൊരാശ്വാസമായി. ഇല്ലായ്മയിൽതന്നെ ഒരു പനമ്പു വീടുണ്ടാക്കി ഒരു സന്ന്യാസിനീസമൂഹത്തിനു രൂപം നൽകി.

ഇതാണ് ഏതദ്ദേശീയ സന്യാസിനീ സമൂഹങ്ങളായി രൂപപ്പെട്ട സി.എം.സിയും സി.ടി.സിയും. വലിയ സമൂഹങ്ങളായി അതിനെ ദൈവം വളർത്തി. സ്വന്തം ദൈന്യതയല്ല മറ്റുള്ളവരുടെ ദൈന്യതയാണ് ഇന്നിവരെ സമർപ്പിതരാകാൻ പ്രേരിപ്പിക്കുന്നത്. ലെയോപ്പോൾദ് മൂപ്പച്ചനും പിന്നെയങ്ങോട്ട് അനേകം ആത്മീയനിയന്താക്കളും ഈ സന്യാസിനീ സമൂഹത്തിന് ആർജവം പകർന്നിട്ടുണ്ട്. ഒഴിവാക്കാനാവാത്ത സഹനത്തിന്റെ കാസ അൽഫോൻസാമ്മയെയും തേടിയെത്തിയപ്പോൾ അതിന്റെ പ്രഹേളികാ സൗന്ദര്യം ആത്മാവിനു നൽകുന്ന ചാരുതയെ വ്യക്തമാക്കിക്കൊടുത്തത് റോമുളൂസച്ചനാണ്. കർമ്മലീത്താ സഭാംഗമായിരുന്നു അച്ചനും. ദൈവപദ്ധതിയെ ഗ്രഹിക്കാൻ ആത്മാവിനു പ്രകാശം കിട്ടിയതുകൊണ്ടാണ് റോമുളൂസച്ചന് അതിനു കഴിഞ്ഞത്. എന്റെ ആത്മപുത്രിയായി ജീവിച്ചുകടന്നുപോയ എവുപ്രാസിയാമ്മയെ എന്നോടൊപ്പം ദൈവം വിശുദ്ധപദവിയിലേക്കുയർത്തി. ഭാരതസഭയോടു ദൈവം കാട്ടിയ അതിരില്ലാത്ത സ്നേഹമാണിത്. സുവിശേഷത്തിന് സാക്ഷ്യം നൽകാൻ അവർ നടത്തിയ എളിയ ശ്രമത്തിനാണ് ഇത്ര വലിയ അനുഗ്രഹം സഭവഴി കിട്ടിയിരിക്കുന്നത്.

പള്ളിയോടു ചേർന്ന് പള്ളിക്കൂടം എന്നത് അറിവിന്റെ വ്യാപനത്തിനും സംലഭ്യതക്കും മാത്രമായിരുന്നില്ല. മറിച്ച് ആത്മീയ പരിസരത്തുവേണം നമ്മുടെ കുട്ടികളെ വിദ്യ അഭ്യസിപ്പിക്കാൻ എന്നുള്ളതുകൊണ്ടുകൂടിയാണ്. നമ്മുടെ സ്കൂളുകൾ ജാതിമത ഭേദമില്ലാതെ എല്ലാവർക്കും വേണ്ടിയാണ്. വിവേചനം ഒരാത്മീയതയും അംഗീകരിക്കുന്നില്ല. കുഞ്ഞുങ്ങൾ നിങ്ങളുടെ കൈകളിൽ സൂക്ഷിക്കാൻ ദൈവം തന്നിട്ടുള്ള വലിയ നിധികളാണ്. ദൈവഭയത്തിൽ അവരെ വളർത്തി നല്ല വഴിയേ നയിക്കുകയെന്ന ദൗത്യമേ നിങ്ങളെ ഏൽപ്പിച്ചിട്ടുള്ളൂ. പക്വത വന്ന മക്കളെ സ്വന്തം ജീവിതത്തിന്റെ സുപ്രധാന തീരുമാനങ്ങളെടുക്കാൻ അനുവദിക്കുന്നതും പരിശീലിപ്പിക്കുന്നതും നിങ്ങളുടെ കടമയാണ്. വിവാഹത്തിന്റെ കാര്യത്തിൽ പോലും അവർക്കു സ്വാതന്ത്ര്യം നൽകണം.

അച്ചടിശാല നിർമ്മിച്ച് പുസ്തകങ്ങൾ നിങ്ങൾക്കു നൽകാൻ ഞാൻ നടത്തിയ അക്ഷരസപര്യ നിങ്ങൾ കേട്ടിട്ടുള്ളതാണ്. നേടിയ അറിവും സാങ്കേതിക വിദ്യയും ചിലർ കുത്തകയായി അന്നും കരുതി പോന്നിരുന്നു. ഏതദ്ദേശീയ അച്ചടിശാല നിർമ്മിക്കാൻ ഞാൻ നടത്തിയ പരിശ്രമങ്ങൽ ഫലവത്താകണമെങ്കിൽ വായനയിലും പഠനത്തിലും പ്രാർത്ഥനയിലും നിങ്ങളും അത്യുത്സാഹമുള്ളവരാകണം.

അച്ചടിക്കു മുമ്പ് കൈപ്പടയിൽ സ്വയം എഴുതിയാണ് ഞാൻ പലയിടത്തായി പുസ്തകങ്ങൾ എത്തിച്ചത്. സമയവും സാവകാശവും ആവശ്യപ്പെടുന്ന ഈ ഉദ്യമം ഞാൻ ഏറ്റെടുത്തത് സാക്ഷരകേരളം സ്വപ്നം കണ്ടുകൊണ്ടാണ്. എന്റെ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ ദൈവം എനിക്കു വഴികാട്ടിത്തന്നുകൊണ്ടിരുന്നു. 'വിറകുണ്ട്; ബലിമൃഗമെവിടെ'യെന്ന് ഐസക് ചോദിക്കുമ്പോൾ അബ്രഹാം പറയും 'അത് ദൈവം തരു'മെന്ന്. അസാധ്യമെന്നു കരുതുന്നതെല്ലാം നല്ല നാളേക്കു വേണ്ടി ഏറ്റെടുക്കേണ്ട വെല്ലുവിളികൾ ആണെന്നു ഞാനറിഞ്ഞു. അച്ചടി മഷിക്കുവേണ്ടി ഞാൻ പള്ളിയിൽ നിന്നും പ്രാർത്ഥിച്ചിറങ്ങുമ്പോൾ ഒരു ചേർപ്പുങ്കൽ ഇട്ടി തന്റെ കൈവശമുള്ള സമ്പാദ്യം എന്നെ ഏൽപ്പിച്ചു. ദൈവം നടത്തിത്തരും. കടുകുമണിയുടെ വിശ്വാസം മതി പ്രവർത്തനത്തിനു ഇന്ധനമാകുവാൻ.

അമ്മയോടുള്ള താഴ്മയായ വണക്കം നിങ്ങൾ കുടുംബങ്ങളിലും വ്യക്തിജീവിതത്തിലും അനുഷ്ഠിക്കണം. അമ്മ എനിക്കാരായിരുന്നു എന്നറിയാൻ എന്റെ ആത്മകഥാകാവ്യമായ 'ആത്മാനുതാപം' വായിച്ചാൽ മതി. എന്നെ വെച്ചൂർ പള്ളിയിൽ മാതാവിനു അടിമവയ്ക്കുന്നിടം മുതൽ ഞാൻ മാതൃദാസനായിരുന്നു. സന്ധ്യാജപം കൂടാതെ രാത്രിയിലും അമ്മ ഉറക്കമുണർന്ന് മുട്ടിൻമേൽ നിന്നു പ്രാർത്ഥിക്കുമ്പോൾ ബാലനായിരുന്ന ഞാനും എഴുന്നേറ്റ് അമ്മയോടൊപ്പം കൂടും. കൊന്തനമസ്കാരം ഒരേ സമയം മാതൃഭക്തിയും സുവിശേഷത്തിന്റെ പുനരാവിഷ്കാരവുമാണ്. അതുകൊണ്ട് ജപമാലയെ ചരടിൽ തൂക്കിയിട്ട വേദപുസ്തകമെന്ന് ഞാൻ വിളിച്ചു.

കുറച്ചുമാത്രം ചോദിക്കുകയും കുറച്ചുമാത്രം എടുക്കുകയുമായിരുന്നു എനിക്ക് ജീവിതനിയമം. നമുക്കവകാശപ്പെട്ടതും അത്യാവശ്യമുള്ളതു പോലും അല്പാൽപം ത്യജിക്കുമ്പോൾ സമാഹരിക്കപ്പെടുന്നതാണ് അപരന് അന്നമാകുന്നത്. പിടിയരി എന്നു ഞാൻ വിളിച്ച ഈ വിഭവ സമാഹരണം പങ്കുവെയ്ക്കലിന്റെ ഒരു കർമ്മ പദ്ധതിയായിരുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിൽ സമാധാനപരമായ സഹവർത്തിത്വം സാധ്യമല്ല. ഐശ്വര്യലോകം പിറവിയെടുക്കുന്നത് അപരനോടുള്ള അനുകമ്പയിലാണ്. ഒരു സൽപ്രവൃത്തിയെങ്കിലും ചെയ്യാത്ത ദിവസം ഒരുവന് ജീവന്റെ പുസ്തകത്തിൽ എണ്ണപ്പെടുകയില്ലെന്ന് ഞാൻ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

വിശക്കുന്നവന്റെ മുന്നിൽ ഈശ്വരൻ അപ്പമായി അവതരിക്കും. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. ജീവിതത്തിലെ ദുരിതങ്ങളും വിഹ്വലതകളും ഈശ്വരാന്വേഷികളാകാനാണ് നാം ഉപകരിപ്പിക്കേണ്ടത്. വിശുദ്ധരെ 'അത്ഭുതപ്രവർത്തകരാ'യിമാത്രം കാണരുത്. ദൈവത്തിന്റെ എളിയ ദാസരും ദൈവത്തിന്റെ ഉപകരണങ്ങളുമാണവർ. ദൈവം അറിയാതെ ജീവിതത്തിൽ ഒന്നും സംഭവിക്കില്ലെന്ന് ഞങ്ങളെപ്പോലെ നിങ്ങളും അറിയുക.

എന്ന് സ്വന്തം ചാവറയച്ചൻ

## ചാവറപ്പിതാവിന്റെ വിശുദ്ധപദ പ്രഖ്യാപനത്തിന് ഒരുക്കമായുള്ള പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ഞങ്ങളുടെ പിതാവായ ചാവറ കുര്യാക്കോസ് ഏലിയായേയും എവുപ്രാസ്യാമ്മയേയും വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുവാൻ തിരുമനസ്സായതിനെയോർത്ത് അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. അവരുടെ ജീവിത മാതൃക അനുസരിച്ച് പ്രാർത്ഥനയിലൂടെയും പ്രവർത്തനങ്ങളിലൂടെയും ദൈവത്തെ മഹത്വപ്പെടുത്തുവാനും ദൈവജനത്തെ ശുശ്രൂഷിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കേണമെ.

സ്നേഹപിതാവായ ദൈവമേ, റോമിലും ഞങ്ങളുടെ നാട്ടിലും നടക്കുന്ന നാമകരണ നടപടികൾക്ക് യാതൊരു തടസ്സവും വരാതെ എല്ലാ സാഹചര്യങ്ങളേയും അനുകൂലമായി ഒരുക്കിത്തരേണമെ. ചാവറ വർഷമായി ആചരിച്ചുകൊണ്ട് വിശുദ്ധപിതാവിന്റെ ജീവിത മാതൃകകളെയും സന്ദേശങ്ങളെയും ഞങ്ങളിലും ഞങ്ങളിലൂടെ മറ്റുള്ളവരിലും പങ്കുവയ്ക്കുവാൻ നടത്തുന്ന പരിശ്രമങ്ങളെ വിജയിപ്പിക്കേണമെ. ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യാമറിയമെ, വിശുദ്ധ യൗസേപ്പിതാവെ, മാർത്തോമ്മാശ്ലീഹായെ, വിശുദ്ധ ഫ്രാൻസീസ് സേവ്യറെ, ഞങ്ങളുടെ അപേക്ഷകളെ പരിശുദ്ധ ത്രിത്വത്തിൻ മുമ്പാകെ സമർപ്പിക്കേണമെ.

**ആമ്മേൻ.**

**(1സ്വ., 1ന., 1ത്രി.)**

# *Kshitij* : A Voice to the Voiceless



**Bro. Bonis Karottukizhakkel CMI**

Recently, I read a heart-rending quote in one of the national dailies:-

"If you have food in your fridge, clothes on your body
A roof over your head and a place to sleep
You are richer than 75% of the entire world.
If you have
Money in your wallet, a little change
And you can go anywhere you want
You are among the top 18% of the world's wealthy people.
If you
Are alive today with more health than illness,
You are more blessed than the million people
Who will not survive this week and die.
If you
Can actually 'read' this message and understand it,
You are more fortunate than 3 billion people in the world
Who cannot see, cannot read or suffer mental abnormalities.
Life is not about complaining about pain and sorrows. It is about a thousand other reasons to thank our Creator!!!
Thank you God for what we have!
Thank you God for what we are called for! Amen!!!

Everything mentioned is touching but my dewy eyes were closely swirling with the people who have eyes, yet don't see; have ears, yet don't hear; people who have no roof over their head to sleep, who will not survive this week and die, sick and afflicted, people who are abandoned, downcast, churned and ruined.

Yes… people! Flung wide and far, born into toil, blood and dream.

No one wants their life thrown into chaos. But sometime by fate, like a slip of grip, a man falls and like a slip of tongue, a man gets caught. Yes, fate leads some to the darkest room of their existence where they are stardust, swirling and dancing in the eddies and whirlpools of infinity. Yes, some people are flung far and wide, born into blood, toil and dream.

And we see them in our markets, footpaths, railway stations and other so many places pleading day and night like Lazarus, covered with sores longed to satisfy their hunger with what fall from the rich man's table. They are so many falling victims to vice such as alcohol, drugs and so on, yearning for a comeback as in the story of the Prodigal Son. There are so many men and women like the widow in the Bible, who kept coming to Jesus, saying; "Grant me justice against my opponent". For a while, if we take our glance to our surroundings, we can see them: the lost sheep, prodigal sons and the Lazarues; they are the *Akashaparavakal:* birds that lost their wings to fly. They are the people who forgot to dream… just live by fate and corned to the darkest rooms of their existence and they don't care about the social protocols. They just lost faith in God's divine justice and feel more comfortable by being just what they are. Their voices get dropped into whisper in the noise.

*Khishitij*, a new mission initiative of Chanda Province, is an abode of *Akshaparavakal* who lost their original colors of life. The word, *'kshitij'* means horizon: of hope, love and life. Horizon is a meeting place of sky and the earth. *Kshitj* is a place where the *Akshsaparavakal* stop for a moment to encounter each other, to meet, to share and to love and for them; it is a little parenthesis is infinity.

*Kshitij* is situated in a small village called Jam, which is around 45 km away from Nagpur. *Kshitij*, surrounded by the lush and green fields with wheat pulse, garlic, vegetables gives a perfect ambiance of a North Indian look. And the growing *Ashoka* trees and the bushes add more beauty to the environment.


He is in his 70s, tall and thin, and with a smile always on his face. Always there to welcome whoever comes to *Kshitij*, everyone there called him 'Major'. He is so passionate in speaking and he tells of everything under the sky: about his military service, of his bungalow

## Pope Francis' Vision


Pope Francis issued a bold new document, his first apostolic exhortation, called *Evangelii Gaudium* or "The Joy of the Gospel" on 24 November 2013. What is Francis' vision for the church? It is to be a joyful community of believers completely unafraid of the modern world, completely unafraid of change and completely unafraid of challenges. Not everyone will like this document. Some may find it frightening. For it poses a fierce challenge to the status quo – explicitly: "Pastoral ministry in a missionary key seeks to abandon the complacent attitude that says: 'We have always done it this way,' "he writes in a section titled "Ecclesial Renewal." The document's overall message is that Catholics should be unafraid of new ways of proclaiming the Gospel and new ways of thinking about the church. In fact, such new ways are essential if we are to spread the Gospel at all. This may sound like boilerplate talk expected in a document on the "New Evangelization," but it is not; for in the document Francis identifies areas of petrification in the church, areas where he wants to see real change. This is not to say that the *Evangelii Gaudium* seeks to overturn traditional church teachings. Instead it seeks to overturn the way that we have done things, and to be fearless in doing so. For example, while he reaffirms the church's inability to ordain women as priests, he also invites the church to think about their place in the church in new ways, to imagine "the possible role of women in decision–making in different areas of the Church's life"




**Members of 37th General Synaxis during the first session at Chavara Hills, Kakkanad (6 April 2014)**




The FLAT Mission Team



Fr. Augustine Ananilayil CMI in his Mission Station in Madagascar



Mar George Cardinal Alanchery, Major Archbishop, with
Fr. Joshy Mayamparampil CMI (Parish Priest), after the blessing of
St. Thomas Syro Malabar Church, Kolkata, on 7 May 2014



Newly built Catholic Church in Palithana, Gujarat.
(Priest in charge – Fr. Mathew Kalathoor CMI)



FIAT team with CMI missionaries in Madagascar



FIAT team with CMI missionaries in Kenya

# വന്ദ്യപിതാവേ, ചാവറയച്ചാ പ്രണാമം



**അഗസ്റ്റ്യൻ മ്ലാവരയിൽ സി.എം.ഐ**

വാഴ്ത്തപ്പെട്ട ചാവറയച്ചൻ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തപ്പെടാൻ ഇനി അധികനാളില്ല. വിശുദ്ധിയും വിജ്ഞാനവും വിവേകവും ഒരുപോലെ സമ്മേളിക്കുന്ന ആ ധന്യാത്മാവിന്റെ നൻമനിറഞ്ഞ ജീവിതത്തിലേക്ക് ഒരു എത്തി നോട്ടം എന്തുകൊണ്ടും അർത്ഥവത്താണ്. വാഴ്ത്തപ്പെട്ട ചാവറകുര്യാക്കോസ് ഏലിയാസച്ചൻ എങ്ങും സ്മരിക്കപ്പെടുന്നത് ചാവറയച്ചൻ എന്ന സംക്ഷേപസുന്ദരമായ പേരിലാണ് പ്രചാരമാർന്ന ആ ചുരുക്കപ്പേരിൽ അദ്ദേഹത്തോട് ഭക്തിപൂർവ്വം മാധ്യസ്ഥ്യം യാചിക്കുന്ന ജനലക്ഷങ്ങളുടെ മനസ്സിൽ സ്നേഹാദരവുകൾ മാത്രം.

കേരളം ചാവറയച്ചന് നൽകിയ വിശേഷണങ്ങൾ പലതാണ്: ജാതിമത വർഗ്ഗവർണ്ണ വിചാരങ്ങളുടെ ചേരിതിരിവു കൊണ്ടു വികലമായിരുന്ന കേരളചരിത്രത്തിന്റെ ഗതിയെ 66 വർഷത്തെ തന്റെ വിശുദ്ധ ജീവിതംകൊണ്ട് തിരുത്തിക്കുറിച്ച ഒരു യുഗ സ്യഷ്ടാവ്, താഴ്ന്ന ജാതിക്കാരനും ഉയർന്ന ജാതിക്കാരനും ഒരേ ബഞ്ചിലിരുന്ന് വിദ്യയഭ്യസിക്കുന്ന ഒരു സമത്വകേരളത്തെ സ്വപ്നം കണ്ട് ജാതി മതഭേദമന്യേ ആർക്കും പ്രവേശിക്കാവുന്ന സംസ്കൃത വിദ്യാലയം സ്ഥാപിച്ച് വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച ദീർഘദർശി, അറിവും ആത്മീയതയും ആയുധമാക്കിയ സാഹിത്യകാരൻ, പത്തൊൻപതാം നൂറ്റാണ്ടിന്റെ കേരളസഭാചരിത്രത്തെ ദൈവീകമായ പ്രഭ കൊണ്ട് അനുഗ്രഹിച്ച വൈദികസാനിധ്യം, ഭാരതത്തിന്റെ പുരോഹിതപുണ്യം ഇങ്ങനെ പോകുന്നു ആ ശ്രേഷ്ഠ വൈദികന് കാലം ചാർത്തിക്കൊടുത്ത വിശേഷണങ്ങൾ.

ഈശോയുടെ ശുശ്രൂഷാപദങ്ങളെ അതീവ ജാഗ്രതയോടെ അനുധാവനം ചെയ്ത ചാവറയച്ചൻ നടന്നു നീങ്ങിയ വഴികൾ, ഈശോയുടെ പിന്നാലെ പോകുന്ന ആർക്കും മാർഗ്ഗദീപമാണ്. അച്ചന് ജീവിക്കാനും സ്നേഹിക്കാനും വ്യക്തമായ ചില കാരണങ്ങൾ ഉണ്ടായിരുന്നു. തന്നെ സ്യഷ്ടിച്ച് പരിപാലിക്കുന്ന ദൈവത്തിന്റെ മഹത്ത്വത്തിനായും സഹോദരങ്ങളായ സഹജീവികളുടെ നൻമയ്ക്കായും സ്വജീവിതത്തെ ആത്മാർപ്പണം ചെയ്യാൻ അദ്ദേഹം മനസായപ്പോൾ, ആ ജീവിതത്തെ 'പീഠത്തിൻമേൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു വിളക്കുപോലെ'അനേകർക്ക് വഴികാട്ടിയാകുന്ന പവിത്രമായ ഒരു അടയാള

മാക്കി ദൈവം മാറ്റി. " He lived for a divine cause and that itself made him live Virtuously" ദൈവദർശനം എന്ന നിധിക്കു വേണ്ടി വിലയേറി യതൊക്കെ ദൈവത്തിന്റെ പാദത്തിൽ അർപ്പിച്ച്, നിഷ്ഠയാർന്ന സന്യാസ വ്രതശുദ്ധിയുടെ ജീവിത ശീലുകളിലേക്ക് അച്ചൻ നടന്നു നീങ്ങിയപ്പോൾ, ആത്മാഭിഷേകത്തിന്റെ നിറവും മനുഷ്യസ്നേഹ ത്തിന്റെ നനവും ഉള്ള സന്യാസ പുരോഹിതനെയാണ് ദൈവം കത്തോ ലിക്കാസഭയ്ക്ക്, വിശിഷ്യാ ഭാരതസഭയ്ക്ക് സമ്മാനിച്ചത്.

മാന്നാനം കുന്നിൽ ആരംഭിച്ച സന്യാസ ഭവനത്തെ ചാവറയച്ചൻ ബേസ്റൗമ (Bethrouma) എന്നാണ് പേര് വിളിച്ചത്. 'ബേസ്റൗമ' എന്ന സുറിയാനി വാക്കിനർത്ഥം 'മലമുകളിലെ വീട്' എന്നാണ്. മലമുക ളിൽ ദൈവം ഒരുക്കിയ ആ സന്യാസ ഭവനത്തിൽ ദൈവത്തെ കണ്ടു മുട്ടിയ ചാവറയച്ചൻ പിന്നീട് വ്യാപൃതനായത് സഹോദരങ്ങളായ മനു ഷ്യർക്ക് ദൈവസ്നേഹവും കരുണയും പങ്കുവച്ച് കൊടുക്കുന്ന പവി ത്രമായ കർമ്മങ്ങളിലാണ്. ശാന്തമായ, എന്നാൽ അതിശക്തമായ ഇട പെടലുകൾ നടത്തിയാണ് അദ്ദേഹം കേരളക്കരയിലൂടെ നടന്നു നീങ്ങി യത്. ചാവറയച്ചന് ലഭിച്ചതുപോലെ ഒരു സ്നേഹാദരവ് കേരളത്തിലെ സാധാരണ ജനങ്ങളിൽനിന്ന് മറ്റൊരു ആത്മീയ ആചാര്യനും ലഭിച്ചിട്ടു ണ്ടാവില്ല. മാന്നാനം കുന്ന് കയറിപ്പോകുന്ന അച്ചനെ നോക്കി, അവി ടുത്തെ പാവപ്പെട്ട മനുഷ്യർ "പരിശുദ്ധാത്മാവ് നിറഞ്ഞ വലിയ പ്രിയോ രച്ചൻ" എന്ന് പറഞ്ഞിരുന്നു എന്ന് സമകാലികർ സാക്ഷ്യപ്പെടുത്തുന്നു.

നവസുവിശേഷവൽക്കരണത്തിന്റെ പുതിയ മാനങ്ങളെക്കുറിച്ച് ചിന്തിക്കുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും മാതൃകയാക്കാവുന്ന ദൈവരാജ്യപ്രഘോഷണത്തന്റെ രീതി മനോഹരമായി സംവേദിക്കു ന്നുണ്ട് അച്ചന്റെ ജീവിതം. ''പ്രാർത്ഥനയുടെ ഏകാന്തതയിൽ ദൈവത്തെ തെരയുകയും സഹോദരങ്ങളായ സഹജീവികൾക്ക് അറിഞ്ഞ ദൈവത്തെ പങ്കുവച്ചു കൊടുക്കുകയും ചെയ്യുക" ഇതായി രുന്നു ചാവറയച്ചന്റെ ആത്മീയ വീക്ഷണങ്ങളുടെ അകകാമ്പ്. ഈശോ യിലേക്ക് മടങ്ങിപ്പോകും മുമ്പ്, തന്റെ പിൻ തലമുറക്കാർക്കുള്ള സ്നേഹോപദേശങ്ങളിൽ അച്ചൻ ഇങ്ങനെ കുറിച്ചിട്ടു "മക്കളേ, ഈശോ യുടെ സ്നേഹത്തിൽ പാർപ്പിൻ, അവിടുത്തെ കൂടെ നടപ്പിൻ, അവി ടുത്തെ മുമ്പിൽ ഇരിപ്പിൻ, എപ്പോഴും അവിടുത്തോട് സംസാരിപ്പിൻ"

കേരളത്തിന്റെ 18, 19, നൂറ്റാണ്ടുകളിലെ ചരിത്രം അറിയുന്ന ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ് അച്ചന്റെ ബഹുമുഖങ്ങളായ സേവനങ്ങൾ. സി.എം.ഐ, സി.എം.സി. സന്യാസ സഭകളുടെ സ്ഥാപനം സംസ്കൃത

വിദ്യാലയത്തിന്റെ ആരംഭം, ജാതിമതഭേദമന്യേ ആർക്കും പ്രവേശിക്കാവുന്ന പള്ളിക്കുടങ്ങളുടെ സ്ഥാപനം, അഗതികൾക്ക് സംരക്ഷണം നൽകാൻ ഒരു പരസ്നേഹധർമ്മശാലയുടെ ആരംഭം, അച്ചടിശാലകൾക്ക് തുടക്കം കുറിക്കൽ, കേരളത്തിലെ കത്തോലിക്കാ വിശ്വാസത്തെത്തന്നെ തകർത്തുകളഞ്ഞേക്കാമായിരുന്ന റോക്കോസ് ശീശ്മയുടെ നിർമ്മാർജ്ജനം, ബലിയർപ്പണത്തിലൂടെയും ആത്മീയ പ്രഭാഷണത്തിലൂടെയും സമൂഹത്തെ ദൈവത്തിലേക്കടുപ്പിച്ച് തന്റെ പൗരോഹിത്യധർമ്മം ത്യാഗോജ്ജ്വലമായി നിറവേറ്റിയ അർപ്പിത മനസ്സ് ഇങ്ങനെ പോകുന്നു ആ ധന്യാത്മാവിന്റെ സ്നേഹസേവനങ്ങളുടെ സുവിശേഷയാത്ര.

ചാവറയച്ചന്റെ ബഹുതലസ്പർശിയായ സേവനങ്ങളുടെ നൻമയാണ് നമ്മിൽ പലരും ഇന്ന് നേടിയെടുക്കുന്ന വിദ്യാഭ്യാസ ഉന്നതിയുടെ തായ്‌വേര് എന്ന് ഒരിക്കലും മറക്കാതിരിക്കാം. ഏകദേശം ഒന്നര നൂറ്റാണ്ട് മുമ്പ്തന്നെ നമ്മുടെ സമൂഹത്തിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങളിലേക്കും ക്രിസ്തീയ വിശ്വാസത്തിന്റെ സംസ്കൃതിയിലേക്കും വെളിച്ചം വീശിയ ആ താപസവൈദികനെ നന്ദിപൂർവ്വം ഓർമ്മിച്ചെടുത്തില്ലെങ്കിൽ, ചരിത്രം മാപ്പു തരാത്ത അപരാധമായി അത് മാറും.

“ഒരു മനുഷ്യജന്മം കൊണ്ട് ഇത്രയേറെ കർമ്മങ്ങളോ?” എന്ന് അതിശയിച്ച് പോകത്തക്കവിധം അത്ര ശ്രേഷ്ഠമായാണ് ആ താപസ വൈദികൻ ജീവിച്ചു കടന്നുപോയത് അതിനാൽ മരണത്തിന് അതിരുകുറിക്കാനാവാത്ത ഒരു മഹാത്മാവായി അദ്ദേഹം മാറിയിരിക്കുന്നു. ആഗോളതലത്തിൽ അദ്ദേഹത്തിന്റെ വിശുദ്ധി പ്രഘോഷിക്കപ്പെടേണ്ടതാണ് എന്ന് ദൈവം ആദിയിലെ നിശ്ചയിച്ചുറപ്പിച്ചതുകൊണ്ട്, വിശുദ്ധനെന്ന് ഔദ്യോഗികമായി പേര് വിളിക്കപ്പെടുന്ന ദിനം ഇനി വിദൂരത്തല്ല. ചാവറയച്ചന്റെ ചിന്താശകലങ്ങളിൽ ശ്രേഷ്ഠമായ ഒന്ന് നമ്മെ പ്രചോദിപ്പിക്കട്ടെ “അന്യർക്ക് ഒരുപകാരമെങ്കിലും ചെയ്യാത്ത ദിനങ്ങൾ നിഷ്ചയമായും നിങ്ങളുടെ ആയുസ്സിന്റെ പുസ്തകത്തിൽ എണ്ണപ്പെടില്ല.”

പത്തൊൻപതാം നൂറ്റാണ്ടിന്റെ കേരളചരിത്രത്തെ ദൈവികമായ പ്രഭകൊണ്ടനുഗ്രഹിച്ച വൈദികസാനിധ്യമേ, ഞങ്ങളുടെ മനസിൽ അങ്ങേയ്ക്ക് മരണമില്ല. വിദ്യകൊതിക്കുന്ന ഞങ്ങളുടെ ഭാവി സുരക്ഷിതമാക്കുവാൻ, ഞങ്ങളുടെ മാതാപിതാക്കളുടെ സ്വപ്നങ്ങൾക്ക് പ്രതീക്ഷ നൽകുവാൻ, ക്രിസ്തീയ വിശ്വാസത്തിന്റെ ജീവിതസാക്ഷ്യം കൊണ്ട് പവിത്രമായ കർമ്മങ്ങൾ ചരിത്രത്തിന്റെ ആത്മാവിലർപ്പിച്ച ചാവറയച്ചാ, വന്ദ്യപിതാവേ, അങ്ങേയ്ക്ക് സ്നേഹപ്രണാമം.

# A Pushy Kind of Prelate



**Mark Barco, SJ**

Those blessed with opportunities of teaming with national or international movements, or done voluntary humanitarian services outside their territorial or cultural confines, would know just how much enrichment comes out of such a wide range of coverage. More than seeing new places, it's the meeting of many new faces and spontaneously interacting with them both at personal and apostolic levels - that enhances one's growth considerably. Surprises galore come in small and big packages, while challenges appear where least expected.

I criss-crossed the country and parts of S/S-E Asia, animating different groups – laity, Religious and clergy - on retreats and courses over a fifteen-year span. One of my longer term commitments included diocesan renewal programs. This meant having as base camp the Bishops' Houses for months on end. From there, our team would move from parish to parish to motivate people toward the forming of basic communities in their villages and neighbourhoods.

Rather than generalize, let me gladly list here complements and characteristics from my working with one of the Bishops in the early years of this New Millennium. Let's call him Bishop Blaise, for I believe he was quite a trail blazer.

- Amazing was his capacity to establish a rapport despite his inability to speak the local language with the fluency that others in his diocese were able to. (His transfer from the South was only upon his appointment as Bishop.)
- Neither his advanced age nor the vast area he covered for his engagements, diminished his capacity to write articles, or co-edit with me a series of theological compilations. Early morns were with the Lord-in-quiet, though often late back from his pastoral visits.

- He was far more used to leisurely chatting while at meals, enjoying the fun at table and even sharing some amusing incidents from his visits or his past, than excusing himself on grounds of feeling tired or sick from his many outreaches.
- Unlike the snail's pace at which church expansion is elsewhere, this Bishop's pushiness got his diocese to institutionally grow by leaps and bounds.
- AIDS being what it is, he set up centers and welfare programs for survivors.
- Putting aside the clutter and baggage that would ordinarily accompany anyone originating from traditional backgrounds, he took the challenge to make the necessary adaptations. Of the Sisters in ashrams, one has pilgrims of various beliefs seeking her 'darshan', though living for decades deep in the jungle.
- People of different religions coming to pray at the Indian-style cathedral, have marvelled at the over one thousand species of rare plants he would bring from his worldwide travels. Such variety has increased their faith. This hobby, rare for a Bishop, reminds us that green is not just a colour but a state of mind.
- Although it hasn't been always easy, he kept the religio-political climate healthy, clarifying or defending where necessary, at the table of dialogue. He let his diocese make inroads without locals feeling threatened or uneasy.
- The Bishop's House, conspicuous by its at-home atmosphere, enabled both visitors and the regular members feel at ease with him and one another.
- "Is there anything against the Faith?" was his only query to some front-pagers of the monthly bulletins that I'd write on his behalf. My 'no' was followed by his 'yes' to print, after his quick perusal of the same. Such pats have got me to a point

where my sixth book ‘Fanning Fires on Drifting Icebergs’ would also resurrect this Easter.

- Nuns, priests and seminarians clicked well with him, thanks to his fine blend of firm decision-making with warm inter-relating – knowing each by name.
- Ceaseless was his striving for minorities’ rights, but constant his care to shut off needless lights and dripping taps between residence and the office block.

This wonderful Bishop was fortunate to have been blessed with a worthy, dynamic successor – one well accepted and long known, and fluent with the local language, having been in that diocese since his seminary years.

In keeping with the innovative and inspirational ‘Bishop Blaise’, I break with the stereotype of spoon-feeding his *real* name here. C-Mission readers of the South-based Syro-Malabaris are instead invited to a participative wind-up to this article. A trio of clues would help know just who this tribute is about:

1. This Bishop headed just this one diocese for over a quarter century.
2. No quarterly other than C-Mission would be most fitting to publish this piece.
3. His initials are the same as that of a pioneer and trend-setter – a modern-day *Chavara of whom I’ve written some half a dozen articles about in C-Mission.

The first with the right guess via jesyvar@hotmail.com would have her/his name appear in the P.S. of my next round of kudos to *KEC’s Carmelites!

# രാജകുമാരിയിലെ രാജകുമാരൻ



ഫാ. പീറ്റർ കൊച്ചാലുങ്കൽ സി.എം.ഐ

ബഹുമാനപ്പെട്ട ജോസഫ് പരത്തപ്പിള്ളിയച്ചന്റെ സഹപാഠിയാണു ഞാൻ. ഇടുക്കിയിലെ രാജകുമാരിക്കാരനായ അദ്ദേഹം കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും രാജകുമാരനാണ്. സെമിനാരിക്കാലത്തുതന്നെ പാവങ്ങളോട് ആത്മാർത്ഥമായ സ്നേഹം കാണിച്ചിരുന്നു. ബാംഗ്ളൂരിലെ ധർമാരാം കോളേജിൽ ദൈവശാസ്ത്രം പഠിക്കുന്ന സമയത്ത് ആ പ്രദേശത്തുള്ള പാവപ്പെട്ടവരെ അദ്ദേഹത്തിനറിയാമായിരുന്നു. ഒന്നിനോടും ആസക്തിയില്ലായിരുന്നതുകൊണ്ട് കൈയിൽക്കിട്ടുന്നതെല്ലാം തനിക്കായി കരുതിവെക്കാതെ പാവപ്പെട്ടവർക്കും ആവശ്യക്കാർക്കും കൊടുത്തിരുന്നു.

സെമിനാരിക്കു പുറത്തുപോകുമ്പോൾ ഭക്ഷണസാധനങ്ങൾ പൊതിഞ്ഞുകൊണ്ടുപോയി ആവശ്യക്കാർക്ക് കൊടുത്തിരുന്നു. പട്ടിണിക്കാരെക്കണ്ടാൽ ഭക്ഷണം വാങ്ങിക്കൊടുത്തിട്ട്, വെറെ പണമില്ലാത്തിനാൽ പലപ്പോഴും നടന്നുപോന്നിരുന്നു. തന്റെ ഭക്ഷണത്തിൽനിന്നുപോലും മാറ്റിവെച്ച് വിശക്കുന്നവർക്ക് കൊടുത്തതിന് ഞാൻ സാക്ഷിയാണ്. മനുഷ്യരുടെ വേദനകളും ദുഃഖങ്ങളും ജോസഫച്ചനെ അതിയായി വേദനിപ്പിച്ചിരുന്നു. എന്നും അദ്ദേഹത്തിന് ഓരോ സംഭവങ്ങൾ ഞങ്ങളോടു പങ്കുവെക്കാനുണ്ടായിരുന്നു. നിർമലമായൊരു ഹൃദയത്തിന്റെ അടയാളമായിരുന്നത്.

താമസിച്ചാണ് സെമിനാരിയിൽ അദ്ദേഹം ചേർന്നത്. ഒരു കഠിനാധ്വാനിയായിരുന്നു അന്നും ഇന്നും. പഠനത്തിലൊക്കെ ഒരു ശരാശരിക്കാരൻ; പക്ഷേ, ആത്മാർത്ഥതയിലും മനുഷ്യസ്നേഹത്തിലും ഇത്രയേറെ നിറവ് കാണിച്ചിട്ടുള്ളവർ ചുരുക്കമാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. പറയുന്നത് ജീവിക്കുകയും ജീവിക്കുന്നതുമാത്രം പറയുകയും ചെയ്തിരുന്ന ജോസഫച്ചൻ, എന്റെ സെമിനാരി പഠനകാലത്ത് പലർക്കും പ്രചോദനമായിരുന്നു.

സെമിനാരിയിൽ ചേരുന്നതിനുമുമ്പ് അദ്ദേഹത്തിന് വാച്ച് നന്നാക്കാനറിയാമായിരുന്നു. അത് സെമിനാരിയിലും തുടർന്നു. അദ്ദേഹത്തിന്റെ മുറിയിൽ ഒരു ഡെപ്പി വച്ചിരുന്നു. വാച്ചു നന്നാക്കാൻ വരുന്ന

വർക്ക് ഇഷ്ടമുണ്ടെങ്കിൽ അതിൽ പണമിടാം. അങ്ങനെ കിട്ടുന്ന പണം ജോസഫച്ചൻ വർഷാവസാനം, വീടു നന്നാക്കാനായോ കുട്ടികളെ പഠിപ്പിക്കാനായോ കൊടുത്തിരുന്നു. ധർമ്മാരാമിലും പരിസരത്തുമുള്ള പ്ലാസ്റ്റിക്. കടലാസ്, ഉപയോഗിച്ച തുണി ഇവയെല്ലാം ശേഖരിച്ച് വിറ്റ് ആ പണവും അദ്ദേഹം ആവശ്യക്കാർക്ക് കൊടുത്തിരുന്നു.

ആരുമില്ലാത്ത രോഗികൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ ഉടനെ സൈക്കിളുമായിപ്പോയി അവരെ ആശുപത്രിയിലെത്തിച്ചിരുന്നു. ബാംഗ്ലൂരിലെ മറ്റൊരു മദർ തെരേസയായിരുന്നു ജോസഫ് പരത്തിപ്പിള്ളിയച്ചൻ. സി.എം.ഐ. മൈസൂർ പ്രൊവിൻസിൽ അദ്ദേഹം പ്രവർത്തിക്കുന്നു. ആഘോഷങ്ങളും ചെണ്ടകൊട്ടുമില്ലാതെ പ്രവർത്തിക്കുന്ന അദ്ദേഹത്തിന് തോൽവിയിൽ പരിഭവമില്ല. ദൈവത്തോടു മാത്രമേ പരിഭവപ്പെടൂ. അത് 'ഞാൻ നിന്നെ സ്നേഹിക്കുന്നു ദൈവമേ' എന്ന് ദൈവത്തോടു പറയാനുള്ള ഒരു കുറുക്കുവഴിയാണദ്ദേഹത്തിന്.

JESUS HEALS PETER'S MOTHER-IN-LAW



Jesus heals Peter's mother-in-law of a high fever, and she gets up and serves them at table.

4

# അറിവിന്റെ വരവുമായ്



**ജോബ് സ്രായിൽ**

2014 ജൂൺ രണ്ടിന് എഴുപത്തിയാറ് വയസ്സ് പൂർത്തിയാക്കുന്ന റവ. ഡോ. സിറിയക് ഏലിയാസ് കാണിച്ചായി സി.എം.ഐ. ദൈവം നൽകിയ സമയം എന്ന മഹാദാനത്തെ നന്നായി ഉപയോഗിച്ചു സഭയ്ക്കും സമൂഹത്തിനും ഏറെ സംഭാവന നൽകിയ വ്യക്തിയാണ്. ദൈവശാസ്ത്രത്തിലും സാമൂഹ്യശാത്രത്തിലും 33 ഗ്രന്ഥങ്ങൾ രചിച്ച ഇദ്ദേഹം കർദ്ദിനാൾ മാർ ബലേസിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവരുടെയും ഫാ. പോൾ അച്ചാണ്ടി, ഫാ. ജോർജ് പയസ്, ഫാ. വാൾട്ടർ തേലപ്പിള്ളി തുടങ്ങി മഹാരഥന്മാരായ പല വൈദികരുടെയും ഗുരുവുമാണ്.

1963-64 വർഷങ്ങളിൽ ബാംഗ്ലൂർ ധർമാരാം കോളേജിൽ തത്വശാസ്ത്രാധ്യാപകനായിരുന്നതിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ടു. തത്വശാസ്ത്ര ചരിത്രകാരനായ ഫ്രെഡറിക് കോപ്പിൾസ്റ്റന്റെ കീഴിൽ 'ആർ.ജി.കൊളിങ്ങ്വുഡ്സ് ഫിലോസഫി ഓഫ് ഹിസ്റ്ററി' എന്ന വിഷയം ആസ്പദമാക്കിയായിരുന്നു ഗവേഷണം. 1967 ൽ റോമിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽ നിന്ന് തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. സി.എം.ഐ. സഭയിൽ കുറഞ്ഞ സമയംകൊണ്ട് പി.എച്ച്.ഡി. നേടിയ വ്യക്തി എന്ന ഖ്യാതിയും ഇദ്ദേഹത്തിനുണ്ട്. 1967 മുതൽ 2003 വരെ ബാംഗ്ലൂർ ധർമ്മാരാം കോളേജിലും ഒപ്പം 1970 മുതൽ 2003 വരെ ആലുവ സെന്റ് ജോസഫ് ജോസഫ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലും ഫിലോസഫി വിഭാഗം പ്രഫസറായിരുന്നു.

തിരുവനന്തപുരം സെന്റ് ജോസഫ് മലങ്കര സെമിനാരി, പൂന പേപ്പൽ അത്തനിയം, ബാംഗ്ലൂരിലെ സി. ആർ. ഐ. ബ്രദേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, കർമലരാം ആധ്യാത്മ വിദ്യാപീഠം (ബാംഗ്ലൂർ), പി.ഒ.സി (പാലാരിവട്ടം), ജോതിർഭവൻ (കളമശേരി), പൂർണോദയ (ഭോപ്പാൽ), ദർശന ഇൻസ്റ്റിറ്റ്യൂട്ട് (വാർദ്ധാ) തുടങ്ങിയ ഇടങ്ങളിലും തത്വശാസ്ത്രാധ്യാപനം നടത്തിയിട്ടുണ്ട്.

പല യൂറോപ്യൻ രാജ്യങ്ങളും കെനിയ, ടാൻസാനിയ എന്നീ ആഫ്രിക്കൻ രാജ്യങ്ങളും സന്ദർശിക്കുകയും റോം, ജർമനി, ശ്രീലങ്ക തുടങ്ങിയ സ്ഥലങ്ങളിൽ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്.

തൃശൂർ ദേവമാതാ പ്രൊവിൻഷ്യൽ കൗൺസിൽ അംഗമായിരുന്നു. സിറിയക് അച്ചന്റെ സാഹിത്യ പരിശ്രമങ്ങൾക്കുള്ള അംഗീകാരമായി കെ.സി.ബി.സി. മാധ്യമ കമ്മീഷൻ, 1995-ൽ 'മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ അവാർഡ്' നൽകി ആദരിച്ചിട്ടുണ്ട്.

R.G. Collingwoods Philosophy of History, Sannyasa, സമീപനങ്ങൾ, സന്യാസ സമീക്ഷ, ദർശനധാര, സന്യാസ ഭാക്ഷ്യം, വിചാര ദർശനം, ധ്യാനനിലയം ആത്മദർശനം, ധ്യാനം-അനുഭവവും അഭ്യാസവും ധ്യാനം-സിദ്ധിയും സാധനയും, ധ്യാന സോപാനം, ക്രിസ്തോപാസന എന്നിങ്ങനെ പോകുന്നു അച്ചന്റെ കൃതികൾ. ജെ. എം. ജ്ഞാനപ്രകാശം, സദാനന്ദ എന്നീ തൂലികാനാമങ്ങളിൽ അച്ചൻ എഴുതിയിട്ടുണ്ട്.

വാഗമൺ കുരിശുമല ആശ്രമത്തിന്റെ സ്ഥാപകനും പണ്ഡിതശ്രേഷ്ഠനുമായ ഫ്രാൻസിസ് ആചാര്യയുടെ MEDITATION: HINDU-CHRISTAN MEETING POINT 'ധ്യാനോപാസന: ഒരു ഹൈന്ദവ-ക്രൈസ്തവ സമന്വയം എന്ന ശീർഷകത്തിൽ മലയാളത്തിലേക്ക് തർജമ ചെയ്തത് ഇദ്ദേഹമാണ്.

ഇവയ്ക്കെല്ലാം പുറമെ, യേശുദാസ് ആലപിച്ച 'ആരതി ആരതി ആരാധന' എന്ന പ്രസിദ്ധ ഭക്തിഗാനത്തിന്റെ രചയിതാവുമാണ്. 2003 ൽ അധ്യാപനത്തിൽ നിന്ന് വിരമിച്ച് ഇപ്പോൾ ചാലക്കുടി കാർമ്മൽ സ്കൂളിനോടനുബന്ധിച്ച കാർമൽ ഭവനത്തിൽ സേവനം അനുഷ്ഠിച്ചു വരുന്നു.

ബാംഗ്ലൂർ ധർമാരാം കോളേജ്, ആലുവ കർമഗിരി സെമിനാരി, തിരുവനന്തപുരം സെന്റ് മേരിസ് മലങ്കര സെമിനാരി തുടങ്ങിയവയിൽ ഇപ്പോഴും പഠിപ്പിച്ചുവരുന്നു. കൂടാതെ കളമശേരി ജ്യോതിർഭവൻ, മൈസൂർ സിദ്ധിവിഹാർ, ആലുവ സിഎംസി ജൂനിയറേറ്റ് തുടങ്ങിയ പല സന്യാസപരിശീലന സ്ഥാപനങ്ങളിലും ഇപ്പോഴും അധ്യാപകനാണ്.

വൈദികർക്കും സന്യാസിനി-സന്യാസികൾക്കും അവരുടെ സമർപ്പിത ജീവിതത്തിനും ആധ്യാത്മിക ജിവതത്തിനും സഹായിക്കുന്ന വിധം സേവനം ചെയ്യുക എന്നത് പ്രത്യേക പ്രേഷിത ധർമമായി അദ്ദേഹം കണക്കാക്കുന്നു. കേരളത്തിലെ നിരവധി സന്യാസ

സന്യാസിനി സഭകൾ അവരുടെ സമൂഹചരിത്രം എഴുതുന്നതിനും നിയമാവലി സാധിക്കുന്നിടത്തോളം ഭാരതീയ ശൈലിയിൽ പുനരാവിഷ്കരിക്കുന്നതിനും അച്ചന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഈ രംഗത്ത് ഏറ്റവും വലിയ സംഭാവന ഡോ. ചെറിയാൻ ഈപ്പന്റെ ക്ഷണപ്രകാരം ഗ്രീക്ക് ഓർത്തഡോക്സ് സഭയിലെ ആത്മീയ ഖനിയായ ഫിലോക്കാലിയ (അഞ്ച് വാളങ്ങൾ, 3000 പേജ്) യുടെ മലയാളം പതിപ്പിന്റെ എഡിറ്റർ ആയി സേവനം ചെയ്തതാണ്

അച്ചന്റെ പ്രധാന കർമ്മമണ്ഡലം ക്രിസ്തുമതവും ഹിന്ദുമതവും തമ്മിലുള്ള ഡയലോഗ് മേഖലയാണ്. ക്രിസ്തുവിൽ വചനം പിതൃദാനവും മാംസം മാതൃദാനവുമാണ് അതിനാൽ ഈ ലോകത്തിലുള്ള എല്ലാ മതസംസ്ക്കാരങ്ങളും ക്രിസ്തുവിന്റെ വ്യക്തിത്വത്തിന് സംഭാവന നൽകിയിട്ടുണ്ട്.

ഈ സംഭാവനയെ ആദരിക്കുകയും പരസ്പരബന്ധത്തിലൂടെ കൂടുതൽ ദൃഢമാക്കികൊണ്ടുവരികയും ചെയ്യുക എന്നത് നമ്മുടെ ക്രൈസ്തവ ധർമ്മമാണ്. ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ഭൂരിഭാഗവും ഈ ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. അവയ്ക്കെല്ലാം ക്രൈസ്തവ-ഹൈന്ദവ സമൂഹത്തിൽനിന്ന് അംഗീകാരവും സ്വീകരണവും ലഭിച്ചിട്ടുണ്ട്.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ആത്മീയ വ്യക്തിത്വത്തെ ആഴത്തിൽ പഠിച്ച് അത് ഹൈന്ദവ സഹോദരങ്ങൾക്ക് കൂടി സ്വീകാര്യവുമായ വിധത്തിൽ 'യേശുദർശനയോഗം' എന്ന പേരിൽ പുസ്തകമാക്കി പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ അച്ചന് അത്യന്തം ചാരിതാർത്ഥ്യമുണ്ട് 'മിസ്റ്റിസിസം' എന്ന ഗ്രന്ഥം താമസിയാതെ തിരുവനന്തപുരം കാർമ്മൽ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിക്കും.

കണിച്ചായി അന്തോണി തോമൻ - കൊച്ചുമറിയം ദമ്പതികളുടെ ദ്വിതീയ പുത്രനായി 1938 ജൂൺ രണ്ടിന് ജനനം. പ്രാഥമിക വിദ്യാഭ്യാസം ഞാറയ്ക്കലും മാള സെന്റ് ആന്റെണീസിലും നടത്തി. 1953ൽ സി.എം.ഐ. സഭയിൽ ചേർന്നു. പ്രാരംഭ പരിശീലനം എൽത്തുരുത്ത്, താലോർ, വരാന്തരപ്പിള്ളി, അമ്പഴക്കാട് എന്നീ ആശ്രമങ്ങളിൽ നടത്തി . മൂന്നു വർഷത്തെ തത്വശാസ്ത്രപഠനം ചെത്തിപ്പുഴ, ബാംഗ്ലൂർ ധർമ്മാരം കോളേജ് എന്നിവിടങ്ങളിൽ നിർവഹിച്ചു. അതിനുശേഷം നാലുവർഷത്തെ തിയോളജി പഠനം പേപ്പൽ അത്തനീയത്തിൽ പൂർത്തിയാക്കി. അവിടെനിന്ന് ദൈവശാസ്ത്രത്തിൽ എൽ.ഡി. ബരുദം സമ്പാദിച്ചു. മാന്നാനം സെന്റ് ജോസഫ് ആശ്രമദേവാലയത്തിൽ 1955

ഡിസംബർ എട്ടിന് പ്രഥമ വ്രതവാഗ്ദാനം നടത്തി. 1962 ജൂൺ മൂന്നിന് അമ്പഴക്കാട് സെന്റ് തെരേസാസ് ആശ്രമദേവാലയത്തിൽ തൃശൂർ രൂപ താഅധ്യക്ഷൻ ജോർജ് ആലപ്പാട്ടിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു.

മൂത്തസഹോദരൻ ജോർജ് ഹൈസ്ക്കൂൾ അദ്ധ്യാപകനായിരുന്നു. ഡോ. കെ.ടി. ആന്റണി, കൊടകര സഹൃദയ എഞ്ചിനീയറിക് കോളേജിലെ പ്രഫ. കെ.ടി. ജോസഫ്, ഡോ. കെ.ടി തോമസ് (ഗുരുവായൂർ) എന്നിവർ സഹോദരന്മാരും അന്നക്കുട്ടി, കത്രിക്കുട്ടി എന്നിവർ സഹോദരികളുമാണ്.

**CMIssion** is sent to you free of cost without any subscription fees. You are most welcome to support this missionary publication with your generous financial contribution. Please send your contribution to

Secretary for Evangelization
CMI Prior General's House
P.B. No. 3105, Kakkanad P.O
Kochi - 682 030, Kerala, India



# 'ധ്യാനാനുഭവം' ചാവറയച്ചന്റെ ദർശനവീട്ടിൽ



ഫാദർ ആന്റണി വാഴപ്പിള്ളി സി.എം.ഐ

എന്റെ ആരംഭവും അവസാനവും നീയാകുന്നു....
ആരാധിച്ചീടാം എല്ലാമായിട്ടും
കർത്താവെ നിന്നെ
എന്നാദ്യന്തം നീ തന്നെ
തീക്ഷണതയോടെ സ്നേഹിക്കാം
അനുദിനമേകും ദാനങ്ങൾ
ഓർക്കാമെന്നുടെ മാനസ്സേ
നന്ദിയോടെ മറ്റു സംരക്ഷകരെ....

നീണ്ട നാളത്തെ ആഗ്രഹമായിരുന്നു എവിടെയെങ്കിലും പോയി തനിച്ച് ശാന്തമായി ഒരാഴ്ച ധ്യാനിക്കണം എന്നത്. ബ. സ്റ്റീഫൻ തച്ചിലച്ചനെ സമീപിച്ച് എവിടെ എവിടെയായിരിക്കും എനിക്ക് ധ്യാനിക്കാൻ പറ്റിയ സ്ഥലം എന്നന്യേക്ഷിച്ചു. അദ്ദേഹം പറഞ്ഞു "നമ്മുടെ സഭയുടെ ആശ്രമം contemplative ആശ്രമം ബ. കാപ്പുക്കാട്ടച്ചന്റെ നേതൃത്വത്തിലുള്ള കക്കാടംപോയിലിലുള്ള ധ്യാനാശ്രമം നല്ലതായിരിക്കും എന്ന്". ഞാൻ സി.എം.ഐ സഭയുടെ ജനറൽ ഡയറക്ടറി എടുത്ത് അഡ്രസ്സ് കണ്ടെടുത്തു പക്ഷേ ഫോൺ നമ്പർ എനിക്ക് അതിൽ നിന്ന് കിട്ടിയില്ല. ഞാൻ ബ. ജനറാളച്ചന്റെ സെക്രട്ടറിയച്ചനെ വിളിച്ചു അദ്ദേഹം എന്നോട് പറഞ്ഞു, ജനറൽ ഫൈനാൻസ് സെക്രട്ടറിയച്ചൻ ബ. ജോസഫ് മറ്റത്തിലച്ചനോട് ചോദിച്ചാൽ ഫോൺ നമ്പർ ലഭിക്കും എന്നറിയിച്ചു. നിർഭാഗ്യം ബ. ജോസഫ് മറ്റത്തിലച്ചന്റെ ഫോൺ അടിച്ചു പക്ഷേ പക്ഷേ എടുത്തില്ല. ഞാൻ മനസ്സില്ലാ മനസ്സോടെ നിൽക്കുമ്പോൾ ബ. ജനറാളച്ചന്റെ സെക്രട്ടറിയച്ചൻ പറഞ്ഞത് ഓർത്തു കോഴിക്കോട് പ്രോവിൻഷ്യൽ ഹൗസിലേക്ക് വിളിച്ചാലും ഫോൺ നമ്പർ ലഭിക്കുമെന്നത്. ഞാനവിടേക്ക് ഫോൺ ചെയ്തു ഫോൺ എടുത്ത വ്യക്തി ഡയറക്ടറി നോക്കി ബ. കാപ്പുക്കാട്ടച്ചന്റെ ഫോൺ നമ്പർ എനിക്ക് പറഞ്ഞുതന്നു. ആ ഫോണിലേക്ക് വിളിച്ചോൾ ഫോൺ എടുത്തില്ല, എങ്കിലും ഞാൻ സേലത്തു നിന്ന് അവിടേക്ക് ധ്യാനിക്കുവാൻ വരുന്നുണ്ടെന്ന് സന്ദേശം അറിയച്ചു. എന്റെ സന്ദേശം കണ്ട് ബ. സജി കുരിയനച്ചൻ തിരിച്ച് എന്നെ വിളിച്ചു തിങ്കളാഴ്ച ഉച്ചത്തിരിഞ്ഞ് ധ്യാനിക്കുവാൻ വരുവാൻ പറഞ്ഞു.

തിങ്കളാഴ്ച കക്കാടംപോയിൽ ലക്ഷ്യംവെച്ച് യാത്രതിരിച്ച ഞാൻ അഡ്രസ് എടുക്കാൻ മറന്നുപോയി എങ്കിലും കുടരഞ്ഞി എന്ന സ്ഥലത്ത് നിന്ന് ബസ്സ് കയറി ഞാൻ ബസിലുള്ളവരുമായി സംസാരിച്ചപ്പോൾ അവർ എന്നോട് കക്കാടംപോയിൽ കഴിഞ്ഞ് 'വാളൻത്തോട്' എന്ന സ്ഥലത്ത് ബസിറങ്ങുന്നതാണ് നല്ലതെന്ന് പറഞ്ഞു. ഞാൻ അവരുടെ വാക്കിൽ വിശ്വസിച്ചു, കാരണം അവർ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ബസ്റ്റോപ്പാണെന്നും, ആശ്രമത്തെ പറ്റിയും, മറ്റും അവർ സംസാരിച്ചു. ഉച്ചതിരിഞ്ഞ് 05:20 ഓടുകൂടെ ഞാനവിടെ എത്തി. എന്നെ പ്രതീക്ഷിച്ചിരുന്ന ബ. ഫ്രാൻസീസ് കിഴക്കുംതലയച്ചൻ എന്നെ പലപ്രാവിശ്യം ഫോണിൽ ബന്ധപെടാൻ ശ്രമിച്ചെങ്കിലും ഞാൻ ബസിലായതുകൊണ്ട് ഫോൺ അടിച്ചത് കേട്ടില്ല. ബ. ഫ്രാൻസീസ് കിഴക്കുംതലയച്ചൻ അവിടെ വിശുദ്ധ ബലിക്കായി തയ്യാറായി കൊണ്ടിരിക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തെ കണ്ടു. അഴകില്ല, ആഹാര ഭംഗിയില്ല. ഞാൻ മുൻപ് കണ്ടിട്ടുള്ളതിനെക്കാൾ ക്ഷീണിതൻ, എന്നെ കണ്ടതും അദ്ദേഹത്തിന്റെ മുഖത്ത് വിടർന്ന പുഞ്ചിരിയും, സ്നേഹവും ഞാനിന്നും ഓർക്കുന്നു. എനിക്ക് നിർദ്ദേശം തന്ന് അദ്ദേഹം ജനങ്ങൾക്കുവേണ്ടി വി. ബലിയർപ്പിക്കുവാൻ പോയി.

ബ. ഫ്രാൻസീസ് കിഴക്കുംതലയച്ചനെ എനിക്ക് നേരത്തെ തന്നെ നന്നായി അറിയുന്ന വ്യക്തിയാണ്. എന്നേയും അദ്ദേഹത്തിന് ഒരു പരിധിവരെ അറിയാവുന്നതാണ്. ദൈവം എല്ലാം ക്രമീകരിക്കുമെന്നതിന്റെ ഉള്ളാർത്ഥം എനിക്ക് ബോധ്യമായി. എന്നെ നന്നായി അറിയാവുന്ന ഒരാളുടെ പക്കലേക്ക് അവിടുത്തെ അയച്ചു. ബ. ഫ്രാൻസീസച്ചൻ എനിക്ക് ഓരോ ദിവസവും ഭക്ഷണം ഉണ്ടാക്കിതന്നു എന്റെ കൂടെ ആരാധിച്ചു, ഒരുമിച്ച് പരിശുദ്ധ ബലിയർപ്പിച്ചു. ആദ്യ ദിവസം രാത്രി ഭക്ഷണത്തിന് ശേഷം പാത്തുമ്മാ, പാത്തുമ്മാ... എന്ന് അദ്ദേഹം ഉച്ചത്തിൽ വിളിച്ചപ്പോൾ കിച്ചണിൽ വയസ്സായ എതോ സ്ത്രി ഉണ്ടായിരിക്കും എന്ന് ഞാൻ ചിന്തിച്ചു പിന്നീടാണ് ആടിനെയാണ് അദ്ദേഹം വിളിച്ചതെന്ന് എനിക്ക് മനസ്സിലായത്.

എല്ലാ നൂതന സംവിധാനങ്ങളോടുകുടെയും ജീവിച്ച എന്റെ മുൻ പ്രോവിൻഷ്യാളച്ചൻ ബ. ഫ്രാൻസീസ് കിഴക്കുംതലയച്ചൻ യഥാർത്ഥത്തിൽ ഒരു സന്ന്യാസിയായി ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്നത് എന്റെ കണ്ണു തുറപ്പിച്ചു. പാടുവാൻ അത്ര സമർത്ഥനല്ലാത്ത എന്റെ മുൻ പ്രോവിൻഷ്യാളച്ചൻ എനിക്ക് വേണ്ടി പാട്ട് പാടി തന്നപ്പോൾ

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെയും, വിശുദ്ധ യൗസേപ്പിതാവിന്റെയും, വിശുദ്ധ തോമാശ്ലീഹായുടെയും പാട്ടുകൾ എനിക്ക് വല്ലാതെ ഇഷ്ടപ്പെട്ടു. ഞാൻ ആ പാട്ടുകളെല്ലാം എഴുതിയെടുത്തു. പരിശുദ്ധ മാതാവിന്റെ പാട്ടുകളും, പരിശുദ്ധാത്മാവിന്റെ പാട്ടുകളും എനിക്ക് അദ്ദേഹം പാടിതന്നു. അദ്ദേഹം ആദ്യദിവസവും, അവസാനദിവസവും മാത്രമേ എന്നോട് വിശേഷങ്ങൾ പങ്കുവെച്ചുള്ളു.

ആശ്രമത്തിന് ചുറ്റുമുള്ള ജനങ്ങളുടെയും, ജോലിക്കാരുടെയും, കുട്ടികളുടെയും സ്നേഹം ഞാൻ കണ്ടു. ആരാധനക്കും, വിശുദ്ധ കുർബാനക്കും ഉള്ള അവരുടെ ഭാഗഭാഗിത്വം എന്നെ ചിന്തിപ്പിച്ചു. ചെടികളും, പൂക്കളും, മരങ്ങളും, മലകളും ഈ ധ്യാനാശ്രമത്തിന്റെ മനോഹാരിതയെ വിളിച്ചോതുമ്പോൾ സ്നേഹിക്കുവാനും, സ്നേഹം പങ്കുവെയ്ക്കുവാനും, സഹായിക്കാനും അറിയാവുന്ന നല്ല ജനങ്ങളെയും ഞാൻ കണ്ടുമുട്ടി. ഇനിയും ഇവിടേയ്ക്ക് വരുമോ? എന്ന് ജനങ്ങളുടെ നിഷ്കളങ്കമായ ചോദ്യത്തിന് എനിക്ക് ഉത്തരമില്ലാ ചിലപ്പോൾ വരും ചിലപ്പോൾ വരില്ല എന്ന് ഞാൻ പറഞ്ഞു പീന്നിട് ചിന്തിച്ചോൾ തോന്നി 'അവിടെയായിരിക്കുന്നതാണ് നല്ലതെന്ന്'.

ബ. ജനറാളച്ചന്റെ നേതൃത്വത്തിൽ ബ. ജോസഫ് മറ്റത്തിലച്ചന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ അവിടെ നടക്കുന്ന എല്ലാ സഭാ സംരഭങ്ങളും ശ്ലാഘനീയമാണ്. ഇങ്ങനെ "ചാവറയച്ചന്റെ ദർശനവീട്" യാഥാർത്ഥ്യമാക്കിയ ബ. ജനറാളച്ചനും, ബ. ജോസഫ് മറ്റത്തിലച്ചനും, ബ. ഫ്രാൻസീസ് കിഴക്കുംതലയച്ചനും, ബ. ജോൺസൺ പന്തലാനിയച്ചനും, സ്നേഹമുള്ള നാട്ടുകാരും അഭിനന്ദനങ്ങൾ അർഹിക്കുന്നു ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഫെബ്രുവരി പതിനെന്ന് ചൊവ്വാഴ്ച നടക്കുന്ന ആശീർവാദ കർമ്മങ്ങൾ നല്ല രീതിയിൽ നടക്കുവാനായി പ്രാർത്ഥിക്കണം. എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.

## ധ്യാനാനുഭവം

ഒരു ദിവസത്തെ 3 ഭാഗങ്ങളായി തിരിച്ച് 8 മണിക്കൂർ ആരാധന (പ്രാർത്ഥനാ), 8 മണിക്കൂർ ഉറക്കം ഇങ്ങനെ ക്രമീകരിച്ചിരിക്കുന്നു. ആരാധന യുടെ മുൻപിൽ 8 മണിക്കൂർ തുടർച്ചയായി ഇരിക്കാതെ ഓരോ മണിക്കൂറിനും ശേഷം അടുത്ത ഒരു മണിക്കൂർ ആദ്ധ്യാത്മിക വായന അല്ലെങ്കിൽ ബൈബിൾ വായന അടുത്ത ആരാധനക്കുള്ള

ഒരുക്കം ഇങ്ങനെ ആരാധനാ കേന്ദ്രീകൃതമായ ജീവിതം തീർച്ചയായും എനിക്ക് പുതിയ അനുഭവമായിരുന്നു. എന്നിലെ എന്നെ കണ്ടെത്തു വാനുള്ള പരിശ്രമങ്ങൾ വിജയം കണ്ടു. നല്ല തീരുമാനങ്ങളെടുക്കുവാൻ, എടുത്ത തീരുമാനങ്ങളിൽ ഉറച്ച് നിൽക്കുവാൻ ആരാധനാ കേന്ദ്രീകൃതമായ ജീവിത ശൈലി കെട്ടിപടുക്കുകവഴി സാധ്യമാണെന്ന് ബോധ്യപെട്ടു.


നമ്മുടെ സഭാപിതാവായ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ പ്രാർത്ഥന യിൽ നിന്ന് ഉരുത്തിരിയുന്ന പ്രവർത്തനവും, പ്രവർത്തനത്തിൽ നിന്ന് ഉരുത്തിരിയുന്ന പ്രാർത്ഥനയും രണ്ടും ഒരേ നാണയത്തിന്റെ ഇരുവശ ങ്ങളാണെന്നും, പരസ്പരം ആഴത്തിൽ ബന്ധപെട്ടുകിടക്കുന്നതാണെ ന്നും ബോധ്യമായി. ദർശന വീട്ടിൽ വാഴ്ത്തപ്പെട്ട ചാവറയച്ചൻ തീക്ഷണതാപൂർവ്വം എരിഞ്ഞ് പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിച്ചാലേ നല്ല രീതിയിൽ പ്രവർത്തിക്കാൻ ദൈവം അനുഗ്രഹം തരികയുള്ളു. ദൈവാനുഗ്രഹം ഉണ്ടെങ്കിൽ മാത്രമേ മറ്റുള്ളവർക്ക് ഈശോയെ കൊടുക്കുവാൻ സാധിക്കുകയുള്ളു.

**പ്രായോഗിക വഴികൾ :**

ആരാധിക്കുവാനുള്ള താല്പര്യം വളർത്തിയെടുക്കുക, ടി. വി. യുടെ മുൻപിൽ, കമ്പ്യൂട്ടറിന്റെ മുൻപിൽ ആവശ്യമില്ലാതെ സമയം ചിലവഴിക്കുമ്പോൾ മനസ്സാക്ഷി നമ്മോട് പറയുന്ന സ്വരം കേൾക്കണം നിന്നെ കാത്ത് വലിയ സമൂഹം നിൽക്കുന്നു നീ നല്ലവനായ ദൈവത്തിൽ നിന്ന് ശക്തി സംഭരിച്ച് നിന്നെ സദാ ഒരുക്കുക. ഒരുക്കത്തോടെ തയ്യാറായി നിൽക്കുന്നവരെ അവിടുന്ന് വലിയ കാര്യങ്ങൾ എല്പിക്കും. ആരാധനാ നേരങ്ങളിൽ നമ്മെ മുഴുവനായി അവിടുത്തെ മുൻപിൽ സമർപ്പിച്ച് ശ്രദ്ധയോടെ, ചിന്തകൾ പതറാതെ ദൈവസന്നിധിയിൽ ആയിരിക്കുമ്പോൾ വാഴ്ത്തപ്പെട്ട ചാവറയച്ചൻ ദർശന വീട്ടിൽ അപ്പാ, അപ്പാ എന്ന് വിളിച്ച് സ്വർഗ്ഗീയ പിതാവിനെ തന്റെ മുഴുവൻ സ്വപ്നങ്ങളും, ദൗത്യങ്ങളും പറഞ്ഞ് കേൾപ്പിച്ചത് പോലെ നാമും എല്ലാ ഭാരങ്ങളും, എല്ലാ അസ്വസ്ഥതകളും ഇറക്കി വെച്ച് അവിടുന്ന് നൽകുന്ന സമാധാനത്തിൽ വസിപ്പാൻ നമുക്ക് കഴിയണം. നല്ല കുമ്പസാരം നടത്തി നമ്മുടെ തെറ്റ് കുറ്റങ്ങൾക്ക് പൊറുതിയും മനസ്താപവും നമുക്ക് ഉണ്ടായാൽ വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ “Appa experience” നമ്മിലും നിറവേറുമെന്നത് തീർച്ച.

# Come and See

**Bro. Biston Koola CMI**



Stumbling down the twinkling sky
Lonely like a cloud at Light
I moved and heard a hearty cry:
“Come, my child”- that held me right,

As would crimson moon beneath
Rainy clouds be dim unseen,
So could rare the cry bequeath
Meaning misty, faint to wren,

I stood astounded: whence and what
Meant at all the call to all!
Someone did my shoulder pat
Christ He was I well recall.

Like a float amidst the waves
Far away the shore all day
Stern I stared and earned a gaze-
That cleft my heart, as warm a ray.

“Crystal clear shall be my creed
To my own garden come and see”
He crept and plucked a humble reed
From crowded ones and showed to me

“Depart from me, my gracious Lord!
I’m unworthy of Thy call;
Stronger minds and bright and broad
Thou shall gather top and tall.”


“Think I am so take courage
Leave behind the world I say;
Thee in things I shall engage
Truly that will keep you gay.

Sun and moon began to shine
In my smile that ‘yes’ revealed;
I leaped of joy and found in fine
Mere a dream that ever I reeled

“The mark of a great church is not its seating capacity, but its sending capacity.” – **Mike Stachura**



St. Euphrasia Eluvathingal
1877 - 1952



Servant of God Fr. Canisius Thekkekara CMI (1914-1998)

# ദൈവേഷ്ടം, അതുമാത്രം, അത് മുഴുവനും



**ഫാ. ഡേവിസ് കാച്ചപ്പിള്ളി**

മാർച്ച് 29-ന് ദൈവദാസൻ എന്ന പുണ്യപദവിയിലേക്ക് ഉയർത്തപ്പെട്ട പുണ്യചരിതനായ കനീസിയൂസ് സി.എം.ഐ. അച്ചന് ജീവിതവിശുദ്ധിയുടെ മന്ത്രമിതാണ്: ദൈവേഷ്ടം, അതുമാത്രം, അത് മുഴുവനും. ദൈവദാസപദവിയുടെ പ്രഖ്യാപനവേളയിലെ തിരുകർമ്മങ്ങളിലും, വചന പ്രഘോഷണത്തിലും, പ്രാർത്ഥനകളിലും, വാർത്തകളിലും, ചാനലുകളിലും ആയിരങ്ങൾ ഒത്തുകൂടിയ സദസ്സിലും കനീസിയൂസച്ചന്റെ "പുണ്യ"മായി തിളങ്ങി നിന്ന ആപ്തവാക്യമാണിത്. "ജീവിക്കുന്ന വിശുദ്ധൻ" എന്ന് ജീവിതകാലത്ത് വിളിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്തിരുന്ന കനിസിയൂസച്ചൻ ജനിച്ചിട്ട് 100 വർഷവും മരിച്ചിട്ട് 16 വർഷവും തികയുന്ന ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ദൈവദാസപദവിയിലേക്ക് ഉയർത്തപ്പെടുന്നു എന്നതുതന്നെ അദ്ദേഹത്തിന്റെ ജീവിതമഹത്വമാണ് വിളിച്ചറിയിക്കുന്നത്. സന്യാസ വൈദിക ജീവിതത്തിലൂടെ സഭയിൽ ശുശ്രൂഷകളുടെ ഉന്നതപദവികളിൽ അംഗീകാരമുദ്ര നേടിയ കനീസിയൂസച്ചന്റെ പ്രവർത്തനങ്ങളിലുടനീളം ദൈവേഷ്ടം, അതുമാത്രം, അതു മുഴുവനും എന്ന സുവിശേഷത്തിന് സമുന്നത സ്ഥാനമാണ് അദ്ദേഹം നൽകിയിരിക്കുന്നത്. ദൈവദാസ പദവിയുടെ അടിസ്ഥാനവും ഇതുതന്നെയാണെന്ന് ദൈവം വെളിപ്പെടുത്തുന്നു എന്നാണ് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം (യോഹ 4:34). കർത്താവേ, കർത്താവേ എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക (മത്താ. 7:21). എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും (മത്താ. 2:49). ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ (ലൂക്ക 11:28). ദൈവവചനം കേട്ട് അതു പാലിക്കുന്നവർ കൂടുതൽ ഭാഗ്യവാന്മാർ (ലൂക്ക 11:28).

യേശുക്രിസ്തുവിനെ തന്റെ ഗുരുവായി സ്വീകരിച്ച കനീസിയൂസച്ചൻ ഗുരുവിന്റെ പാത സ്വീകരിച്ച് ഗുരുവിനെപ്പോലെ ജീവിച്ച്, ഗുരുവിനോടുകൂടി നിത്യം ജീവിക്കുന്നു എന്ന് അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും സാക്ഷ്യം നൽകുന്നു എന്നു നാം വിശ്വസിക്കേണ്ടിയിരിക്കുന്നു. ദൈവതിരുമനസ്സിന് വിധേയരായിരിക്കാൻ ഞങ്ങളെ പഠിപ്പിക്കണം എന്ന് എല്ലാ വൈദികരും സമർപ്പിതരും തങ്ങളുടെ പ്രാർത്ഥനകളിൽ പലപ്പോഴും ആവർത്തിക്കുന്നുണ്ട്. എങ്കിലും കനീസിയൂസച്ചനെപ്പോലെ ദൈവേഷ്ടം, അതുമാത്രം, അതുമുഴുവനും എന്നത് ജീവിതകർമ്മങ്ങളിലൂടെ സാക്ഷ്യപ്പെടുത്താനാകുന്നുണ്ടോ എന്നു ചിന്തിക്കണം, അതിൽ ആഴപ്പെടാനുള്ള അവസരമാണിത്. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തെ വിശുദ്ധരുടെ വിളഭൂമിയാക്കാനുള്ള മാർഗ്ഗം കനീസിയൂസച്ചന്റെ ഈ ജീവിതമന്ത്രം നമ്മുടേതും ആക്കിത്തീർക്കുക എന്നതാണ്. അതുകൊണ്ട് "ദൈവേഷ്ടം, അതുമാത്രം, അതുമുഴുവനും" നിഷ്ഠയോടെ അനുവർത്തിച്ചു സഭയുടെ വിശുദ്ധീകരണത്തിനും നവീകരണത്തിനും പ്രചോദനമാകാൻ ദൈവശുശ്രൂഷക്കായി സമർപ്പിക്കപ്പെട്ട എല്ലാവർക്കും സാധിക്കാനുള്ള കൃപയ്ക്കായി കനീസിയൂസച്ചന്റെ മദ്ധ്യസ്ഥതയിൽ ദൈവത്തോടു പ്രാർത്ഥിക്കാം. സഭാശുശ്രൂഷകരെ യഥാർത്ഥ ദൈവശുശ്രൂഷകരാക്കാനുള്ള മന്ത്രവും മാർഗ്ഗവും ഇതുതന്നെ. "ദൈവേഷ്ടം, അതുമാത്രം, അതുമുഴുവനും".



# സംഗീതോപാസകനായ കാക്കനാട്ടച്ചൻ




പ്രതിഭയെ സ്നേഹിക്കുന്ന ഒരു ദൈവശാസ്ത്ര അധ്യാപകനാണ് സി.എം.ഐ സഭാംഗമായ ജോയി കാക്കനാട്ടച്ചൻ. ധർമ്മാരാമിലെ ഗായക സംഘത്തിന്റെ തലവനായ ജോയിയച്ചൻ കലയെ കച്ചവടമാക്കി, കീശവീർപ്പിക്കുവാൻ മാത്രം നെട്ടോട്ടമോടുന്ന കലാകാരന്മാർക്കൊരു വെല്ലുവിളിയായി മാറിയിരിക്കുന്നു. വർഷംതോറും ധർമ്മാരാമിൽ നടത്തപ്പെടുന്ന ഗാനമേള ഇതിനൊരുദാഹരണമാണ്. കലാകാരന്മാരിൽ ഉറങ്ങിക്കിടക്കുന്ന കേവലം നിസ്സാര കഴിവുകളെപ്പോലും കണ്ടെത്തി, ചെത്തിമിനുക്കി ഒന്നാംതരമാക്കാൻ അച്ചൻ തന്റെ സാന്നിദ്ധ്യവും സഹകരണവും സമ്മാനമാക്കി നൽകുന്നു. സാമ്പത്തികമായി യാതൊരു ലാഭവുമില്ലെങ്കിലും വർഷംതോറും നടക്കുന്ന ഗാനമേളയും, ഇവിടെ നിന്നിറക്കുന്ന അർത്ഥസംപുഷ്ടമായ ആത്മീയ ഗാനങ്ങൾ നിറഞ്ഞ സിഡിയും കലയെ ഉപാസനം ചെയ്യുന്നവർക്ക് മുന്നിൽ ഒരു ചോദ്യചിഹ്നവും പ്രചോദനവുമാണ്. ജോയിയച്ചൻ ധർമ്മാരാമിലെ തന്റെ വർഷങ്ങളായുള്ള സേവനം കൊണ്ട് 5 സിഡികൾ ഇറക്കിയിട്ടുണ്ട്. അച്ചനും ധർമ്മാരാമിലെ സഹോദരന്മാരും ചേർന്ന് രചിച്ച് സംഗീതം പകർന്ന സിഡികൾ പലതും മുന്തിയ നിലവാരമുള്ളതാണ്.

ജോയി കാക്കനാട്ടച്ചൻ ഒരു കവിയും, സംഗീതജ്ഞനുമായിട്ടും തന്റെ മാത്രം പാട്ടുകൾ കൊണ്ട് സിഡി നിറയ്ക്കാതെ എഴുതുവാൻ കഴിവുള്ളവരുടെ കവിതകളെ സമാഹരിച്ച് സംഗീതം നൽകുന്നവർക്കു വളരാൻ അവസരമൊരുക്കുന്നത് സഭയ്ക്ക് അഭിമാനിക്കുവാനുള്ള ഒരവസരം കൂടിയാണ്. ഇന്ന് പല ഭക്തിഗാന സിഡികളും രചനയും സംഗീതവും എല്ലാം ഒരാൾ തന്നെ ചെയ്ത് സ്വാർത്ഥതയെ പോഷിപ്പിക്കുമ്പോൾ ജോയിയച്ചൻ ഒരു വെല്ലുവിളിയുയർത്തുന്നു. സാമ്പത്തികമായി നഷ്ടങ്ങൾ ഉണ്ടായാൽപോലും, അതു ഗൗനിക്കാതെ ഓരോവർഷവും സഭയിലെ കലാകാരന്മാർക്കു പ്രതിഭയെ, പ്രഘോഷണമാർഗ്ഗമാക്കി മാറ്റാൻ അവസരമൊരുക്കുന്ന അച്ചനെ ആഗോള കത്തോലിക്കാ സഭ എന്നും പ്രതിഭയെയും കലാകാരന്മാരെയും ആദരിക്കുന്നതിൽ മുൻപന്തിയിലാണ്. എങ്കിലും, കേരളത്തെ സംബന്ധിച്ചിടത്തോളം കാവ്യ

ഹൃദയമുള്ളവർക്കും, ഗാനരചിയിതാക്കൾക്കും സഭയിലൂടെ വളരാൻ അവസരങ്ങൾ ചുരുങ്ങുന്ന ഈ കാലഘട്ടത്തിലും, പ്രതിഭയെ നേരിയ കണികകൾ മാത്രം സ്വന്തമായുള്ളവനെയും, അവന്റെ ഉള്ളിലെ കല യുടെ വിശിഷ്ടത കണ്ടെത്തി അപരന്റെ കലാവാസനയെ ഊതിജ്വലി പ്പിച്ച് മുന്നേറുന്നതിനു പാഠശാലതീർക്കുന്ന ജോയിയച്ചനെ ദൈവം ധർമ്മാരാമിനു നൽകിയ ദാനമാണ്. തിരക്കുള്ള ജീവിതത്തിനിടയിലും, ധാരാളം ഗ്രന്ഥങ്ങൾ വായിച്ച്, തന്റെ അധ്യാപന രംഗവും അജപാലന രംഗവും ഐശ്വര്യപൂർണ്ണമാക്കി മാറ്റുമ്പോഴും, അപരനെക്കുറിച്ചുള്ള കരുതൽ കലാരംഗത്ത് അദ്ദേഹത്തെ വ്യത്യസ്ഥനാക്കുന്നു. തിരക്കു കൾക്കിടയിലും പരിധികളില്ലാതെ അപരന്റെ കഴിവുകൾ കണ്ടെത്തി അവനെ വളർത്തുന്ന കാര്യത്തിൽ ജോയിയച്ചൻ എന്നും ഒരു കൈതാ ങ്ങാണ്. പ്രവാസി കത്തോലിക്കരുടെ അജപാലകനായും, ദൈവ ശാസ്ത്ര അധ്യാപകൻ, മികച്ച എഴുത്തുകാരൻ, വാഗ്മി, സംഗീതജ്ഞൻ എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഈ വൈദികൻ ലളിത ജീവിതത്തെ വളരെയധികം സ്നേഹിച്ചു പിൻചെല്ലുന്ന ഒരു വ്യക്തി യാണ് കത്തോലിക്കാ സഭാംഗങ്ങളിൽ നിന്നു വേണ്ടത്ര അംഗീകാ രവും, പ്രോത്സാഹനവും സംഗീത സാമ്രാട്ടായ ഈ വൈദികനു ഇനിയും ലഭിച്ചിട്ടുണ്ടോ എന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്ന ഒരു വസ്തുത യാണ് ജീവസാഗരം, ആർദ്ര സ്നേഹം, നൻമതൻ വഴിയേ നിതാന്ത സ്നേഹം കാരുണ്യ തീർത്ഥം എന്നീ അഞ്ചു സിഡികളും ജോയിയ ച്ചന്റെ നേതൃത്വത്തിൽ ധർമ്മാരാമിൽ നിന്നും ഇറക്കിയിട്ടുള്ളതാണ്. ഇന്ന് “കല” കച്ചവടമാർഗ്ഗമാക്കി മാറ്റുന്നവർക്കു മുന്നിൽ ദൈവശാ സ്ത്രവും, സഭാപ്രബോധനങ്ങളും സാംശീകരിച്ച് ആത്മീയാനുഭവം പകർന്നു തരുന്ന ചുരുക്കം ചില ക്രൈസ്തവ കലാകാരന്മാരിൽ ഒരാ ളാണ് അദ്ദേഹം. വളരെ അർത്ഥ സംപുഷ്ടമായ ഗാനങ്ങൾ അദ്ദേഹ ത്തിന്റെ സിഡികളിൽ ലഭ്യമാണെങ്കിലും ഇനിയും കേരളസഭയ്ക്കു അതു ലഭ്യമാകേണ്ടതായുണ്ട്.

ബേത്‌ലഹേമിലേക്കുള്ള യാത്രയിൽ ദിവ്യശിശുവിനു പിറക്കാൻ ഇട മന്വേഷിച്ച മറിയവും, യൗസേപ്പിതാവിനു മുമ്പിൽ സകല വാതിലു കളും കൊട്ടിയടഞ്ഞതുപോലെ ഉള്ളിന്റെ ഉള്ളിലായ് ധ്വനിമുഴക്കുന്ന സത്‌വിചാരങ്ങളും, കാവ്യങ്ങളെ മാസം ധരിച്ചു സംഗീതമാകുവാൻ വഴിമുടങ്ങിക്കിടക്കുന്ന ഈ യുഗത്തിൽ അപരന്റെ ഉള്ളിൽ മുളപൊ ട്ടുന്ന കാവ്യങ്ങളെ മാസം ധരിപ്പിച്ചു സംഗീതമാക്കി ദൈവജനത്തിന് ആത്മീയ ഉണർച്ച പകരുന്നതിനായി, വാതിൽ തുറന്നിട്ടിരിക്കുന്ന

ജോയിയച്ചനെ ഓരോ കലാകാരന്മാർക്കും കൂടുതൽ അറിയട്ടെ എന്ന് നമുക്ക് ആശംസിക്കാം. അദ്ദേഹം ഇനിയും ധാരാളം പാട്ടുകൾക്ക് രചനയും, സംഗീതവും പകർന്ന് ആത്മീയ ഗാനശുശ്രൂഷാരംഗത്ത് മാതൃകയും പ്രചോദനവുമായിത്തീരട്ടെ എന്ന് പ്രാർത്ഥിച്ച് മംഗളങ്ങൾ നേരാം. കൂട്ടായ്മയുടെ വിജയമായി ആത്മീയ ഗാനങ്ങൾ സഭയ്ക്കു സമ്മാനിക്കുന്ന ജോയിയച്ചനെപ്പോലെ, അപരന്റെ ഉള്ളിൽ അലങ്കരിക്കുന്ന നന്മകൾക്ക് പിറക്കുവാൻ ഇടം നൽകുന്ന കരുതലുള്ള കലാകാരന്മാരായി കച്ചവടലാഭത്തോടെ പ്രവർത്തിക്കുന്നവർക്ക് വെല്ലുവിളിയുയർത്തി നമുക്ക് മുന്നേറാം.




"I have but one passion: It is He, it is He alone. The world is the field and the field is the world; and henceforth that country shall be my home where I can be most used in winning souls for Christ." **– Count Nicolaus Ludwig von Zinzendorf**

# വാഴ്ത്തപ്പെട്ട ചാവറപ്പിതാവും ജോബിയും




**സി. അൽഫോൻസ് മരിയ സി.എം.സി.**

ഓർമ്മ വച്ചനാൾ മുതൽ വാ. ചാവറപ്പിതാവിനെക്കുറിച്ച് അറിയുകയും തന്റെ അടുത്തു വരുന്നവരെയെല്ലാം മാന്നാനത്തു പറഞ്ഞയച്ച് പിതാവിലൂടെ ഈശോയിലേയ്ക്കു വളർത്തുകയും ചെയ്യുന്ന 36 വയസ്സുകാരിയായ ജോബിയുടെ ജീവിതാനുഭവമാണ് ഇവിടെ വിവരിക്കുന്നത്.

ജോബി ജേക്കബ് 1977 നവം-11-ാം തീയ്യതി വൈയ്ക്കത്തു കൊച്ചുകണിയാംപറമ്പിൽ വീട്ടിൽ ജനിച്ചു. 4-ാം ദിവസം മുതൽ നിറുത്താതെ കരച്ചിൽ തുടങ്ങി. 35-ാം ദിവസം രോഗം കണ്ടു പിടിച്ചു. കുറുനാക്ക് ഇല്ല. അതോടുകൂടി ഹാർട്ടിനു അസുഖമായി 2 അറയ്ക്കും മൊട്ടുസൂചി കുത്തു വലിപ്പമുള്ള തുളയുണ്ട്. അത് അവളെ നിത്യ രോഗിയായി മാറ്റി. മുലപ്പാൽ കുടിക്കാൻ പറ്റാതെ വന്നു. കോട്ടയം മെഡിക്കൽ കോളജിൽ കൊണ്ടുപോയി ചികിത്സ ചെയ്തിരുന്ന സമയത്ത് മാന്നാനത്തു ചാവറപിതാവിന്റെ അടുത്തു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. 4 വയസ്സുവരെയും കിടന്നകിടപ്പിലായിരുന്നു. മാസം തോറും ചികിത്സക്ക് പോകുമ്പോൾ ചാവറ പിതാവിന്റെ അടുത്തു പോവുകയും കുഴിമാടത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു. 5 വയസ്സായപ്പോൾ നടക്കാൻ തുടങ്ങി. നൊവേനയും പ്രാർത്ഥനകളും വീട്ടിലിരുന്നു ചെല്ലിത്തുടങ്ങി. 9 വയസ്സായപ്പോൾ സ്കൂളിൽ ചേർത്തു മറ്റുള്ള കുട്ടികളെ ടീച്ചർ വഴക്കു പറയുമ്പോൾ ഇവൾക്ക് ഭയമായിരുന്നു. ചാവറപ്പിതാവിനോടു അമിതമായ സ്നേഹവും വിശ്വാസവും കുട്ടിക്കു ചെറുപ്പത്തിലെ ഉണ്ടായിരുന്നു. പിന്നീടു തിരുവനന്തപുരം ശ്രീചിത്തിര മെഡിക്കൽ കോളജിൽ കാണിച്ചു ചികിത്സ ചെയ്തുകൊണ്ടിരുന്നു. സ്ക്കുളിൽ വിടണ്ടെന്ന് ഡോക്ടർ പറഞ്ഞു. തുടർന്നു നിത്യവും ചാവറപിതാവിന്റെ നൊവേനയും പ്രാർത്ഥനയും അവളുടെ ഇഷ്ടത്തിനനുസരിച്ചു ചൊല്ലി വന്നിരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിലേറെയായി ഓക്സിജൻ സിലണ്ടറിന്റെ സഹായത്തോടെയാണ് വീട്ടിൽ ജീവിക്കുന്നത്. സിലണ്ടറിന്റെ സഹായം കൂടാതെ സ്വയമായി ശ്വസനത്തിനു സാധിക്കുന്നില്ല. ദിവസത്തിൽ വളരെ കുറച്ചു സമയം മാത്രമെ യന്ത്രം സ്റ്റോപ്പ് ചെയ്യാനാവു. ഇന്നും ചാവറപ്പിതാവിന്റെ അടുത്തു പോകാൻ ഏറെ താല്പര്യം കാണിയ്ക്കുന്നു. മാത്രമല്ല വീട്ടിൽ വരുവന്നരോടെല്ലാം

ചാവറപിതാവിനെക്കുറിച്ചു അവൾ പറഞ്ഞുകൊണ്ടിരിക്കുന്നു. മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും അവളിൽ നിന്നു തന്നെ ചാവറപ്പിതാവിനോടു ഭക്തിയുണ്ടായി.

മൂത്ത സഹോദരൻ വൈദികപഠനത്തിന് പോയപ്പോൾത്തന്നെ അവൾ ചാവറപ്പിതാവിന്റെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞു ചാവറപ്പിതാവിനോട് എന്നും പ്രാർത്ഥിക്കണം. വൈദികനായി കഴിയുമ്പോൾ ചാവറപിതാവിന്റെ അടുത്തുപോയി കുർബ്ബാന ചൊല്ലണമെന്നും അവൾ പറഞ്ഞു. അതനുസരിച്ചു ജോമോനച്ചൻ (ഫാ. ജോമോൻ കൊച്ചുകണിയാമ്പറമ്പിൽ) തിരുപ്പട്ടം സ്വീകരിച്ചതിനുശേഷം മാന്നാനത്തു കുടുംബസമേതം പോകുകയും അവിടെ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. വീണ്ടും അവൾ പ്രാർത്ഥന തുടർന്നു. ഇളയ സഹോദരൻ ജോജി പഠിച്ചുമിടുക്കനാകുകയും ചാവറപിതാവിന്റെ മദ്ധ്യസ്ഥത്താൽ നല്ല ജോലി കിട്ടുകയും ചെയ്തു. അതു ഇപ്രകാരമായിരുന്നു: കുടുംബസമേതം ചാവറപ്പിതാവിന്റെ കബറിടത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ജോലിയ്ക്കുപോകുവാനുള്ള അപേക്ഷ മെയിൽ അയച്ചു. തുടർന്ന് പരീക്ഷ എഴുതി പാസ്സാകുകയും ചെയ്തു. നല്ല ജോലി ലഭിച്ചു. ഇതിനും പ്രേരണ നല്കിയത് ജോബിയാണ്. ജോജിയുടെ വിവാഹശേഷവും, ആദ്യകുഞ്ഞുണ്ടായപ്പോളും എല്ലാകുടുംബാംഗങ്ങളെയും കൂട്ടി ജോബിയുടെ നിർദ്ദേശപ്രകാരം മാന്നാനത്തു പോകുകയും പ്രാർത്ഥികയും ചെയ്തു. ദുബായിൽ ജോലിചെയ്യുന്ന ജോജിയുടെ ഭാര്യ ഡാർലിക്കും ജോലിവാങ്ങിക്കൊടുക്കണമെന്നു ജോബി പ്രാർത്ഥിച്ചതുപോലെ സംഭവിച്ചു. ആഗ്രഹപ്രകാരം പിതാവിനോടു പ്രാർത്ഥിക്കാൻ അവൾ പറയും, അതനുസരിച്ച് അവർ നൊവേനകൾ ചൊല്ലുകയും പ്രാർത്ഥിയക്കയും ചെയ്തപ്പോൾ വീട്ടുകാർക്കും ഓരോന്നായി അനുഗ്രഹങ്ങൾ പിതാവിൽ നിന്ന് ചൊരിഞ്ഞു നല്കുന്നതായിട്ടാണ് അനുഭവങ്ങൾ. പുതിയ വീടു പണിയാൻ തുടങ്ങിയപ്പോൾ അവൾ വീട്ടിലുള്ളവർ അറിയാതെതന്നെ ചാവറപിതാവിനോട് എന്നും തിരി കത്തിച്ചുവച്ചു പ്രാർത്ഥിച്ചു. അതിന്റെ ഫലമായി ഒരു കൊല്ലംകൊണ്ട് പണി പൂർത്തിയാക്കി അത്ഭുതകരമായി മനോഹരമായ ഒരു വീടു നിർമ്മിച്ചു.

വൈക്കം കർമ്മലീത്താ മഠത്തിൽ നിന്ന് ഇവളുടെ ആഗ്രഹമനുസരിച്ച് സിസ്റ്റേഴ്സ് ഇവളെ ഇടക്ക് മാന്നാനത്ത് ചാവറപ്പിതാവിന്റെയടുത്തു കൊണ്ടുപോകുമായിരുന്നു. വീട്ടിൽ വരുന്നവരെ ജോബി ചാവ

റപിതാവിന്റെയടുത്തു പറഞ്ഞുവിടുകയും ചാവറപിതാവിനോടുള്ള ഭക്തി പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

വീട്ടിൽത്തന്നെ കിടപ്പുമുറിയിൽ ഓക്സിജനും A/C യും വച്ചു കൊടുത്തിരിക്കുകയാണ്. ശ്വാസതടസ്സം ഏറെ അനുഭവപ്പെട്ടു ചികിത്സയിലും വലിയ അവശതയിലും ആയിരിക്കുന്ന അവസരത്തിലാണ് ഫാ. തോമസ് പന്തപ്ലാക്കലും തൃക്കാക്കര വിമലാഭവൻ മഠത്തിലെ മദർ അൽഫോൻസ് മരിയയും സി. റിൻസിയും വൈക്കം പള്ളിയിലും മഠത്തിലും ഒരാവശ്യത്തിനായി വന്നപ്പോൾ അപ്രതീക്ഷിതമായി ജോബിയുടെ അപ്പച്ചനെ പള്ളിയിൽ വച്ച് കാണുവാൻ ഇടവന്നു. അദ്ദേഹത്തോടൊപ്പം ഞങ്ങൾ വീട്ടിൽ പോയി. അന്നു ജോബിയെ കണ്ടപ്പോൾ തീരെ നിസ്സഹായാവസ്ഥയിലാണ് കിടന്നിരുന്നത്. ശ്വാസം കിട്ടുന്നുണ്ടായിരുന്നില്ല ദേഹം മുഴുവനും നീരും, കണ്ണു തുറക്കുവാൻപോലും സാധിക്കാതെ തളർന്നുകിടക്കുകയായിരുന്നു. അച്ചൻ പ്രത്യേകം പ്രാർത്ഥിച്ചു ആശീർവ്വാദം നല്കി. പിറ്റേ ദിവസം നല്ല സൗഖ്യം അവൾക്കനുഭവപ്പെട്ടു. ചാവറയച്ചൻ വന്നുതൊട്ടു പ്രാർത്ഥിച്ചു എന്ന് അവൾ അപ്പനോടും അമ്മയോടും പറഞ്ഞു. ഇപ്പോൾ അവൾ എഴുന്നേറ്റു നടക്കുകയും സംസാരിക്കുകയും വീട്ടിലേക്കുവരുന്ന ഫോൺ വിളികൾ സ്വീകരിക്കുകയും ചെയ്യുന്നു. മകൾക്ക് ഏറെ ആശ്വാസമായി എന്നു മാതാപിതാക്കൾ നന്ദിയോടെ എടുത്തു പറഞ്ഞുകൊണ്ടിരിക്കുകയാണ്

രോഗത്തിന്റെ വലിയ വേദന അനുഭവപ്പെടുമ്പോഴൊക്കെ ഏലിയാസച്ചാ എന്റെയടുത്തു വരണെ, എന്നെ അങ്ങയുടെ കരങ്ങളിൽ ഏൽപ്പിക്കുന്നു എന്നു അവൾ പറയും. ജോബിയുടെ അനുജത്തി അൽഫോൻസയുടെ കാര്യം അവൾ പ്രത്യേകം എടുത്തു പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഏലിയാസച്ചാ എന്റെ അനുജത്തിയുടെ കാര്യവും കൂടി ഒന്നു നടത്തണെ എന്ന്. ഇപ്പോൾ അൽഫോൻസ നേഴ്സ് ആയി മെഡിക്കൽ ട്രസ്റ്റൽ ജോലി ചെയ്യുന്നു. ഇതു ജോബിയുടെ പ്രാർത്ഥനയുടെയും നിർദ്ദേശത്തിന്റെയും ഫലമായിരുന്നു. അൽഫോൻസ നേഴ്സിംഗ് പഠിക്കണമെന്നാഗ്രഹിച്ചപ്പോൾ അവിചാരിതമായി അശോകപുരം നേഴ്സിംഗ് സ്കൂളിൽ നിന്ന് അങ്ങോട്ടുവിളിച്ചു സ്കുളിൽ ചേർക്കുകയായിരുന്നു. ഇതെല്ലാം ചാവറപിതാവു വഴിയും ജോബിയുടെയും കുടുംബാംഗങ്ങളുടെയും പ്രാർത്ഥനയുടെയും ഫലമാണെന്ന് അവർ സമ്മതിച്ച് ചാവറപിതാവിനെ സ്തുതിക്കുന്നു. ഇങ്ങനെ ഓർമ്മവച്ചനാൾ മുതൽ വാ. ഏലിയാസച്ചനെക്കുറിച്ചുള്ള

ഓർമ്മയാൽ, ചാവറയച്ചൻ ജീവനുള്ള വ്യക്തിയായി അടുത്തുവന്നിരിയ്ക്കുന്ന അനുഭവവുമായി ജീവിക്കുന്ന നല്ലൊരു വ്യക്തിത്വത്തിന്റെ ഉടമയാണ് സഹനദാസിയായ ജോബി. മാതാപിതാക്കളും ഏറെ സഹിക്കേണ്ടി വരുന്നുണ്ടെങ്കിലും അവർ ഒരു വലിയ അനുഗ്രഹമായിട്ടാണ് ഈ കുഞ്ഞിനെ കാണുന്നത്. ഏറെ കാരുണ്യത്തോടും സ്നേഹത്തോടും അഭിമാനത്തോടും കൂടെയാണ് ഈ കുട്ടിയെ ശുശ്രൂഷിക്കുന്നതും, സംരക്ഷിയ്ക്കുന്നതും.

36 വയസ്സുള്ള ജോബിമോൾ കണ്ടുമുട്ടുന്ന ഏവർക്കും ഒരു വലിയ ചൈതന്യമായി സഹനത്തിന്റെ മാഹാത്മ്യം മനസ്സിലാക്കിക്കൊടുത്തുകൊണ്ട് വാ. ചാവറപ്പിതാവിനാൽ അനുഗ്രഹീതയായി മുന്നേറുന്നുവെന്നതിൽ അഭിമാനിക്കാം. ഇന്നും ഓക്സിജൻ സിലണ്ടറിന്റെ സഹായത്തോടെയാണ് ജീവിക്കുന്നതെങ്കിലും ഈ സഹന പുത്രി മറ്റുള്ളവരുടെ എല്ലാ ആവശ്യങ്ങളിലും ചാവറപിതാവിന്റെ മാദ്ധ്യസ്ഥം തേടുകയും അനുഗ്രഹങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്യുന്നു. ഈ മകൾക്കുവേണ്ടി പ്രാർത്ഥിക്കുക നമ്മുടെ കടമയായി നമുക്കെടുക്കാം ഈ മകളുടെ സാന്നിദ്ധ്യം വലിയ ആശ്വാസവും ആനന്ദവുമായെടുക്കുന്ന ഈ കുടുംബത്തിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.



"Never pity missionaries; envy them. They are where the real action is – where life and death, sin and grace, Heaven and Hell converge." – **Robert C. Shannon**

# Pope Francis on Mission



The work of evangelisation often finds obstacles, not only externally, but also from within the ecclesial community…. Sometimes, it is still thought, that proclaiming the truth of the Gospel means an incursion on freedom. Paul VI speaks eloquently on this: "It would be … an error to impose something on the consciences of our brethren. But to propose to their consciences the truth of the Gospel and salvation in Jesus Christ, with complete clarity and with total respect for free options which it presents … is a tribute to this freedom" (*Evangelii Nuntiandi*, 80). We must always have the courage and the joy of proposing, with respect an encounter with Christ, and become heralds of his Gospel. Jesus came amongst us to show us the way of salvation and he entrusted to us the mission to make it known to all to the ends of the earth. All too often, we see that it is violence, lies and mistakes that are emphasised and proposed. It is urgent in our time to announce and witness the goodness of the Gospel, and this from within the Church itself….

In our era, the widespread mobility and facility of communication through new media have mingled people, knowledge, experience. For work reasons entire families move from one continent to another; professional and cultural exchanges, tourism, and other phenomena have also propelled great movements of peoples. This makes it difficult, even for the parish community, to know who lives permanently or

temporarily in the area. More and more also, in large areas of what were traditionally Christian regions, the number of those who are total strangers to faith, or indifferent to the religious dimension or animated by other beliefs have increased. Therefore it is not infrequent that, some baptised make lifestyle choices that lead them away from faith, thus making them in need of a "new evangelisation". To all this is added the fact that a large part of humanity has not yet been reached by the good news of Jesus Christ.

We also live in a time of crisis that touches various sectors of existence, not only that of the economy, of finance, of food security, or the environment, but also that of the deeper meaning of life and the fundamental values that animate it. Even human coexistence is marked by tensions and conflicts that cause insecurity and difficulty in finding the right path that leads to a stable peace. In this complex situation, where the horizon of the present and future paths seem threatened by menacing clouds, it is necessary to proclaim with courage in all realities, the Gospel of Christ, which is a message of hope, reconciliation, communion and proclamation of God's closeness, of his mercy, his salvation; a proclamation that the power of God's love is able to overcome the darkness of evil and guide us on the path of goodness.

Humanity of our time needs the secure light that illuminates its path and that only the encounter with Christ can give. Let us bring to this world, through our witness, with love, the hope given by faith! The Church's missionarity is not proselytising, but the testimony of a life that illuminates the path, which brings hope and love. The Church – I repeat once again – is not a relief organisation, an enterprise or an NGO, but a community of people, animated by the Holy Spirit, who have lived and are living the wonder of the encounter with Jesus Christ and want to share this experience of deep joy, the message of salvation that the Lord gave us. It is the Holy Spirit that guides the Church in this path.

From "Message for World Mission Sunday"

# ഓർമകളിലെ പാപ്പുവാ ന്യൂഗിനി



**ഫാ. ആന്റണി ഞള്ളമ്പുഴ സി.എം.ഐ**

പാപ്പുവൻ നിവാസികളോടൊപ്പം കുറച്ചുകാലമെങ്കിലും കഴിഞ്ഞിട്ടുള്ളവർ ആ ജനങ്ങളെ മറക്കില്ല. ശാന്തസമുദ്രത്തിൽ ചിതറിക്കിടക്കുന്ന ശാന്തവും മനോഹരവുമായ ആ ഭൂപ്രദേശത്തെയും ആർഭാടങ്ങളില്ലാത്ത ഒരു ജനത - വസ്ത്രധാരണത്തിലും ഭാഷയിലും പെരുമാറ്റ വിശേഷങ്ങളിലും ഈ ആർഭാടമില്ലായ്മ തന്നെയാണ് അവരുടെ അലങ്കാരം. പുറം കറുത്തിട്ട് അകം വെളുത്ത മനുഷ്യർ. പുറം വെളുത്ത മിഷനറിമാരാണ് ഇന്ന് ഇവിടെ കൂടുതൽ. കറുകറുത്ത ഇന്ത്യൻ സായിപ്പുമാരും അപൂർവ്വമായിട്ടെങ്കിലും ഇവിടുണ്ട്. എന്നാൽ ഇരുനിറമുള്ള ഇന്ത്യൻ മിഷനറിമാരെയാണ് ഇവർക്ക് പഥ്യം. ഇന്ത്യൻ മിഷനറിമാരോട് ഇവിടുള്ളവർ പറയും:

യുമി വൺടോക്ക്
സ്കിൻ ബീലോംങ്ങ് യുമി വൺകയിആൻ.

നാം ഒരുനിറം. നാം ഒരു മനം. നാംൽ ഒന്ന് എന്ന് സാരം. സാഹോദര്യത്തിന്റെ വിരിച്ചകരങ്ങളും മുറുക്കാൻ ചെമപ്പിച്ച വിടർന്ന ചിരിയും കൈപ്പിടിച്ചു കുലുക്കലും 'ബുവായി'മാർ (അമ്മ) ഒക്കത്തിരുന്ന് 'സുസു' (മൂല-മുലപ്പാൽ) നുണയുന്ന 'ലിക്ക് ലിക്ക് പികിനികളെ' (പൊടിക്കുഞ്ഞുങ്ങൾ) കാണിച്ചുകൊണ്ട് പറഞ്ഞു.

'ഇവന്റെ പേര് പാത്തർ ജോയി.'
'ഇവന്റെ പേര് പാത്തർ ജോസഫ്.'

ഘട്ടം ഘട്ടമായുള്ള ഗാരമുട്ടിലെ മുട്ടലുകൾ,( ഇതുതന്നെ സൈറൺ. കാടിന്റെ ഏത് മുക്കിലും മൂലയിലും ചെന്നെത്തുന്ന മരമുരളീനാദം. ഇത് ഇവരുടെ ഇന്റർനെറ്റ്) അവസാനിക്കുന്നതോടെ 'ഹൗസ് ലോട്ടു' (പള്ളി) എന്ന് വിളിക്കുന്ന ഷെഡിൽ 'മീസാ' (കുർബാന) നടത്തുവാനുള്ള കർമ്മങ്ങൾ അരങ്ങേറുകയായി. അൾത്താര എന്ന വീപ്പയടെമേൽ കപ്യാർ 'ലാപ് ലാപ്' (അൾത്താരവിരി) വിരിക്കുന്നു. വൈദികനെ അൾത്താരയിലേക്ക് ആനയിക്കുവാനുള്ള കാട്ട് കന്യകകൾ പുഷ്പഫല ലതകൾകൊണ്ട് ശരീരമാസകലം സ്വയം അലങ്കരിക്കുന്നു. 'മങ്കി'കൾ )യുവാക്കന്മാർ) ആരാധന ഗീതങ്ങളുടെ തനിമയുള്ള ഗോത്ര ശീലുകൾ ഗിത്താറിന്റെ തന്ത്രികളിലൂടെ വിരലോടിച്ച് പ്രാ

ക്ടീസ് നടത്തുന്നു. മറ്റ് 'മാൻ മേരി'മാർ (ആണുങ്ങളും പെണ്ണുങ്ങളും) കാട്ടുപൂക്കൾകൊണ്ട് നിറച്ച കുപ്പികളും മുളം തണ്ടുകളുംകൊണ്ട് അൾത്താരയെ 'ബിലിസിം' ചെയ്യുന്നു (അലങ്കാരം). ചടങ്ങുകൾ പൂർത്തിയായാൽ പിന്നെ കാത്തീസ്റ്റിന്റെ ഊഴമായി. ദിവസത്തിന്റെ വായനകളും ആമുഖവും പറഞ്ഞ് കുട്ടികളെ കേറ്റിയിരുത്തി പട്ടികളെ തൽക്കാലം ഇറക്കിവിട്ട് ഉടുത്തൊരുങ്ങി നിൽക്കുന്ന മങ്കമാർക്ക് പ്രദക്ഷിണത്തിന് ഒരുക്കമായുള്ള 'കാലെറിയാൻ' (ഡാൻസ്) അവസരമൊരുക്കുന്നു. ഒപ്പം ഗാനശീലുകളും.

ഇവരുടെ മധുര സ്വര ഗീതികൾക്കൊപ്പം ചീവിടുകളുടെ ബുഷ് മ്യൂസിക്കും കുറുക്കന്മാരുടെ ഓരിയിടലും അമ്മമാരുടെ കൈയിലിരിക്കുന്ന പന്നിക്കുഞ്ഞുങ്ങളുടെ മുക്രയിടലും പശ്ചാത്തലമാക്കി 'മിസാ' ആരംഭിക്കുന്നു.പടി പടിയായി പൂജ പുരോഗമിക്കുന്നു. വേദഗ്രന്ഥ വായന കഴിഞ്ഞാൽ പാതിരിയുടെ പ്രഭാഷണമാണ്. അവരുടെ ജീവിതവും നായാട്ടും സാഹചര്യങ്ങളും മിത്തുകളും 'തുമ്പൂന സ്റ്റോറി'കളും (പൂർവ്വികരുടെ കഥകൾ) ഇടകലർത്തിയുള്ള പ്രഭാഷണമാണ് അവർ ഇഷ്ടപ്പെടുക. വചനത്തിൽ സാകൂതം അവർ ചെവി തരികയും ചെയ്യും. കാഴ്ച സമർപ്പണവും നൃത്തവാദ്യ സമ്പന്നമാണ്. ഞായറാഴ്ചകളിലെ വിശുദ്ധ ബലിയോടനുബന്ധിച്ചാണ് വിവാഹവും മാമോദീസയും. ട്രെഡീഷണൽ മാരിറ്റിനുശേഷം ഒഫീഷ്യൽ മാരിറ്റിന് എത്തുന്ന ഇവരുടെ ഉള്ളിലും പുറത്തും കുട്ടികളുമുണ്ടാവും. നാണവും ചിരിയും കലർന്ന സമ്മിശ്ര ഭാവങ്ങളോടെ പലപ്പോഴും പൊട്ടിച്ചിരികളും കൂട്ടച്ചിരികളുമായി ഇവർ പരസ്പരം കൈകാടുക്കുകയും മോതിരം കൈമാറുകയും ചെയ്യും. പൂജകഴിഞ്ഞാൽ അടുത്ത ഇനം പുറത്തിറങ്ങി അൽപം 'മലോലോ' (വിശ്രമം) യാണ്. പന്നിയും പച്ചിലകളും പഴവർഗ്ഗങ്ങളും ചിലർ വിൽപന നടത്തുകയും ചെയ്യും. പാതിരി ദർശനവും കൈകുലുക്കലും ഹലോ പറയലും. 'വറി'പറയലും പതിവു പരിപാടി. പിന്നീട് അൽപം 'സോക്കാ'കളി. പിന്നീട് കൂരകളിലേക്ക്. നാലുകാലിൽ തട്ട് തീർത്ത് ഓലമേഞ്ഞ വീടുകളുടെ നടുഭാഗത്തുള്ള അഗ്നികുണ്ഡങ്ങളാണ് ഇവരുടെ വട്ടമേശകൾ. ഈ വട്ടമേശയ്ക്ക് ചുറ്റും പട്ടികളും, പന്നികളും, പൂച്ചകളും മനുഷ്യരോടൊപ്പം നടക്കുകയും കിടക്കുകയും തിന്നുകയും ചെയ്യും. ഓരോ വീട്ടിലും പട്ടികളുടെ ഒരു കൂട്ടമുണ്ടായിരിക്കും. ഇവരുടെ വിശ്വാസമനുസരിച്ച് പട്ടികൾ മരിച്ചുപോയ ഇവരുടെ പൂർവ്വികരാണ്. വേഷം മാറി ആതിഥ്യം സ്വീകരിച്ച് കഴിയുന്നു അത്രതന്നെ. വേട്ടയിൽ പട്ടികൾ കൂട്ടിനുണ്ടാവും. കാട് വളയു

ന്ന പട്ടികൾ വിവിധ സ്വരങ്ങളിലൂടെ വേട്ടക്കർക്ക് വിവിധ സൂചനകൾ നൽകിക്കൊണ്ടിരിക്കും. ഈ പന്നിയാണേ, ഒട്ടകപക്ഷിയാണോ, പാമ്പാണോ, നിലത്താണോ, ഉയരത്തിലാണോ എന്നെല്ലാം ഈ സ്വര നാദഭേദത്തിലൂടെ വേട്ടക്കാർ മനസിലാക്കി അമ്പെയ്ത് ഇരയെ വീഴിക്കുന്നു. വേട്ടയാടി കിട്ടിയ മൃഗങ്ങളുടെ തലകൾ വീടുകളുടെ ഇറമ്പിൽ ഇവർ പ്രതിഷ്ഠിച്ചിരിക്കും. ഏറ്റവും കൂടുതൽ പന്നിത്തലയും പന്നിവാലും ഉള്ളവൻ 'ബിഗ്മാൻ' (നാട്ടു പ്രമാണി).

പച്ചമരുന്നുകൾക്ക് ഇവർ 'സലാത്ത്' എന്ന് പറയും. സലാത്താണ് ഇവരുടെ സർവ്വരോഗ സംഹാരി. നീണ്ട കാട്ട് യാത്രയ്ക്കിടയിൽ മസില് വേദനിച്ച ഒരു മിഷനറി അൽപം ആശ്വാസത്തിനായി ഇരുന്നു. കപ്യാർ 'സലാത്ത്' കൊണ്ടുവന്ന് നല്ലവണ്ണം തിരുമ്മി. അത് ചൊറിയണം എന്ന മാരണമായിരുന്നു. വെള്ളക്കാരന്റെ വെളുത്ത തൊലിയിൽ പപ്പടംപോലെ കുമിളകൾ. ഒപ്പം ചൊറിച്ചിലും. ഇവർ മനസലിവോടെ മസിലിൽ ഉരയ്ക്കുന്ന മരുന്നുകൾ പലതും ഇത്തരത്തിലുള്ളവയാണ്. വിഷംകൊണ്ട് വിഷം ഇറക്കുന്നപോലെ ഒരു വേദനയെ മറ്റൊരു വേദനകൊണ്ട് ഇവർ മറികടക്കുന്നു. ഉഷ്ണം ഉഷ്ണേന ശാന്തി.

രോഗങ്ങൾ (മലേറിയ, ചുമ, ക്രൂസ്, ആദിയായവ) ഇവരുടെ ദർശനമനുസരിച്ച് ദുരാത്മാവുകളുടെ (മസാലയ്) ആവാസം മൂലമുണ്ടാകുന്നവയാണ്. ഇവയെ ആട്ടിയോടിക്കാനുള്ള മറ്റൊരു വഴി നൃത്തങ്ങളാണ്. 'പാർട്ടി' (ആഘോഷങ്ങൾ) നടത്തുക. ആഘോഷമായി ചുവടുവയ്ക്കുക. രോഗിയുടെ മനസിന് സന്തോഷം കൊടുക്കുക. ഇതാണ് ഇവരുടെ രോഗശാന്തി ശുശ്രൂഷ. ചിലർ പച്ചമണ്ണിൽ ഉരുണ്ടും മറ്റും ചിലർ പക്ഷി വേഷം കെട്ടിയും ഗോത്രാചാരപ്രകാരം ഡാൻസ് നടത്തുമ്പോൾ ഗോത്രം ഒന്നായി അവനുവേണ്ടി/അവൾക്കുവേണ്ടി, സമൂഹത്തിനുവേണ്ടി ദൈവത്തിന്റെ അനുഗ്രഹം (മാരിമാരി) ഉണ്ടാകാൻ വേണ്ടി ചില മന്ത്രക്കൂട്ടുകൾ ചൊല്ലും.

കാട്ടിൽകൂടിയുള്ള നീണ്ട പട്രോളുകൾ (വില്ലേജ് സന്ദർശങ്ങൾ) നൂറു നൂറ് അനുഭവങ്ങളുടെ ദിനരാത്രങ്ങളാണ്. ഇവരുടെ വിഭവങ്ങൾ സ്നേഹത്തോടെ സേവിക്കാനുള്ള അവസരം. ഇവരുടെ പാചകരീതികൾ കണ്ടുപഠിക്കാനുള്ള അവസരം ഭാഷാ പഠനത്തിനുള്ള അസുലഭ വേളകൾ, പാരമ്പര്യ ആചാരങ്ങളെ അടുത്തറിയാൻ കിട്ടുന്ന അവസരങ്ങൾ. ഇവരോടൊപ്പം ഇവരുടെ പരമ്പരാഗത നൃത്തത്തിൽ ചുവടുവയ്ക്കാനുള്ള അവസരം. ഒപ്പം ഇത് ഇവരുടെ 'വറി'കൾ (പരാതികൾ)

കേൾക്കാനും പരിഹാരം നിർദേശിക്കാനുമുള്ള സമയമാണ്. കോരി ച്ചൊരിയുന്ന മഴയിൽ കാട്ടിൽ തീകൂട്ടിയ അടുപ്പിനു സമീപം ഇരുന്ന് തിരുമേനി ചൂടാക്കിക്കൊണ്ടിരിക്കെ ഒരു മങ്കി തന്റെ വറി ആരംഭിച്ചു.

പാത്തർ മീ ഗാട്ട് ലിക്ക് ലിക്ക് വറി ലോങ്ങ് ടോക്ക് ടോക്ക് ലോങ്ങ് യു (എനിക്ക് ഒരു പരാതി പറയാനുണ്ട്). ഞാൻ പറഞ്ഞു ഗുഡ്പെലാ മാൻ. ഓക്കെ യു ടോക്ക് ടോക്ക് മി ആമ്മാസ് ലോങ്ങ് ഹാരിം വറി ബി ലോങ്ങ് യു (കൊള്ളാം. നീ നിന്റെ കാര്യം പറ. എനിക്ക് കേൾക്കാൻ സന്തോഷമാണ്).

അവൻ പറഞ്ഞു: പാത്തർ, ഞാൻ ഒരു മരത്തെ കൊന്നു. എന്തിന്? (ലോങ്ങ് വാനം?) അവൻ: ഞാൻ ഞാൻ പഴം പറിക്കാൻ ആ മരത്തിൽ കയറിയപ്പോൾ ആ മരം എന്നെ തള്ളിയിട്ടു. അരിശം വന്ന ഞാൻ കോടാലിക്ക് അവന്റെ കാല് മുറിച്ചു. അവർ തലകുത്തി മരിച്ചുവീണു. ശിക്ഷയായി മരത്തിന്റെ ഉടമ (പപ്പാ ബിലോങ്ങ് ഡിവൈ) എന്നോട് ഒരു പന്നിയെ ആവശ്യപ്പെട്ടിരിക്കുകയാണ്. പാത്തറും കൂടി പന്നിപി ടിക്കാൻ എന്നെ സഹായിക്കണം.

മരത്തെയും സർവ്വ ചരാചരങ്ങളെയും മനുഷ്യരെപ്പോലെ തന്നെ കാണുന്ന മഹത്തായ മനോഭാവം. മരത്തിന്റെ വേര് ഇവർക്ക് മരത്തി ന്റെ കാലാണ്. മരത്തിന്റെ തടി ഉടൽ, ശിഖരങ്ങൾ കൈകൾ, ഉയർന്ന ഭാഗം, ഒരുപാട് കൈകളുള്ള മരമനുഷ്യൻ തന്നെ തള്ളിയിട്ടതിലാണ് ഈ യുവാവിന് കോപം.

അഗ്നികുണ്ഡത്തിനരികിൽ തീ കാഞ്ഞിരിക്കെ ഒരു കാരണവർക്ക് ഇന്ത്യയെക്കുറിച്ചറിയണം. അവിടെയും മുറുക്കാറുണ്ടോ? അവിടെയും വലിക്കുമോ? അവിടെ മദ്യം ഉണ്ടോ? അവിടെ പന്നിയുണ്ടോ? അവി ടെ നിങ്ങൾക്ക് 'ഷെൽ കമ്പങ്ങ്' ഉണ്ടോ? (ലിംഗാഗ്ര ചർമമ്മ കവച കു ണ്ഡലം) ഇങ്ങനെയിങ്ങനെ... ഇന്ത്യ അവരുടെ അറിവിൽ അധ്യാപക രുടെയും വൈദികരുടെയും വൈദ്യന്മാരുടെയും രാജ്യമാണ്. ഇന്ത്യൻ മരുന്നുകൾ ഇവിടുള്ള മരുന്നു കടകളിൽ സുലഭം. ഇന്ത്യൻ ഡോക്ടർ മാരും ഒരുകാലത്ത് ഇവിടെ ഉണ്ടായിരുന്നതായി ഇവർ പറയുന്നു.

ഇങ്ങനെ കഥ മുറുകുമ്പോൾ തീയിൽ ചുട്ടെടുത്ത ഒരു പന്നി എലി യുടെ തുടയും പച്ചില പിസിന്റെ നടുവും (അച്ചന് ഏറ്റവും നല്ലത്) ' കുമു'വിനൊപ്പം (പച്ചിലകറി) 'ബിനാടങ്ങും' കലർത്തി എനിക്ക് മു മ്പിൽ എത്തി. 'ബിനാടങ്ങ്' എന്നാൽ ഇവിടങ്ങളിലുള്ള ചെതുക്ക് മര

ങ്ങളിൽ നിന്ന് തിരഞ്ഞ് പിടിക്കുന്ന വൈറ്റമിൻ സമ്പന്നമായ നമ്മുടെ ചാണക പുഴുവാണ്. ഗതികെട്ടാൽ പുലി... അപ്പോഴേക്കും അവരുടെ വിശിഷ്ട ഭോജ്യം മുമ്പിലെത്തി 'സാക് സാക്' (പനമ്പൊടി കേക്ക്). കൂടെ ഒട്ടക പക്ഷിയുടെ പുഴുങ്ങി ഉടച്ച മുട്ട അപ്പോൾ പിടിച്ച കാട്ടുപന്നിയുടെ പൂടയോടു കൂടിയ ചുട്ട ഇറച്ചിയും. നാം അവർക്ക് വേണ്ടപ്പെട്ടവരായാൽ സൽക്കാരം കൊണ്ടവർ നമ്മെ ശ്വാസം മുട്ടിക്കും. 'കായ്കായ്' (ഭക്ഷണം) കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഇവർ വെച്ചു നീട്ടുന്ന കത്തിച്ച 'ബ്രൂസിൽ' നിന്നും (പുകയില) ഓരോ കവിൾ പുക എടുത്താ മൂക്കിൽ കൂടി ആകാശവിതാനങ്ങളിലേക്ക് ഊതി വിടുകയും വേണം. ആഹാരം ഒരു കവിൾ ധൂമാർപ്പണം. ഇത് കാടിന്റെ മക്കളുടെ ആതിഥ്യ മര്യാദ. ഇതാണ് കാടിന്റെ 'കൾസ്' (കൾച്ചർ). ഇവിടെയാണ് ഇറ്റാലിയൻ, ഓസ്ട്രേലിയൻ മിഷനറിമാർ വൻ പരാജയമാകുന്നത്. അവർക്ക് ഇതൊന്നും പഥ്യമല്ല. ഇവർക്ക് കൈകൊടുക്കാൻ മടി... കൊടുത്താൽ ഓടിപ്പോയി മാറിനിന്ന് സോപ്പുവെള്ളത്തിൽ കൈ കഴുകും... അവരുടെ കുടിലുകളിൽ കയറില്ല... കാടിനോട് പേടി... ദ്വീപിന്റെ തീര പ്രദേശങ്ങളിലെ പള്ളികളിലും അരമനയുടെ അകത്തളങ്ങളിലും അടിഞ്ഞുകൂടാൻ വെമ്പൽ... വെള്ളക്കാരന്റെ മിഷൻ പ്രവർത്തനത്തിന്റെ മിസിംഗ് ലിംഗ് കൾച്ചർ ഷോക്കാണ്. ഇവിടെയാണ് ഇന്ത്യൻ മിഷനറിമാർ വൻ വിജയമാകുന്നത്.

കാട്ടുയാത്രകൾക്കിടയിൽ കണ്ടുമുട്ടുന്ന പക്ഷിമൃഗാദികളും വൃക്ഷലതാദികളും എത്രയേറെ... ജൈവ വൈവിധ്യം കൊണ്ടനുഗ്രഹിക്കപ്പെട്ട ഒരു ദ്വീപ സമൂഹം... അപൂർവ്വ സസ്യങ്ങളും പക്ഷിജാലങ്ങളും... തലങ്ങും വിലങ്ങും നാനാജാതി പൂമ്പാറ്റകളുടെ വർണ്ണാഭ... വൃക്ഷശാഖകളിൽ പക്ഷിക്കുടങ്ങളുടെ ഗാനമേള... റാകി പറക്കൽ... ഇവിടുത്തെ ഒരു കവിയുടെ കവിതയിലെ ചില വരികൾ ഇങ്ങനെ പരിഭാഷ ചെയ്യാം:-

ഇവിടെ ഉദയത്തിന് മുമ്പ് ഉണർത്തുപാട്ട് പാടുന്ന
പക്ഷികളുണ്ട്. സന്ദേശം കൈമാറുന്ന പക്ഷികളുണ്ട്
മദ്യാഹ്നഹ്നത്തിലെ മന്ദമാരുതനിൽ മനസിനെ
രമിപ്പിക്കുന്ന ചില പക്ഷികളുണ്ട്...
അസ്തമയ സൂര്യനൊപ്പം ശോകഛവിയുടെ
ഈണമുതിർക്കുന്ന പക്ഷികളുമുണ്ട്...
കുളിർ ചോലകൾക്കിടയിൽ തരുലതാദികൾക്ക്
മറവിൽ കൂട് കൂട്ടുന്ന പക്ഷികളുണ്ട്...

കടലോരങ്ങളിൽ തമ്പടിച്ച് തിരമാലകളുടെ
തരംഗ മാലകൾക്കൊപ്പം ഒരിയിട്ട് ആരവം
തീർക്കുന്ന പക്ഷിജാലങ്ങളുമുണ്ട്.
അർദ്ധരാത്രിയിൽ കാനന നർത്തകർക്കൊപ്പം
വൃക്ഷശാഖകളിലിരുന്ന് കുണ്ടുവിന്റെ താള-
ത്തിനൊപ്പം ചുവടുവയ്ക്കുന്ന (കാലെറിയുന്ന)
അപൂർവ്വം പക്ഷികളുമുണ്ട്...

പക്ഷികളുടെ തൂവലുകൾ ശേഖരിക്കലും കരുതലും ഇവർക്ക് നിധിപോലെ പ്രദാനം. ആഘോഷങ്ങൾ (പാർട്ടി) അരങ്ങേറുമ്പോൾ ശരീരം അലങ്കരിക്കാനുള്ള (ബിലാസിം) വർണ്ണ കൂട്ടുകളാണ് ഈ തൂവൽ സ്പർശം. 'തൂമ്പുനാകൾ' (പൂർവ്വികർ) ശേഖരിച്ച് കരവിരുതിലൂടെ രൂപകൽപന ചെയ്ത തൂവൽ കിരീടങ്ങളും തൂവൽ കവചങ്ങളും ഇവർക്ക് പൈതൃക സ്വത്താണ്. തലമുറകളായി ഇവർ ഇത് കൈമാറ്റം ചെയ്തു സൂക്ഷിക്കുന്നു. കുലത്തിനുവേണ്ടിയുള്ള പൂർവ്വികരുടെ ഈടുറ്റ ഈടുവയ്പുകളാണ് ഈ തൂവൽ തോരണങ്ങൾ. കാമുകി കാമുകന്മാർ പ്രണയ പരാഗങ്ങൾ വാരിവിതറുന്നതും പ്രണയ പനി പിടിക്കുന്നതും പ്രണയ പിണക്കങ്ങൾ ഇണക്കിത്തീർക്കുന്നതും വർണ്ണ തൂവലുകളുടെ കൈമാറ്റത്തിലൂടെയാണ്.

മിഷൻ സ്റ്റേഷനുകളിൽ മിഷനറിയുടെ ആഗമനം ഗ്രാമവാസികളെ ഏറെ നേരത്തെ വിളിച്ചറിയിക്കുന്ന പക്ഷികളുണ്ട്. (കപ്യാരന്മാരുടെ അഭിപ്രായം). ഇത്തരം പക്ഷികൾ കാട്ടിൽ ഓരോ പ്രദേശത്തുമുണ്ട്. ശത്രുക്കളുടെ സൂചന, പ്രകൃതി ക്ഷോഭങ്ങളുടെ മുൻകൂർ സൂചന ഇവ നൽകാറുണ്ടത്രേ. ഇവിടെ അടുത്തുള്ള 'ഐകുപ്പേ' എന്ന കടലോര രൂപതയുടെ ഒരുഭാഗത്ത് 'സുനാമി' (തിര ആകാശം മുട്ടെ ഉയർന്ന് കടലോരങ്ങളെ കുത്തി മാന്തി കൊണ്ടുപോകുന്ന പ്രതിഭാസം) ഉണ്ടാകുന്നതിനു മുമ്പ് കടൽപക്ഷികളും കടൽ ഞണ്ടുകളും അപകട സൂചന മണത്തറിഞ്ഞ് അപൂർവ്വ സ്വരങ്ങൾ പുറപ്പെടുവിച്ച് സൂചന നൽകിയിരുന്നെങ്കിലും കേട്ടവർ അത് കാര്യമായി കരുതിയില്ലത്രേ. ഇത് ഇവരുടെ ഇടയിലെ സംസാരം.

ഈ രാജ്യത്തെ ദേശീയ പക്ഷിയാണ് 'കുമിൾ' (ബേർഡ് ഓഫ് പാരഡൈസ്) ഏഴഴകുകളുള്ള ഒരു പക്ഷി. ഇവയുടെ നീണ്ട തൂവലുകൾ ആകർഷകമായ വർണ്ണ വൈചിത്ര്യങ്ങളോശട നേരിയ നാരുകൾപോലെ വിതാനിച്ചിരിക്കുന്നു. കുഷ്യ സമമായ മാർദ്ദവത്തോടെയുള്ള ശി

രോ രോമങ്ങൾ... ഈ പക്ഷികൾ ഈ രാജ്യത്തിന്റെ മാത്രം പൈതൃകം. ഉയരമുള്ള മരങ്ങളിൽ വസിക്കുന്ന ഇവയുടെ കൂടുകൾ, വംശവർദ്ധനാ രീതികൾ ഇന്നും ഇവർക്ക് അജ്ഞാതം. ഉയരങ്ങളിൽ ഒരുമയോടെ വസിക്കുന്ന ഇവ ബേർഡ് ഓഫ് പാരഡൈസ് എന്ന് അറിയപ്പെടുന്നു. ഇവരുടെ ഈ ഭാഷയിൽ ഇതിന് 'കുമിൾ' എന്ന് പറയും. സമൂഹജീവിതം നയിക്കുന്ന ഇവയുടെ കൂട്ടങ്ങൾ ഓരോ പ്രദേശത്തെയും ഉണ്ടാവും. ഓരോ പ്രാദേശിക ഗോത്രത്തിനും ഓരോ നേതാക്കന്മാരും അതിരാവിലെ നേതാവ് ഉണരുന്നു. ചൂളം വിളിക്കുന്നു. ഈ കുടുംബത്തിലെ പക്ഷികൾ നേതാവിനൊപ്പം ഉയർന്ന മരത്തിന്റെ ശാഖകളിൽ ഒരുമിച്ചുകൂടി കലപില നാദത്തിൽ 'സപ്ര' നടത്തുന്നു. അതിനുശേഷം യോഗംപിരിച്ചുവിടുന്നു. സന്ധ്യയ്ക്ക് വീണ്ടും നേതാവിന്റെ ചൂളമടി. വീണ്ടും യോഗം. കലപില. റംശയും ലെലിയയും എത്തിച്ച് കിടക്കയിലേയ്ക്ക്...

ഇങ്ങനെ പറഞ്ഞാൽ തീരാത്ത കഥകളുടെയും മിത്തുകളുടെയും അക്ഷയ നിധികളുറങ്ങുന്ന മനോഹരമായ ഒരു ഭൂപ്രദേശമാണ് പാപ്പുവ ന്യൂ ഗിനി... ഒരുവട്ടം കൂടി ആ മലകളിലും ഗ്രാമങ്ങളിലും കടലോരങ്ങളിലും കാലുകുത്താൻ ആഗ്രഹിക്കാത്ത പൂർവ്വ മിഷനറിമാരുണ്ടോ? ഇല്ലെന്നു തന്നെ കരുതാം. ഇരിക്കുമ്പോൾ പരക്കുന്ന ചില മനുഷ്യരെപ്പോലെ പാപ്പുവയെക്കുറിച്ച് എഴുതാനിരുന്നാൽ അനന്തമായി അത് പരന്നുപോകും... ഏതായാലും പാപ്പുവ മിഷൻ ഒരു അടഞ്ഞ അദ്ധ്യായമല്ല ഇന്നും തുറന്നു കിടക്കുന്ന പച്ചയായ മേച്ചിൽപുറമാണ്... ഇടയന്മാരെ ഏറെ ആവശ്യമുള്ള അനേകം രൂപതകൾ അവിടെ ഇനിയും ബാക്കിനിൽക്കുന്നു... കൊയ്യാൻ പാകമായ വിളകളും ഇവരുടെ മനോഹരമായ ഭാഷയെക്കുറിച്ചും അജപാലാനാനുഭവങ്ങളെക്കുറിച്ചും എഴുതുവാൻ ഇനിയും ഏറെയുണ്ട്. എങ്കിലും വിസ്താരഭയത്താൽ 'പാപ്പുവൻ കുറിപ്പുകൾ' ഇവിടെ അവസാനിപ്പിക്കുന്നു.

"Missionary zeal does not grow out of intellectual beliefs, nor out of theological arguments, but out of love" – **Roland Allen**

# പ്രാർത്ഥന : അറിയാതെ പോകുന്നത്



**ബ്രദർ ബിന്റോ മാമ്പിള്ളിക്കുന്നേൽ സി.എം.ഐ**

*നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച് രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക...(മത്തായി. 6:6)*

കർത്താവേ, കർത്താവേ എന്ന് എന്നോടുവിളിച്ച പേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറ വേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക. അപ്പോൾ പ്രാർത്ഥ നയെന്നത് അധരജപങ്ങളല്ല. ജീവിതാവസ്ഥയാണ്. പ്രാത് + അർച്ചന = പ്രാർത്ഥന. കിഴക്കിലേക്കുള്ള അർപ്പണം. എന്താണ് ഞാനർപ്പിക്കേ ണ്ടത്? ഉത്തരം എന്റെ പ്രവർത്തികൾ തന്നെ. അതാണ് മത്തായി 6:6 ൽ അവൻ ഇങ്ങനെ പഠിപ്പിക്കുന്നത് മുറിയിൽ കയറി കതകടച്ച് പിതാ വിനോടു പ്രാർത്ഥിക്കുക.

ആത്മാവിന്റെ ആലയമാണ് ശരീരമെങ്കിൽ, ആ വീടിന്റെ വാതായ നങ്ങളാണ് ഇന്ദ്രിയങ്ങൾ. കാരണം ഇന്ദ്രിയങ്ങളിലൂടെയാണ് ഒരുവൻ ലോകത്തെ അറിയുന്നത്. ഇന്ദ്രിയം മറക്കുക എന്നതാണ് പ്രാർത്ഥന യുടെ ആദ്യപടി. ഭാരതീയ ആചാര്യന്മാർ പറഞ്ഞുവയ്ക്കുന്നു ഇന്ദ്രിയനിഗ്രഹത്തിലാണ് പ്രാർത്ഥന ആരംഭിക്കുന്നത്.

വാതിലടച്ചുകഴിഞ്ഞാൽ തിരിയുന്നത് സത്തയിലേക്കാണ്. അതാ യത് പ്രാർത്ഥന എന്നത് തിരശ്ചീന പ്രവർത്തിയല്ല. അത് ഒരു ലംബ പ്രവർത്തിയാണ്. പ്രാർത്ഥന മുകളിലേക്കുയരുന്നു. ദൈവത്തിങ്കലെത്തി അനുഗ്രഹമായി തിരിച്ചുവന്ന് വാതിലിലൂടെ പുറത്തേക്ക് നിർഗളിക്കു ന്നു. ക്രിസ്തു ജീവിതത്തിൽ മലകയറിയതും ഇതിനായിരുന്നു. ഇരുട്ട് അവന്റെ നേത്രങ്ങളെ മറച്ചു രാത്രിയിലെ വിജനതയുടെ ശാന്തത അവന്റെ ശ്രവണത്തെയും, ഏകാന്തത സ്പർശത്തെയും അപ്പോൾ ഹൃദയം പിതാവിങ്കലേക്കുയർന്നു. ഒരു ജപം പോലും ഈ പ്രാർത്ഥ നാവേളയിൽ ക്രിസ്തു ജപിച്ചിട്ടുണ്ടാവില്ല. അവൻ ചെയ്തത് ഒന്നു മാത്രം പിതാവിന്റെ മനസ്സറിഞ്ഞ് തന്റെ പ്രവൃത്തികളെ രൂപപ്പെടുത്തി. ചൊല്ലിക്കൂട്ടിയ പ്രാർത്ഥനയുടെ എണ്ണത്തിലേക്കല്ല ദൈവത്തോടു ചേർത്തുവച്ച ഹൃദയത്തിലേക്കാണ് അവൻ മിഴിയോടിക്കുന്നത്.

കരുണ നിറഞ്ഞ പിതാവേ എന്റെ ജീവിതം യേശുക്രിസ്തുവിനെപ്പോലെ പ്രാർത്ഥനയാകുവാൻ അനുഗ്രഹിക്കണമേ. അങ്ങനെ ഞാനും ഇന്നിന്റെ ക്രിസ്തുവായി രൂപപ്പെടട്ടെ.

**നിങ്ങൾ ചോദിക്കുന്നതിനു മുമ്പുതന്നെ നിങ്ങളുടെ ആവശ്യം നിങ്ങളുടെ പിതാവറിയുന്നു (മത്തായി 6:8)**

ഇന്നിന്റെ ആവശ്യകതയെക്കുറിച്ച് കരുതലുള്ളവനാണ് ദൈവം. അവൻ തനിക്ക് പ്രിയപ്പെട്ടവരെ വിളിക്കുന്നത് അരക്ഷിതത്ത്വത്തിന്റെ സുതാര്യതയിലേക്കാണ്. രാത്രിയുടെ യാമങ്ങളിൽ വഞ്ചിയുടെ അമരങ്ങളെ തലയിണയാക്കിയവന് കാണിച്ചുകൊടുക്കാനുണ്ടായിരുന്നത് അതാണ്. കാലിത്തൊഴുത്തും, ഉടുതുണിക്ക് മറുതുണിയില്ലാതെ ഭൂമിക്കും ആകാശത്തിനും അവകാശം പറയാനില്ലാത്ത ഒരിടത്ത് ജീവൻ വെടിഞ്ഞ്, അരിമത്തിയാക്കാരന്റെ ദാനംകിട്ടിയ കല്ലറയിൽ ചേദനയറ്റ ശരീരം മറച്ചവൻ എനിക്കായി വച്ചുനീട്ടുന്നത് കൊവേന്തയുടെ, കൽഭിത്തിയുടെ സംരക്ഷണമല്ല മറിച്ച്, നിന്റെ പിതാവ് നിന്നെക്കുറിച്ച് കരുതലുള്ളവനാണ് എന്നുള്ള ഉറപ്പാണ്.

അങ്ങനെയെങ്കിൽ സമർപ്പണവഴിയിൽ ഞാൻ കുരുത്തുന്ന നൊമ്പരങ്ങളും വേദനകളും എന്തിന്? വന്നുകയറിയ നന്മയിലെ കുറവുകളെക്കുറിച്ച് വിലപിച്ചതെന്തിന്. കണ്ണീരിൽ ചാലിച്ച ഉറക്കമില്ലാത്ത രാത്രികൾ ജീവിതത്തിൽ ചേർത്തുവച്ചതെന്തിന്? പനിനീർ പുഷ്പത്തിന്റെ മുള്ളുപോലെ ഇതു ജീവിത ബന്ധിയാണെന്ന് ഞാൻ തിരിച്ചറിഞ്ഞില്ല. എന്റെ യാത്രയിൽ എന്റെ നോട്ടം ചെന്നുനിൽക്കുന്നത് ആരുടെ ഒക്കെയൊ മുഖങ്ങളിലാണ്. ക്രിസ്തുവിന്റേത് പിതാവിന്റെ മുഖത്തും.

പത്രോസ് കടലിലൂടെ നടക്കുമ്പോൾ അവന്റെ മിഴികൾ യേശുസമക്ഷം. അവൻ കടലലയിൽ താഴുന്നില്ല എന്നാൽ, എപ്പോഴാണോ അതു ലോകത്തിലേക്കു തിരിയുന്നത് അവിടെ അവന്റെ വീഴ്ച ആരംഭിക്കുന്നു. എല്ലാം അറിയുന്ന കരുതലുള്ള പിതാവിന്റെ പുത്രനായിട്ടും അതു മനസ്സിലാക്കാത്തവന്റെ വീഴ്ചയായിരിക്കണം ഏറ്റവും വലുത്. സ്നേഹിക്കപ്പെടാത്തത്തിന്റെ നൊമ്പരത്തെക്കാൾ വലുതാണ് സ്നേഹിച്ചിട്ടും അത് അറിയാതെ പോകുന്നത്.

ദൈവമേ, നിന്റെ ശക്തമായ കരത്തിന്റെ കീഴിലാണ് ഞാൻ എന്നു മനസ്സിലാക്കുവാൻ എന്നെ അനുഗ്രഹിക്കുക. നീ തരുന്ന ആ ഉറപ്പാണ് എന്റെ ഊന്നുവടി. ആകുലതകളിലും വേദനകളിലും നീ എനിക്ക് സമീപസ്ഥനാണ് എന്നുള്ള ബോധ്യം എന്നിലുണർത്തണമേ. ആമേൻ.

# FIAT MISSION

**And he said to them, "Go into all the world and preach the gospel to the whole creation" (Mark 16:15)**

FIAT MISSION is a Missionary movement spread all over India and parts of Africa, supporting the Catholic Church for evangelization. Heeding the 'Go' command of Jesus Christ, FIAT MISSION works for the evangelization of India and Africa. FIAT MISSION traces its beginning to a cell (group) of four Jesus Youth, one of the best fruits of the charismatic tidal wave that swept and continues to sweep India since the 1980's. Since its humble inception in 2007 the ministry is actively involved in the mission of evangelization - reaching out to the remotest villages of India with the message of salvation proclaimed by Jesus Christ.

## FIAT TRAINING PROGRAM

Fiat Training Programs are organized to form passionate and saintly missionaries who bear authentic witness to Christ. It is 100 days long program and is meant for those desiring to take up the challenge of full time commitment - committing themselves totally to Christ and to His mission. The dream of planting the cross of Christ across India is being realized as these commissioned missionaries proclaim gospel in areas denied to priests and religious on account of religious fundamentalism and discrimination.

FIAT MISSION has successfully completed 7 such training programs through which, more than 140 missionaries are commissioned. Three participants have responded and chosen their call to priesthood through our training programs. Starting from our first training program in Orissa in November 2009, we strive to make sure that these missionaries undergo intense formation so that Christ is formed and deeply rooted into their lives. Initially they attend a retreat in which they get a personal God experience which leads them to a lifestyle of Faith, Prayer, Word of God, and Sacraments. They also get trained

for intercession, public speaking, outreach, evangelization and final discipleship.

Trainings were mainly focused in Orissa, Madhya Pradesh, and North East India. FIAT MISSION has covered more than 20 dioceses in these states. As an outcome of these trainings these missionaries are serving the church as per the requirements from the Bishops of the respective diocese. After the training they are posted in different parts of the country according to the need of place and the calibre of the Missionary. We also have two retreat teams, one in Hindi and the other in Oriya, as the fruit of this training. Our missionaries are present in ten states of India and in two countries of Africa (Kenya and Madagascar). Our missionaries will be stationed in four more countries in Africa by the end of this year.

As a part of its Evangelzation Programme in Kenya, the FIAT team organized parish retreats in Meru Diocese together with the CMI missionaries.



# Servant of God Fr. Canisius

29 March 2014 was a red letter day in the annals of CMI Congregation as on this day one of the luminous stars of CMI Congregation, Rev. Fr. Canisius Thekkekara CMI, who died in the odour of sanctity on 30 January 1998, was declared 'Servant of God' by His Excellency Mar Pauly Kannookadan, Bishop of Irinjalakuda, at the historic St. Theresa'a Monastery, Ampazhakad,

Being declared a 'Servant of God' is the first step on the path to sainthood, and signals the commencement of the Eparchial Phase of the Inquiry. The cause regards a Catholic who in life, in death and after death has enjoyed a reputation of holiness by living all the Christian virtues in a heroic manner. The reputation of holiness is the opinion that has spread among the faithful about the purity and integrity of life of the Servant of God and about the virtues practiced by him to a heroic degree. Besides, there should be the reputation of intercessory power too which is the opinion that has spread among the faithful about the graces and favors received from God through the intercession of the Servant of God.

In the case of Fr. Canisius both the reputation of holiness and the reputation of intercessory power are evidently experienced by many people. Before deciding to initiate the cause, the eparchial Bishop must verify if, among a significant portion of the people of God, the Servant of God enjoys an authentic and widespread reputation of holiness as well as an authentic and widespread reputation of intercessory power. Then the eparchial Bishop must present the case for the recommendation of the Synod of Bishops. After evaluating and ascertaining the existence of the reputation of holiness and the reputation of intercessory power, as well as the importance of the cause for the Church, the Syro Malabar Synod of Bishops has recommend the cause of Fr. Canisius.

Let us rejoice and praise the Lord for the gift of Fr. Canisius to the Church and our congregation. Let us support the cause with our prayers, sacrifices and good works. May the good Lord grant us the grace to see Fr. Canisius raised to the honours of the altar at the earliest.

# പാപ്പായും കുട്ടികളും

ബേത്‌ലഹേമിലെ പ്രസംഗത്തിൽ പാപ്പാ കൂടുതൽ ശ്രദ്ധ നൽകിയത് കുട്ടികൾ നേരിടുന്ന വെല്ലുവിളികൾക്കാണ്.

രക്ഷ പ്രതീക്ഷിച്ചിരുന്നവർക്കുള്ള ദൈവത്തിന്റെ അടയാളമായിരുന്നു ബേത്‌ലഹേമിൽ ജനിച്ച ഉണ്ണീശോ. ഇത് ലോകത്തോടുള്ള ദൈവത്തിന്റെ എക്കാലത്തെയും ദയാവായ്പ്പിന്റെയും ലോകത്തിലുള്ള അവിടുത്തെ സാന്നിധ്യത്തിന്റെയും അടയാളമാണ്. "ഇത് നിങ്ങൾക്കൊരു അടയാളമാണ്. പിള്ളക്കച്ചകളിൽ പൊതിഞ്ഞ ശിശു" എന്നാണ് പണ്ട് മാലാഖമാർ ഇടയന്മാരോട് പറഞ്ഞത്. ഇന്നും ശിശുക്കൾ അടയാളമാണ്. പ്രതീക്ഷയുടെയും ജീവിതത്തിന്റെയും അടയാളം. അതുപോലെ തന്നെ തിരിച്ചറിവിന്റെയും അടയാളമാണ് ശിശുക്കൾ. കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ലോകത്തിന്റെയും ആരോഗ്യത്തിന്റെ അടയാളമാണ് ശിശുക്കൾ.

എവിടെയെല്ലാം കുട്ടികൾ അംഗീകരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നുണ്ടോ, അവിടുത്തെ കുടുംബങ്ങൾ ആരോഗ്യമുള്ളതാകും, സമൂഹം കൂടുതൽ ചൈതന്യമുള്ളതാകും ലോകം കൂടുതൽ മനുഷ്യത്വം നിറഞ്ഞതാകും. ബേത്‌ലഹേമിലെ മെയ്ഞ്ചർ സ്ക്വൊയറിലെ കുർബാനയ്ക്കിടെ പ്രസംഗത്തിലായിരുന്നു പാപ്പാ ഇക്കാര്യങ്ങൾ പറഞ്ഞത്. പാപ്പാ തുടർന്നു, "പക്ഷെ ഇന്നത്തെ സങ്കടകരമായ കാര്യം കുട്ടികൾ അവഗണിക്കപ്പെടുന്നു എന്നുള്ളതാണ്. ഒട്ടനവധി കുട്ടികൾ പീഢിപ്പിക്കപ്പെടുന്നു. ചൂഷണം ചെയ്യപ്പെടുന്നു, അടിമകളാക്കപ്പെടുന്നു. ഒരു ശിശുവായി ഭൂമിയിൽ ജനിച്ചുവീണ ദൈവത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ നമ്മെ ലജ്ജിപ്പിക്കേണ്ട കാര്യമാണിത്. നമ്മൾ യൗസേപ്പിനെയും മാതാവിനെയും പോലെ ശിശുക്കളെ സംരക്ഷിക്കുന്നുണ്ടോ? നമ്മൾ ജ്ഞാനികളെപ്പോലെ അവരുടെ മുമ്പിൽ സമ്മാനങ്ങളുമായി മുട്ടുകുത്തുന്നുണ്ടോ? അതോ ഹേറോദോസിനെപ്പോലെ അവരെ പീഢിപ്പിക്കുകയാണോ നമ്മൾ ചെയ്യുന്നത്? നമ്മുടെ കുട്ടികളെ ശ്രദ്ധിക്കാനും ശ്രവിക്കാനും അവരോടൊപ്പം പ്രാർത്ഥിക്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും നമുക്ക് സാധിക്കുന്നുണ്ടോ?

കരയുന്ന ഓരോ ബാലനും ബാലികയും അടയാളങ്ങളാണ്. അവന് വിശന്നിട്ടോ അവൾക്ക് തണുത്തിട്ടോ അവരെ കരങ്ങളിലെടുക്കുന്ന

തിനോ വേണ്ടിയാകാം അവർ കരയുന്നത്. ഇന്നും കുട്ടികൾ ഭക്ഷണവും മരുന്നുമില്ലാതെ നിലവിളിക്കുന്നുണ്ട്. കരയാൻപോലുമാകാത്ത കുട്ടികളുണ്ട്. അവർക്കുവേണ്ടി അവരുടെ അമ്മമാർ നിലവിളിക്കുന്നു. ആധുനിക റാഹേലുമാരെപ്പോലെ അവർ കുട്ടികൾക്കായി നിലവിളിക്കുകയാണ്. അവരെ ആശ്വസിപ്പിക്കാൻ ആർക്കും ആവുന്നില്ല.

"ഇത് നിങ്ങൾക്കുള്ള അടയാളമാണ്. തിരിച്ചറിവിനുള്ള അടയാളം. ഓരോ കുട്ടിയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും അവസ്ഥ വെളിപ്പെടുത്തുന്ന അടയാളമാണ്. നമ്മളത് തിരിച്ചറിയണം. അതിന് സാധിച്ചാൽ സഹോദര്യവും കരുണയും കൂട്ടായ്മയും സ്നേഹവും നിറഞ്ഞ പുതിയൊരു ജീവിതാവസ്ഥയിലേക്ക് നമ്മൾ വളരും."

മാതാവിനോടുള്ള പ്രാർത്ഥനയൊടെ പാപ്പാ പ്രസംഗം അവസാനിപ്പിച്ചു.



# I Said a Prayer for You Today

I said a prayer for you today,
and know God must have heard.
I felt the answer in my heart,
although He spoke no word.

I didn't ask for wealth or fame,
I knew you wouldn't mind.
I asked Him to send treasures,
of a far more lasting kind.

I asked that He'd be near you,
at the start of each new day,
To grant you health and blessings,
and friends to share your way.

I asked for happiness for you,
in all things great and small.
But it was for His loving care,
I prayed the most of all.



# ASHRAM: A HOUSE OF ITS OWN TYPE



**Fr. Thomas Kochumuttom CMI**

It is the fifteenth year since the CMIs started running Jeevan Dhara Ashram, Jaiharikhal, in the diocese of Bijnor. It may be useful to review the ideals of ashram life that we tried to realize in this style of life and ministry. The ashram is *a house of its own type,* by which it is distinguished from the four types of houses mentioned in CMI *Constitutions*: centres, residences, (formed) houses and canonical houses (C. 237). The implication is that the rules and traditions governing those four types of houses need not strictly apply to the ashram. Being a comparatively new initiative it can have its own norms and parameters. Their details have not yet been spelt out and put in black and white. The understanding is that we should let them gradually develop by means of the responsible practice and reflections of those involved in this style of life in the congregation. This allows for creativity and healthy growth rather than stifling the spirit. However, the general and provincial synaxes do give certain general principles and guidelines which should be respected. We shall presently have a look at them.

***(1) The head is called Acharya (âcârya)*:** This word means a spiritual guide who gives precepts and principles of life based on sacred scriptures. Unlike an Upadhyaya (*upâdhyâya)* who is a teacher of secular subjects, the Acharya initiates people to religious life and instructs them on spiritual matters. Far from being an administrator or manager of temporalities, he is a spiritual animator, a guru.

As the Acharya's role is a charismatic one, his term of office cannot be fixed. He emerges under the inspiration of the Spirit of God so that the hunt for a successor on a regular basis would not make sense. He does not have any financial competence, either. Therefore, in handling money matters he cannot act on his own but in dependence of God's providence that ordinarily operates through his superiors. He should be a *tapo-dhana* (one whose wealth is *tapas,* the spiritual power), rather than materially rich.

**(2) *The ashram community:*** Openness is a basic virtue in ashram life, which means that neither in the persons nor in the house and personal rooms there should be anything that others should not come to know and understand. Practice of utter sincerity, honesty and transparency is emphasized.

Another aspect of openness is that the ashram is a place open to all people irrespective of caste and creed, age and gender, and nationality and state of life. The only condition for admission to the ashram is that one *should be prepared* to follow the ashram discipline, and should come by one's own personal decision, not simply because one is sent by one's superior or so. This means that the ashram is an open, inclusive community, accommodating all kinds of people, and treating them equally. In a real sense the ashram community includes also the visiting *sâdhakas as well as the domestic helpers*. All of them should feel at home and being involved in the running of the ashram.  In spite of their *preparedness*, they may fail in their dealings to comply with our expectations and norms of discipline. We must be sincerely tolerant and patient while relating with them. The ashram should be an oasis or, in Blessed Chavara's words, a spiritual resort (*puGya-sanketam*) for all. Certain difficult characters and those with idiosyncrasies may be more in need of the ashram's shade and its reassuring atmosphere of acceptance, love and concern. Even as one enjoys the ashram life, one should also take pains and make sacrifices in order to make others as well feel at home, respected, loved and cared for.

**(3) *Contemplative spirit:*** Although there are certain features that are common to all ashrams, each ashram can have its own specialties, too. Even so, all the ashrams come under one or the other two general categories: more contemplative ones or more socially oriented ones.

Our Jeevan Dhara Ashram belongs to the more contemplative category, and, therefore, insists on silence, solitude and prayer. Those joining the ashram for shorter or longer periods should expect and respect these values. What the ashram undertakes is to offer them an atmosphere of prayer. We strive to practise and promote the deeper kind of prayer in silence and solitude in an atmosphere of calm and

quiet in the natural setting of the Himalayas. We, therefore, avoid noisy and crowded prayer sessions. A lot of free time is provided which the individual *sâdhakas* are expected to use responsibly in silent personal prayer, meditation, reading of the word of God and other inspirational works, and so on. In consultation with the Acharya they may even excuse themselves from the few programmes given in common such as the discourses. As a rule all day long and all days silence is observed although rigidity and clumsy practices are to be avoided. With the Acharya's permission individual *sâdhakas* may occasionally opt for longer periods of complete silence. Personal conference and consultation with the Acharya and other competent members in the ashram are recommended.

In view of maintaining the atmosphere of prayer in silence and solitude we have minimized the use of media and social net-works. Our daily schedule includes the usual ashram practice of *seva*. But it is not made compulsory so that the visiting *sâdhakas* may feel free to join it or not. Even the little service they may render or are requested to do should not be too taxing and distracting. The idea is that the *sâdhakas* during and after their stay in the ashram should feel refreshed and relaxed in body, mind and spirit. It may not be, therefore, proper that they are given suffocating directives and assignments. Even while offering helps and guidance their needs rather than our interests should be taken into account.

Our common prayers are such that the mixed community of different Rites and religio-cultural backgrounds can easily and meaningfully follow and actively participate in them. We do not have in common such prayers and spiritual exercises belonging to the CMI and Syro-Malabar traditions that may be too strange and a matter of some strain for others. We leave them to the responsibility of the individuals. At the same time we take care that we have in quantity and quality enough prayers in common.

We also ensure that our Oriental, Carmelite and Indian traditions are maintained and promoted by occasional courses and reflections, celebration of the feasts of saints and observance of devotions belonging to these traditions. Considering the presence of people of other Rites

and traditions we appropriately keep also the feasts and practices of common interest in the Universal Church. In all these, however, we are particular not to have too many rituals and devotions and extravagant celebrations.

**(4) *Simplicity of life:*** The first among the values mentioned in the above quoted text is simplicity of life. This is a basic virtue in ashram life. This is the other side of the openness that we considered earlier. Simplicity means singleness, having the same inside and outside. Its opposite is duplicity or complexity, which should be avoided by all means. Instead, what one expresses in word or deed should be the same as what one has in mind. Say what one means, and mean what one says; and practise what one preaches, and preach what one practises. Have nothing to hide, and be utterly sincere. This is simplicity which is the same as openness or *total transparency*. This should be accepted as the trait of ashram life.

Simplicity should be visible in the life style as well. The persons should be simple in thoughts, words and deeds. The house, rooms and the facilities as well as the articles of use also should be simple and plain. The architecture and facilities should be ordinary, avoiding superfluous embellishments, showy furnishings and unnecessary fittings. The house and surroundings should be neat and tidy but not luxurious. The natural settings and landscapes should be as far as possible maintained and the use of cement and tiles for pavements and court yards should be minimized. With regard to the articles of personal use, food items, utensils, cutlery etc. also there should be the mark of simplicity. The safe principle in all these matters should be: ‘Make do with the minimum in quantity and quality.’ Simply because funds are available or in comparisons with things elsewhere we should not unnecessarily multiply the facilities, increase the comforts, and sacrifice the principle of simplicity. It is also highly desirable that as far as possible we avoid artificially manufactured things and go for natural produce and products.

Most importantly the simplicity should be practised in not storing up provisions and money in reserve for security sake. We must strictly

hold on to the Indian principle of *aparigraha*, which means non-accumulation of things more than necessary. Our security is God and his providence: “Look at the birds flying around: they do not sow seeds, gather a harvest and put in barns; yet your Father in heaven takes care of them! Aren’t you worth much more than birds?” (Mt 6: 26). We should be satisfied with living from hand to mouth. We must stick to the ordinary people’s standard of life, if not a little lower one than that. Having reasonably done our part, we must leave the rest of things to God’s providence rather than going for foolproof security arrangements against occasionally possible shortage of water, power, fuel, and so on. We should indeed be happy to share in the common man’s experience of wants and uncertainties. This is how we must realize *transcendence* over the slavish attachment to worldly wealth and power, and practise *unconditional reliance* on God’s providence. Thus we hope to *counter the increasing consumerism and secularism*, and become *agents of change*, spiritual as well as social.

**(5) *A characteristically Indian style of life and spirituality:*** The Christian ashrams of modern times have for their inspiration ashrams established by Gandhiji and such other national figures, and, therefore, the life style in them is basically Indian. Added to that we have now-a-days the Church’s clarion call to contextualize the Christian theology and life. It is, therefore, taken for granted that in response to the multi-religious and cultural contexts of India we in the ashram try to practise as well as promote inter-religious dialogue and inculturation, the two much discussed and strongly recommended principles in the field of evangelization ever since the Second Vatican Council (1962-65). That is why we are particular that with regard to the settings, furnishings, postures, forms of prayer, liturgy, rituals, symbols, singing, paintings, sculptures, celebrations and even theological reflections we bring in at least experimentally the Indian styles, patterns, categories and idioms. We always take care that in all that we adopt from the local culture and religions we have our own interpretations, retaining whatever may be positive in the original data and adding to them some Christian insights.

Ashram is also an effective forum of inter-religious dialogue in a more practical than academic manner. That we welcome members of

other religions to join us and have equal share of the ashram facilities and programmes with all others is itself an act of inter-religious dialogue whereby a lot of faith-sharing takes place, resulting in mutual understanding and appreciation on a deeper and personal level. We also try to join the people around us in the celebration of national festivals and events, and to find or give some Christian meaning to their religious traditions and practices. The occasional *bhajan maò*

*alis,* with singing, reading of scriptures, reflections, *ârati* and sharing of *prasâd* in which the locals and the ashram community actively take part are events of practical inter-religious dialogue.

**(6) *A powerful form of witness*:** It is true that the primary purpose of those in the ashram is to live the gospel message in its original spirit of simplicity and love. One should strive to realize this purpose irrespective of whether one has or not any role in the programmes conducted in the ashram for the visiting and other *sâdhakas.* Even if one is alone in the ashram and has no chance of conducting any programme for others, one should be happy and find meaning in leading the ashram life with commitment. In other words, one's own life in the ashram style is what matters and not what one does for others. The point then is that our prayerful and simple life in the ashram itself becomes a powerful form of witness to the gospel truth and values; it indeed is a persuasive proclamation of the gospel message. "Of course, that will not result in statistics for many years; but there is no doubt at all that, when the time will ripe, the fruits will be seen wonderful!" in the words of Swami Abhishiktananada.

At the same time, if others also benefit from the ashram and its programmes one can legitimately be happy and feel gratified. It is also good that the ashram and the community are at the disposal of all the visitors and neighbours, and help them in their spiritual and other needs within the limits of the ashram discipline. The greatest help for the visitors would be that by our committed life in the ashram style we inspire and encourage them to deeper holiness. Therefore, even those of us who are unable to conduct programmes are effectively engaged in the work of evangelization by being in the ashram life!



Visit of Major Archbishop Mar George Cardinal Alanchery to 37th General Synaxis at Chavara Hills (6.4.2014)



Reception to the new Prior General, Fr. Paul Achandy CMI, after election (5.4.2014)



CBCI Bishops at Chavara tomb Mannanam.




Bishops attending CBCI meeting at Pala visited Chavara Pilgrim Centre, Mannanam, on 9 February 2014




General Synaxis Members at Mannanam with Maria Jose and her Parents (04.04.2014)



Thanksgiving Mass by the members of General Synaxis at Mannanam on 4 April 2014 after the approval of the miracle for the canonization of Blessed Chavara on the previous day.





Maria Jose who had a miraculous cure through the intercession of Blessed Chavara



Maria Jose and her parents at the tomb of Blessed Chavara (04.04.2014)

# ചാവറയച്ചൻ
# വിശുദ്ധനായ കർമ്മയോഗി

**മാണി പയസ്**

വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനും വാഴ്ത്തപ്പെട്ട എവുപ്രാസ്യമ്മയ്ക്കും വിശുദ്ധപദവി നൽകുന്നതിനു മുന്നോടിയായി അവരുടെ മധ്യസ്ഥതയിലുണ്ടായ അത്ഭുതപ്രവൃത്തികൾക്കു മാർപാപ്പ അംഗീകാരം നൽകി. വിശുദ്ധരായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് ഇനി അവശേഷിക്കുന്നത്. കർദിനാൾമാരുടെ കൺസിസ്റ്ററി യോഗത്തിൽ തീരുമാനം അവതരിപ്പിച്ചശേഷം വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്നതിന്റെ തീയതി പ്രഖ്യാപിക്കും.

പാലാ കൊട്ടാരത്തിൽ ജോസ്-മേരിക്കുട്ടി ദമ്പതികളുടെ മകൾ മരിയയ്ക്കു ചാവറയച്ചന്റെ മധ്യസ്ഥതയിൽ കണ്ണിനു ലഭിച്ച സൗഖ്യമാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ വിശുദ്ധ പദവി പ്രഖ്യാപനത്തിനുള്ള അത്ഭുതമായി വത്തിക്കാനിലെ നാമകരണകോടതി അംഗീകരിച്ചത്.

പത്തൊൻപതാം നൂറ്റാണ്ടിലെ കേരളീയ സമൂഹത്തിൽ വിദ്യാഭ്യാസ, സാമൂഹിക രംഗങ്ങളിൽ നവോത്ഥാനത്തിനും കത്തോലിക്കാസഭയിൽ ആധ്യാത്മിക മുന്നേറ്റത്തിനും തുടക്കം കുറിച്ച ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1805 ഫെബ്രുവരി 10ന് ചേന്നങ്കരി ഇടവകയിൽ ചാവറ കുടുംബാംഗമായ കുര്യാക്കോസ്-മറിയം ദമ്പതികളുടെ മകനായി ജനിച്ചു. ഇടവക വികാരിയുടെ കീഴിൽ പ്രാഥമിക പരിശീലനത്തിനുശേഷം 1818 ൽ തെക്കൻ പള്ളിപ്പുറത്തെ സെമിനാരിയിൽ ചേർന്ന് പാലയ്ക്കൽ തോമസ് മല്പാന്റെ ശിഷ്യത്വം സ്വീകരിച്ചു. സെമിനാരി ജീവിതകാലത്ത് കുര്യാക്കോസിന് തന്റെ മാതാപിതാക്കളെയും ഏകസഹോദരനെയും നഷ്ടമായി. നാല് സഹോദരിമാർ വിവാഹിതരായിരുന്നു. കുടുംബം അനാഥമാകുന്ന സ്ഥിതിയിലെത്തിയെങ്കിലും വൈദിക പഠനത്തിൽനിന്നു വ്യതിചലിച്ചില്ല. തറവാടിന്റെ തുടർച്ച നിലനിർത്തുന്നതിന് ആവശ്യമായ കാര്യങ്ങൾ ഏർപ്പെടുത്തിയശേഷം സെമിനാരിയിലേക്കു തിരിച്ചുവന്ന് പഠനം തുടർന്നു. 1828-ൽ ഡീക്കനായശേഷം മല്പാനെ വൈദിക പഠനങ്ങളിൽ സഹായിക്കാൻ തുടങ്ങി. 1829-ൽ വൈദികപട്ടം സ്വീകരിച്ചു.

1829-ൽ ചാവറയച്ചന്റെ ഗുരുവായ മല്പാൻ തോമസ് പാലയ്ക്കലും ഗുരുതുല്യനായ മല്പാൻ തോമസ് പോരൂക്കരയും സന്യസ്ത ജീവിതത്തിലേക്ക് കടന്നുവരുവാൻ ആഗ്രഹിക്കുന്നവർക്കായി ഒരു പള്ളി

യും ആശ്രമവും പണിയുക എന്ന ആഗ്രഹം വികാരി അപ്പസ്തോലിക്ക മോൺ. മൗറേലിയസ് സ്തബലീനിയെ അറിയിച്ചു. ആഗ്രഹം അംഗീകരിക്കപ്പെട്ടു. തുടർന്ന് നടത്തിയ അന്വേഷണ പരമ്പരകൾക്കൊടുവിൽ 1831 മേയ് 11-ന് മല്പാൻ തോമസ് പോരൂക്കര മാന്നാനത്ത് വിശുദ്ധ യൗസേപ്പിതാവിന്റെ ആശ്രമത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. 1833-ൽ മാന്നാനത്ത് സെമിനാരി പ്രവർത്തനം ആരംഭിച്ചു.

1841 ൽ പാലയ്ക്കൽ മല്പാനും 1846-ൽ പോരൂക്കര മല്പാനും അന്തരിച്ചശേഷം പുതിയ സന്യാസസമൂഹത്തെ നയിക്കേണ്ട ചുമതല പൂർണമായും ചാവറയച്ചന്റെ ചുമലിൽ വീണു. ക്രമത്തിൽ സമൂഹത്തിലെ അംഗസംഖ്യ വർധിച്ചുവന്നു. 1855 ആയപ്പോഴേക്കും 12 വൈദികരും മൂന്ന് ഡീക്കന്മാരും അഞ്ച് യോഗാർത്ഥികളുമായി.

ഡൊമിനിക്കൻ സന്യാസിമാരുടെ ചൈതന്യത്തിൽനിന്നു പ്രചോദനം ഉൾക്കൊണ്ടുകൊണ്ടുള്ള സമൂഹ ജീവിതമാണ് മാന്നാനം ആശ്രമവാസികൾ ആദ്യം പിന്തുടർന്നത്. പ്രാർത്ഥന, ധ്യാനം, പരിത്യാഗം പോലുള്ള ആത്മീയ കർമങ്ങൾ തുടങ്ങിയവ ഉൾച്ചേർന്ന ജീവിതരീതിയോടൊപ്പം പുറംലോകത്തിലെ വിശ്വാസി സമൂഹത്തിനായി വചനപ്രഘോഷണം, ധ്യാനം തുടങ്ങിയവ നടത്തുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തിരുന്നു. താമസിയാതെ കർമ്മല മലയിലെ ആദ്യ സന്യാസ സമൂഹത്തെപോലെ തിരുസ്സഭാധികാരികൾ അംഗീകരിച്ച ഒരു നിയമാവലി തങ്ങൾക്കും ഉണ്ടാകണമെന്ന് മാന്നാനത്തെ സന്യാസ സമൂഹത്തിന് അഭിപ്രായമുണ്ടായി. ഇതു സംബന്ധിച്ച് ചാവറയച്ചൻ നൽകിയ അപേക്ഷ പരിഗണിക്കപ്പെട്ടത് മോൺ. ബർണർദിൻ ബാസിനെല്ലിയുടെ കാലത്താണ്.

തുടർന്ന് മോൺ. ബാസിനെല്ലിയുടെ നിർദേശപ്രകാരം ചാവറയച്ചൻ മാന്നാനം സമൂഹം പിന്തുടരുന്ന ജീവിതരീതിയുടെയും പ്രവർത്തനങ്ങളുടെയും വിവിധ വശങ്ങൾ എഴുതി സമർപ്പിച്ചു. ഇതു തള്ളിക്കളഞ്ഞുകൊണ്ട് വികാരി അപ്പസ്തോലിക്ക നിഷ്പാദുക കർമ്മലീത്തക്കാരുടെ അടിസ്ഥാന നിയമവും അവരുടെ ഭരണഘടനയിൽ ചെറിയ ഭേദഗതി വരുത്തിയും ചാവറയച്ചനെ ഏൽപിച്ചു. സഭാംഗങ്ങളാകുവാൻ ആഗ്രഹിച്ച ചിലർ ഈ നിയമങ്ങൾ പിന്തുടരുക കാഠിന്യമേറിയതാണെന്നു കണ്ട് സഭ വിട്ടുപോയി. ഇതു ചാവറയച്ചനെ ദുഃഖിതനാക്കി. ഇക്കാര്യം വികാരി അപ്പസ്തോലിക്കയെ അറിയിച്ചുവെങ്കിലും അദ്ദേഹത്തിന്റെ മനസ്സു മാറിയില്ല.

വികാരി അപ്പസ്തോലിക്കയുടെ പ്രതിനിധിയായ ഫാ. മാർസെലിൻ ഒസിഡി നയിച്ച എട്ടു ദിവസത്തെ ധ്യാനത്തിനുശേഷം 1855 ഡിസംബർ എട്ടിന് ചാവറയച്ചൻ സന്യാസവ്രതബദ്ധനായി. നിയമാവലി പ്രകാരം പ്രിയോറായ ചാവറയച്ചനു മുമ്പാകെ മറ്റു പത്തു വൈദികരും അന്നുതന്നെ വ്രതബദ്ധരായി. അങ്ങനെ 1831-ൽ മാന്നാനത്ത് ആരംഭിച്ച സിഎംഐ സന്യാസ സമൂഹം 1855-ൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. അന്ന് സമൂഹത്തിന്റെ തലവനായിരുന്ന ചാവറയച്ചൻ 1871 ജനുവരി മൂന്നിന് 66-ാം വയസിൽ അന്തരിക്കുന്നതുവരെ ആസ്ഥാനത്ത് തുടർന്നു. ഇന്ന് 26 രാജ്യങ്ങളിലായി പ്രവർത്തിക്കുന്ന സിഎംഐ സഭയിൽ മൂവായിരത്തിലേറെ അംഗങ്ങളുണ്ട്. തൃശൂർ ദേവമാതാ പ്രവിശ്യാംഗമായ റവ. ഡോ. പോൾ ആച്ചാണ്ടിയാണ് ഇപ്പോൾ ചാവറയച്ചന്റെ പിൻഗാമിയായ സിഎംഐ പ്രിയോർ ജനറൽ. ദേവമാതാ പ്രവിശ്യയുടെ പ്രൊവിൻഷ്യാളായി പ്രവർത്തിച്ചുവരുമ്പോഴാണ് 2014 ഏപ്രിലിൽ അദ്ദേഹം പ്രിയോർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടത്.

ഭാരതത്തിലെ പ്രഥമ ഏതദേശീയ കത്തോലിക്കാ സന്യാസ കൂട്ടായ്മയെ ആദ്യമായി നയിച്ച ചാവറയച്ചൻ കത്തോലിക്കാ സഭാംഗങ്ങളുടെ ആധ്യാത്മിക നവീകരണം, വിദ്യാഭ്യാസ പരിഷ്കരണം, സ്ത്രീശാക്തീകരണം, അച്ചടി, സാമൂഹിക പരിഷ്കരണം തുടങ്ങിയ രംഗങ്ങളിൽ തനതും നവീനവുമായ സംഭാവനകൾ അർപ്പിച്ചു.

1846-ൽ മാന്നാനത്ത് സംസ്കൃത സ്കൂൾ ആരംഭിച്ചപ്പോൾ അദ്ദേഹം അവർണർക്കും പ്രവേശനം നൽകി ചരിത്രം കുറിച്ചു. കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ വികാരി ജനറലായി പ്രവർത്തിച്ച കാലഘട്ടത്തിൽ പള്ളിയോടൊപ്പം പള്ളിക്കൂടവും സ്ഥാപിക്കണമെന്ന് കല്പന പുറപ്പെടുവിച്ച് വിദ്യാഭ്യാസ വിപ്ലവത്തിന് അരങ്ങൊരുക്കി. വസ്ത്രം, ഭക്ഷണം, പുസ്തകം എന്നിവ സൗജന്യമായി നൽകി പാവപ്പെട്ട കുട്ടികളെ വിദ്യഭ്യാസത്തിലേക്ക് ആകർഷിക്കാൻ ഉത്സാഹിച്ചു. 1936-ൽ ദിവാൻ സി.പി. രാമസ്വാമി അയ്യർ, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കൂളിൽ ഉച്ചക്കഞ്ഞി ഏർപ്പെടുത്തണമെന്ന തിരുവിതാംകൂർ മഹാരാജാവിന് നൽകിയ ശിപാർശയുടെ പ്രചോദനം ചാവറയച്ചന്റെ പ്രവർത്തന മാതൃകയായിരുന്നു. ചാവറയച്ചനും മിഷനറിയായ ഫാ. ലെയോപ്പോൾഡും ചേർന്നാണ് 1866-ൽ കോൺഗ്രിഗേഷൻ ഓഫ് ദി മദർ കാർമൽ (സി.എം.സി) എന്ന സന്യാസിനി സമൂഹത്തിന് രൂപം കൊടുത്തത്.

മികച്ച കവിയും എഴുത്തുകാരനുമായ ചാവറയച്ചൻ 1846-ൽ മാന്നാനത്ത് പ്രിന്റിംഗ് പ്രസ് ആരംഭിച്ചപ്പോൾ തിരുവിതാംകൂറിൽ സ്ഥാപിതമായ മൂന്നാമത്തെ പ്രസ് ആയി. മലയാളം, സംസ്കൃതം, തമിഴ്, ലത്തീൻ, ഇറ്റാലിയൻ, പോർച്ചുഗീസ് ഭാഷകളിൽ ചാവറയച്ചന് പാണ്ഡിത്യമുണ്ടായിരുന്നു. ആ പാണ്ഡിത്യം സഭയ്ക്കും സഭാംഗങ്ങൾക്കും സമുദായത്തിനും പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിച്ചു.

തൃശൂർ ദേവമാതാ പ്രവിശ്യയിൽ ഉൾപ്പെട്ട എൽത്തുരുത്ത് സെന്റ് മേരീസ് ആശ്രമത്തിന്റെയും കോട്ടക്കൽ (അമ്പഴക്കാട്) സെന്റ് തെരേസാസ് ആശ്രമത്തിന്റെയും ആരംഭത്തിൽ ചാവറയച്ചൻ ഈ സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. 1858-ൽ ആശ്രമത്തിന്റെ ശിലാസ്ഥാപനം നിർവഹിക്കാനും 1866-ൽ ആശ്രമദൈവാലയം ആശീർവദിക്കാനുമാണ് ചാവറയച്ചൻ എൽത്തുരുത്തിൽ എത്തിയത്. 1868 ഒക്ടോബർ 20ന് കൊവേന്തയുടെ ശിലാസ്ഥാപനത്തിനാണ് ചാവറയച്ചൻ കോട്ടക്കൽ (അമ്പഴക്കാട്) വന്നത്.

1855 ഡിസംബർ എട്ടിന് ചാവറയച്ചനും മറ്റുള്ള പത്ത് പിതാക്കന്മാരും വ്രതബദ്ധരായപ്പോൾ 'അമലോത്ഭവ കന്യകാമറിയത്തിന്റെ ദാസസംഘം' എന്ന പേരിൽ തിരുസഭയുടെ അംഗീകാരം കിട്ടി. കർമ്മലീത്ത മിഷനറിമാരുമായുള്ള സഹവാസത്തെ തുടർന്ന് 'അമലോത്ഭവ കർമ്മലമാതാവിന്റ ദാസർ' എന്നായി പേര്. 1861 മുതൽ കർമ്മലീത്ത ഒന്നാംസഭയുടെ മൂന്നാം സഭയുടെ കർമലീത്ത നിഷ്പാദുക മൂന്നാം സഭ എന്ന പേരായി. വളർച്ചയുടെ വിവിധ ഘട്ടങ്ങൾ കടന്നെത്തിയ സഭ 1958 മുതൽ 'അമലോത്ഭവ മറിയത്തിന്റെ കർമ്മലീത്തർ' (സിഎംഐ) എന്ന പേര് സ്വീകരിച്ചു.



# ചാവറയച്ചന്റെ അതിസഹനങ്ങളും അത്യാനന്ദങ്ങളും



ഫാ. തോമസ് പന്തപ്ലാക്കൽ സി.എം.ഐ

സഹനദൂത് -28

## ഈറനണിയിച്ച കണ്ടുമുട്ടലുകൾ

തല പുകയ്ക്കുന്നു ഉഷ്ണവും പരവേശവും, കണ്ണിന്റെ വേദന അതിരൂക്ഷം തന്നെ. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടിട്ട് ഏതാണ്ടു മുന്നു മാസത്തോളം ആകാറായി. ചികിത്സകൾ തുടരുന്നു. ചില വ്യത്യാസങ്ങളൊക്കെ ഇല്ലെന്നു പറയാനില്ല. പരസഹായത്തോടെ കൂട്ടപ്രാർത്ഥനകളിലും കാനോന നമസ്ക്കാരത്തിലുമൊക്കെ പങ്കെടുത്തിതിരുന്ന ചാവറ പിതാവിനെ ജരാർദ്ദു മുപ്പച്ചൻ മുടക്കി. ഇനിയും ഇതിനെല്ലാം പകരമായി സ്വർഗ്ഗസ്ഥനായ പിതാവേ എന്ന ജപം ചൊല്ലിയാൽ മതി. സുഖമില്ലാത്തതു കൊണ്ട് അച്ചന് എല്ലാറ്റിലും നിന്ന് ഒഴിവുണ്ട് എന്നതായിരുന്ന ആശ്വാസവാക്ക്. ആശ്രമത്തിന്റെ പുറത്തുള്ള ഔട്ട് ഹൗസിൽ താമസിക്കേണ്ടിവന്നതിലുള്ള ദുഃഖം വലുതായിരുന്നു. ചികിത്സയുടെ ഭാഗമായി അതു സ്വീകരിച്ചു. ഇപ്പോഴിതാ പ്രാർത്ഥന പോലും പാടില്ലാത്തതായി. ഓർക്കുമ്പോൾ ദുഃഖം. അനുസരണം ബലിയേക്കാൾ ശ്രേഷ്ടമാണ് എന്നോർക്കുമ്പോൾ ആശ്വാസം.

ഇതിനിടെ യൂറോപ്പിനുപോയ ലയോപ്പോൾദച്ചനും വത്തിക്കാൻ കൗൺസിലിൽ പങ്കെടുക്കാൻ പോയ മെല്ലാനൊ മെത്രാപ്പോലിത്തായും തിരിച്ചെത്തി. വീണ്ടും ഇവരെ കാണാതെ മരിക്കേണ്ടിവരുമല്ലോ എന്നു വിഷമിച്ചിരുന്ന ചാവറപിതാവിന് ആശ്വാസമായി. വരാപ്പുഴ എത്തിയ ലയോപ്പോൾദച്ചൻ അടുത്ത ദിവസം തന്നെ കൂനമ്മാവിലെത്തി. രണ്ടുപേരുടെയും കൂടിക്കാഴ്ച അശ്രുപൂർണ്ണമായിരുന്നു. വീണ്ടും കണ്ടതിലുള്ള സന്തോഷം. മറ്റുള്ളവരെയൊക്കെ മുറിയിൽ നിന്നൊഴിവാക്കി നീണ്ട രണ്ടുമണിക്കുറോളം അവർ കുശലം പറഞ്ഞിരുന്നു. തന്റെ അസാന്നിദ്ധ്യത്തിൽ സംഭവിച്ചതെല്ലം ചാവറപിതാവ് ഓർമ്മയിൽ നിന്നു പെറുക്കിയെടുത്തു ആത്മീയ പിതാവിന്റെ മുമ്പിൽ നിരത്തിവെച്ചു. ആകുട്ടത്തിൽ ആശ്രമത്തിലെ കൂട്ടുജീവിതത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതിന്റെ സങ്കടവും പങ്കുവെയ്ക്കാൻ മറന്നില്ല. ശാപമോക്ഷം മാറിക്കിട്ടിയതുപോലെ ലയോപ്പോൾദച്ചൻ പരിഗണനയിൽപ്പെടുത്തി ഇനി പ്രിയോരച്ചൻ ആശ്രമത്തിലെ മുറിയിൽ താമസി

ച്ചുതന്നെ ചികിത്സ തുടർന്നാൽ മതി. യൂറോപ്പിൽ നിന്നു കൊണ്ടു വന്ന ചില സമ്മാനങ്ങൾ പ്രിയോരച്ചനു നൽകി. അദ്ദേഹം ഏതാനും മുന്തിരിപ്പഴങ്ങൾ മാത്രം സ്വീകരിച്ചുകൊണ്ട് സംതൃപ്തനായി.

ലെയോപ്പോൾദച്ചൻ വന്നു കണ്ടുപോയതിന്റെ പിറ്റേദിവസം ലെയോനാർദ്ദ് മെത്രാപ്പോലിത്ത മൂന്നു പുത്തൻ മിഷനറിമാരോടുകൂടി കൂനമ്മാവിൽ പ്രിയോരച്ചന്റെ അടുത്തുവന്നു. അങ്ങയെ തിരിച്ചു വന്നു കാണാൻ ഇടയായല്ലോ അതിനേക്കുറിച്ച് ദൈവത്തിനു സ്ത്രോതം ചെയ്യുന്നു എന്ന് പറഞ്ഞു പ്രിയോരച്ചൻ നന്ദിയോടെ അദ്ദേഹത്തെയും മിഷനറിമാരെയും സ്വീകരിച്ചു. തിരിച്ചു വന്നു കാണാമല്ലോ എന്ന ഉറപ്പിലാണല്ലോ റോമിന് പോയത് പറഞ്ഞ വചനം ദൈവം നിറവേറ്റി എന്നു പറഞ്ഞതിന് കർത്താവേ അങ്ങേ തിരുവചനം നിറവേറ്റി എന്നു വൃദ്ധനായി ശിമയോന്റെ വചനത്തെ ചൊല്ലി അദ്ദേഹം പ്രാർത്ഥിച്ചു. ലെയോപ്പൾദച്ചനും മെത്രാപ്പോലിത്തായും പല ചുമതലകളും പറഞ്ഞേൽപ്പിച്ചിട്ടായിരുന്നു റോമിനു പോയത്. ആ ഭാരമെല്ലാം തന്നിൽ നിന്നൊഴിഞ്ഞല്ലോ എന്നതായിരുന്നു ചാവറപിതാവിന്റെ ആശ്വാസം.

ഈ കൂടിക്കാഴ്ചകളൊക്കെ ചാവറപിതാവിനെ കൂറേക്കുടി ഉന്മേഷവാനാക്കി. മനസ്സു സ്വാതന്ത്രമാകുമ്പോൾ ശരീരവും സ്വാതന്ത്രമാകുക സ്വാഭാവികമാണല്ലോ. ചികിത്സയുടെ ഫലങ്ങൾ കൂടുതൽ മെച്ചപ്പെട്ടു കണ്ടുതുടങ്ങി. കണ്ണിന്റെ കാഴ്ച ആളുകളെ തിരിച്ചറിയാവുന്ന വിധത്തിൽ മെച്ചപ്പെട്ടു. നടക്കുവാനും അല്പം കൂടി ശേഷിയായി.

ഡിസംബർ മാസത്തിലെ ഒരു ദിവസം ഉച്ചകഴിഞ്ഞ് ലെയോപ്പോൾദച്ചനും ചാവറപ്പിതാവും കൂടി മഠത്തിൽ പോകുവാൻ പ്ലാനിട്ടു. പ്രൊക്കുദോർ നിക്ലാവുസച്ചനെ ചുമതലപ്പെടുത്തി പ്രിയോരച്ചനെ കൂട്ടി കൊണ്ടുവരുവാൻ. ലെയോപ്പോൾദച്ചൻ അല്പം മുമ്പേ മഠത്തിലേക്കു പുറപ്പെട്ടു പ്രിയോരച്ചന്റെ സർപ്രൈസ് വിസിറ്റിനേക്കുറിച്ച് അറിയിക്കുവാൻ. വാർത്ത കേട്ട കന്യാകസ്ത്രീകൾ സന്തോഷാശ്രുക്കൾ പൊഴിച്ചു. ഇതിനു മുമ്പ് ഇവിടെവന്നു അന്ത്യയാത്ര പറഞ്ഞുപോയ അവസരം അവരുടെ ഓർമ്മയിൽ വന്നു. അന്ന് മാന്നാനത്തേയ്ക്കു പോകുകയാണ് എന്നു പറഞ്ഞാണിവിടുന്ന് പടിയിറങ്ങിയത്. ഇനി ഒരിക്കലും മൃതദേഹം പോലും കാണുവാൻ കഴിയില്ലല്ലോ എന്ന ദുഃഖത്തിലായിരുന്നു അവർ. തങ്ങളുടെ മുട്ടിപ്പായ പ്രാർത്ഥനയുടെ ഫലമാണെന്നാണവർ വിശ്വസിക്കുന്നത് അന്നു ചാവറപ്പിതാവിനേ മാന്നാനത്തേയ്ക്കു തിരിച്ചു കൊണ്ടുപോകുവാനുള്ള തീരുമാനം ജരാർദ്ദ

ച്ചൻ വേണ്ടെന്നുവച്ചത്. കസേരയിലെടുത്ത് കൊവേന്തയിലേക്കു കൊണ്ടുപോകുന്ന കാഴ്ച അവർ ഏങ്ങലടിയോടെ അനുസ്മരിച്ചു. മരിച്ചവരെ കൂടി ഉയർപ്പിക്കുന്ന തമ്പുരാൻ ഒന്നുകൂടി ഈ പുണ്യപിതാവിനെ കാണിക്കുവാൻ തിരുമനസ്സായതിന് അവർ നന്ദി പറഞ്ഞു കാത്തുനിന്നു.

വൈകുന്നരം അഞ്ചുമണിയായപ്പോഴേയ്ക്കും പ്രൊക്കുദോർ നിക്കാവൂസച്ചൻ ചാവറപിതാവിനെ കൂട്ടിക്കൊണ്ടു മഠത്തിലെത്തി. വടക്കേമുറ്റത്തു കസേരയിട്ടു പിതാവിനെ അവിടെയിരുത്തി. കന്യാസ്ത്രീകളെല്ലാവരും ബോർഡിങ്ങ് ഹൗസിലെ പെൺകുട്ടികളും കസേരയ്ക്ക് ചുറ്റും കൂടി. വന്നവർ വന്നവർ ചാവറപിതാവിന്റെ സ്കാപ്പുലർ മുത്തി ആദരവു പ്രകടിപ്പിച്ചു. ചാവറപിതാവ് സ്വതസിദ്ധമായ പുഞ്ചിരിയോടെ എല്ലവാരെയും മുൻപിലേയ്ക്ക് മാറ്റി നിർത്തി ഓരോരുത്തരേയും സൂക്ഷിച്ചുനോക്കി എന്നിട്ടു പറഞ്ഞു; കഴിഞ്ഞ പ്രാവശ്യം വന്നപ്പോൾ നിങ്ങളെ ആരെയും കാഴ്ചകൊണ്ടു തിരിച്ചറിയില്ലായിരുന്നു. ഇപ്പോൾ സന്തോഷമായി. ലയോപ്പോൾദച്ചൻ വീരവാദം മുഴക്കി. ഞാൻ യൂറോപ്പിനു പോയപ്പോൾ പറഞ്ഞിട്ടുപോയതാണ്. ഞാൻ തിരിച്ചുവരാതെ മരിക്കില്ലെന്നു. എന്റെ പ്രവചനമാണ് നിങ്ങൾക്കിപ്പോൾ പിതാവിനെ വീണ്ടും കാണാൻ ഇടവരുത്തിയത്. എന്നെ വിശ്വസിച്ചിരുന്നെങ്കിൽ ആർക്കും അന്ന് സങ്കടപ്പെടേണ്ടിവരില്ലായിരുന്നു. എല്ലാവരും ഉള്ളു തുറന്നു ചിരിച്ചു.

ഇതിനിടയിൽ ചാവറപിതാവിന്റെ മനസ്സ് ബോർഡിങ്ങ് കുട്ടികളുടെ പിന്നാലെ പോയി. വീടുകളിലെ അടുക്കളയിൽ മാത്രം ഒരുങ്ങിയിരുന്ന പെൺകുട്ടികൾ, പല പ്രായത്തിലുള്ളവർ. അന്നവർക്ക് എഴുതുവാനും വായിക്കാനും അറിയില്ലായിരുന്നു. അവരെ പഠിപ്പിക്കുവാനും ആരുമില്ലായിരുന്നു. കുട്ടികളുടെ മുഖത്തു നോക്കിയപ്പോൾ എന്തു സന്തോഷമുള്ളവർ. അവർ കൊന്തകെട്ടുവാനും ഉത്തരിയം തയിച്ചുണ്ടാക്കുവാനും അലങ്കാരവസ്തുക്കൾ ഉണ്ടാക്കുവാനും പഠിച്ചുകഴിഞ്ഞു. എഴുതുവാനും വായിക്കുവാനും പഠിച്ചുതുടങ്ങിയതിന്റെ അഹംഭാവഭാവം അവരിൽ നിഴലിച്ചുതുടങ്ങി. ചാവറപിതാവ് സ്വപ്നത്തിലുടെ എന്നപോലെ കടന്നുപോയി. ഇവരിൽ നിന്നു ചിലരൊക്കെ കന്യാസ്ത്രിമാരായി പൊതുസമൂഹത്തിനു നേതൃത്വമെടുക്കുന്നവരായി. കുറേപ്പേർ പഠിച്ചു മിടുക്കികളായി സർക്കാർ ജോലികളിൽ പ്രവേശിക്കുന്നവരായി. വേറെ ചിലർ കുടുംബത്തിന്റെ സാമ്പത്തികഭ

ദ്രതയ്ക്കായി ഭർത്താവിനോടൊപ്പം ശംബളം പറ്റുന്ന ജോലിക്കാരായി. സമൂഹത്തിന്റെ പൊതുധാരയിലേക്കു വളരുന്നവരായി അദ്ദേഹം ഇവരെ ദർശിച്ചു. കുടുംബിനിയാണ് അമ്മയാണ് കുടംബത്തിന്റെ വിളക്ക്. അവർ മക്കളെ വളർത്തുവാൻ കൊടുക്കുന്ന മൂല്യങ്ങളാണ് സമൂഹത്തെ നന്മയിൽ കെട്ടിപ്പടക്കുവാൻ ഉപകരണങ്ങളായി തീരുക. കുടുംബനിർമ്മിതിയിലും സമൂഹ നിർമ്മിതിയിലും ഇടപെടുവാൻ താൻ നൽകിയ മാർഗ നിർദ്ദേശങ്ങളായകുടുംബങ്ങൾക്കുള്ള ചാവരുൾ അവരുടെ മാർദീപമായി ഉപയോഗിക്കുന്നതായി ചാവറപിതാവ് ദർശിച്ചു. ആത്മനിർവൃതിയോടെ ചാവറപിതാവു ഉള്ളിൽ പുഞ്ചിരിച്ചു.

പെട്ടെന്നാണ് അത്രയും നേരം അവരോടുകൂടി ഇരുന്നതിന്റെ ക്ഷീണം തിരിച്ചറിഞ്ഞത്. ഇനി ഇവരെ കാണാൻ മറ്റൊരുവരവ് ഇല്ല എന്നു തിരിച്ചറിഞ്ഞതുപോലെ മുഖം വാടി. ലയോപ്പോൾദച്ചൻ നിർദ്ദേശിച്ചു, നമുക്കിനി കൊവേന്തയിലേക്കു പോകാം.

നിക്ലാവസുച്ചൻ കസേരയിൽ നിന്നെഴുന്നേൽക്കുവാൻ സഹായിച്ചു. ചാവറപിതാവിന് തുടർന്നു യാത്രമൊഴി ചോദിക്കുവാൻ ഇല്ലായിരുന്നു. എളിമയും ഭക്തിയും പ്രകാശിക്കുന്ന ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹം സഹോദരിമാരുടെ നേരെ തിരിഞ്ഞു. പതിവില്ലാത്ത വിധം തലകുനിച്ചാചാരം ചെയ്തുകൊണ്ട് കൈഉയർത്തി ആശിർവാദവും നൽകി തിരിഞ്ഞു നടക്കുവാൻ ശ്രമിച്ചു, കണ്ണിൽ പൊടിഞ്ഞ കണ്ണീർ മുകളം ആരും കാണണ്ട എന്ന മട്ടിൽ. മഠത്തിൽ നിന്നു കൊവേന്തയിലേക്കുള്ള ദൂരം ഒരു ഫർലോങ്ങു കാണും. പക്ഷെ, ചാവറപിതാവിന്റെ അവസാനത്തെ നീണ്ട യാത്രയായിരുന്നു അത്. നിക്ലാവുസച്ചന്റെയും ലയോപ്പോൾദച്ചന്റെയും കരവലയങ്ങളിൽ താങ്ങിയും തളർന്നും ഇനി ഒന്നും ഓർക്കാൻ കഴിയാത്തവനായി. ആശ്രമത്തിലെ കട്ടിലിലഭയം തേടി. ആ ദിവസങ്ങളിലനുഭവപ്പെടാത്ത ക്ഷീണം അനുഭവപ്പെട്ടുവെങ്കിലും 1831 മുതൽ കൈ പിടിച്ചു നടത്തിയ എല്ലാ മിഷനറി മുപ്പച്ചന്മാരോടുമെന്നപോലെ നന്ദിയുടെ പുഞ്ചിരി നിക്ലാവൂസ് ലയോപ്പോൾദ് മുപ്പച്ചന്മാർക്കു നൽകി കട്ടിലിൽ കിടന്നുകൊണ്ട് കൂപ്പുകരങ്ങൾ നീട്ടി. ഇത് പുതിയൊരു യാത്രയ്ക്കുള്ള യാത്രാമൊഴിയായിരുന്നു.

# ചാവറ തീർത്ഥാടന കേന്ദ്രം, മാന്നാനം



**ഫാ. ജെയിംസ് മഠത്തിക്കണ്ടം സി.എം.ഐ**

കേരള കത്തോലിക്കാസഭക്ക് അഭിമാനാർഹമായ നേട്ടങ്ങൾ ഉണ്ടാക്കിയ വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ്പിതാവിന്റെ കബറിടത്തിൽ ദിനംതോറും ധാരാളം ആളുകൾ, ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയാനും, അനുഗ്രഹങ്ങൾക്കുള്ള അപേക്ഷകൾ സമർപ്പിക്കാനുമായി മാന്നാനം കുന്നിലെ ദേവാലയത്തിൽ എത്തുന്നു. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മധ്യസ്ഥശക്തിയിലുള്ള വിശ്വാസവും പിതാവിനോടുള്ള ഭക്തിയും അനുദിനം വർദ്ധിച്ചുവരുന്നതായി തീർത്ഥാടകർ നല്കുന്ന അനുഭവസാക്ഷ്യങ്ങൾ തെളിയിക്കുന്നു. കബറിടത്തിൽ നിശബ്ദരായി ജനങ്ങളും സിസ്റ്റേഴ്സും പ്രാർത്ഥനയിൽ ചെലവഴിക്കുന്നുണ്ട്.

വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മദ്ധ്യസ്ഥതയിൽ പാലാ സ്വദേശിനിയായ കുട്ടിക്ക് ലഭിച്ച രോഗശാന്തി അത്ഭുതമാണെന്ന് അംഗീകരിച്ചുകൊണ്ട് കർദ്ദിനാളന്മാരുടെ പ്ലീനറി അസംബ്ളിയിൽ തയ്യാറാക്കിയ ഡിക്രിയിൽ പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ ഒപ്പുവെച്ച ദിനം മുതൽ മാന്നാനത്ത് ചാവറപിതാവിന്റെ കബറിടവും പള്ളിയും സന്ദർശിച്ച് പ്രാർത്ഥിക്കുന്നതിനായി നാടിന്റെ നാനാഭാഗത്തുനിന്നും എത്തുന്ന ജനങ്ങളുടെ അഭൂതപൂർവ്വമായ തിരക്ക് അനുഭവപ്പെടുന്നു. ഇക്കഴിഞ്ഞ രണ്ട് മാസങ്ങളിലായി കേരളത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള വിശ്വാസികൾ മാന്നാനത്തെ കബറിടത്തിൽ എത്തിയതായി കാണാം. തമിഴ്നാട്ടിൽ നിന്നും ആന്ധ്രാപ്രദേശിൽ നിന്നുമുള്ള തീർത്ഥാടകരും വളരെയധികമായി പ്രാർത്ഥിക്കുന്നതിനായി എത്തിക്കൊണ്ടിരിക്കുന്നു.

പരീക്ഷാ വിജയങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചും പുതിയ പഠന മേഖലകൾക്ക് ചാവറപിതാവിന്റെ അനുഗ്രഹം തേടിയും എത്തിയ വിദ്യാർത്ഥികളുടെ സാന്നിദ്ധ്യവും ഇക്കഴിഞ്ഞമാസങ്ങളിൽ മാന്നാനത്ത് കൂടുതലായി അനുഭവപ്പെട്ടു. ശനിയാഴ്ചകളിൽ മാന്നാനത്ത് ഭക്തജനങ്ങൾ ധാരാളം എത്താറുണ്ട്. ശനിയാഴ്ചകളിൽ 5 കുർബാനയും 5 നൊവേനയും നടത്തപ്പെടുന്നു. ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിച്ച്

അനുഗ്രഹീതരാകുവാൻ നാടിന്റെ നാനാഭാഗങ്ങളിൽ നിന്ന് ധാരാളമാളുകൾ എത്തുന്നുണ്ട്. കുടുംബസാമാധാനത്തിനുവേണ്ടിയും, കുട്ടികളുടെ നല്ല ഭാവിക്കായും മാതാപിതാക്കൾ വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നു. നല്ല ജോലിക്കായി പ്രാർത്ഥിക്കുന്ന അനേകം ആളുകൾക്ക് അനുഗ്രഹം ലഭിച്ചതായി ഇവിടെ കിട്ടുന്ന സാക്ഷ്യങ്ങൾ സൂചിപ്പിക്കുന്നു.

## ആത്മവിശുദ്ധീകരണത്തോടെ ചാവറപിതാവിന്റെ തിരുനാൾ

2013 ഡിസംബർ 22-ാം തിയതി ബഹു. പോൾ വടക്കുംമുറിയച്ചൻ നയിച്ച ആത്മവിശുദ്ധീകരണ ധ്യാനത്തോടയാണ് ഈ വർഷത്തെ തിരുനാൾ തിരുക്കർമ്മങ്ങൾ ആരംഭിച്ചത്. പ്രാർത്ഥിച്ച് ആത്മീയമായി ഒരുങ്ങി തിരുനാൾ ആഘോഷിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ബാഹ്യമായ ആഘോഷങ്ങളേക്കാൾ ആത്മീയ ഉണർവിന് പ്രാധാന്യം കൊടുത്തുകൊണ്ടാണ് മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ തിരുനാൾ ആഘോഷിച്ചത്. പല വാർഡുകളായി തിരിച്ച് ഞായറാഴ്ചകളിൽ വൈകിട്ട്, ഓരോ വാർഡിലെയും ഓരോ ഭവനങ്ങളിൽ വീതം 3 മാസം നീണ്ട ചാവറപ്രാർത്ഥന നടത്തി. ഡിസംബർ മാസത്തിൽ ഓരോ വാർഡും കബറിടത്തിൽ വന്ന് ഒരുമണിക്കൂർ വീതം പ്രാർത്ഥന നടത്തി.

തിരുനാൾ ദിനങ്ങളിൽ നടത്തിയ ജപമാല റാലിയും, ചാവറ പ്രഘോഷണറാലിയും, പ്രാർത്ഥനായൂണിറ്റുകളുടെ കൂട്ടായ്മയും, രോഗീദിനവും, വിദ്യാർത്ഥിദിനവുമെല്ലാം ആത്മീയതയിലൂന്നിയുള്ള തിരുനാൾ ആഘോഷങ്ങളുടെ ഭാഗമായിരുന്നു.

## ചാവറ തീർത്ഥാടനം മാന്നാനത്തേക്ക്

വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ജനുവരി 2-ാം തിയതി തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ നേതൃത്വത്തിൽ ചാവറപിതാവിന്റെ കബറിടത്തിലേക്ക് തീർത്ഥാടനം നടത്തി. തിരുവനന്തപുരം പ്രോവിൻസന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും അദ്ധ്യാപകരും വൈദികരുമടങ്ങുന്ന തീർത്ഥാടകർ രാവിലെ 11 മണിയോടെ കബറിടത്തിലെത്തിച്ചേർന്നു. തീർത്ഥാടകസംഘത്തിനുവേണ്ടി

തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ കൗൺസിലർ റവ. ഫാ. മാത്യു അറേക്കളം ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ തിരുനാളിൽ ജനുവരി നാലാം തിയതി കോട്ടയം സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളും, അദ്ധ്യാപകരും, വൈദികരുമടങ്ങുന്ന തീർത്ഥാടകസംഘം വാദ്യമേള ങ്ങളുടെ അകമ്പടിയോടെ രാവിലെ 11 മണിക്ക് വാഴ്ത്തപ്പെട്ട ചാവറ പിതാവിന്റെ കബറിടത്തിലെത്തിച്ചേർന്നു.

സി.എം.സി. തൃശ്ശൂർ പ്രോവിൻസിന്റെ നേതൃത്തിൽ ജനുവരി 11-ാം തിയതി വിവിധസ്കൂളുകളിൽ നിന്നുള്ള കുട്ടികളും അദ്ധ്യാപക രുമടങ്ങുന്ന തീർത്ഥാടകർ കബറിടത്തിലെത്തി ദിവ്യബലിയിൽ സംബ ന്ധിച്ച് പ്രാർത്ഥിച്ചു. തീർത്ഥാടകർ സഞ്ചരിച്ചിരുന്ന വാഹനങ്ങളുടെ മുമ്പിൽ ചാവറതീർത്ഥാടനം മാന്നാനത്തേക്ക് എന്ന ബോർഡ് വച്ചിരു ന്നത് കൂടുതൽ ജനങ്ങൾക്ക് ചാവറപിതാവിനെക്കുറിച്ചും മാന്നാനത്തെ ക്കുറിച്ചും അറിവ് നൽകുന്നതിന് സഹായകമായി.

## സി.ബി.സി.ഐ. മെത്രാൻമാർ കബറിടത്തിൽ

ഫെബ്രുവരി 9-ാം തിയതി ഞായറാഴ്ച 22 സി.ബി.സി.ഐ. മെത്രാൻമാരുടെ സംഘം മാന്നാനത്ത് ചാവറപിതാവിന്റെ കബറിട ത്തിൽ പ്രാർത്ഥിക്കാനെത്തി. ബഹു. പ്രിയോർ ജനറാളച്ചനും, മാന്നാനം ആശ്രമം പ്രിയോർ ബഹു. ആന്റണി ഇടനാടച്ചനും, വൈസ് പോസ്റ്റു ലേറ്റർ റവ. ഫാ. ജെയിംസ് മഠത്തിക്കണ്ടത്തിലച്ചനും മറ്റ് വൈദികരും ജനങ്ങളും ചേർന്ന് മെത്രാന്മാർക്ക് ഊഷ്മളമായ വരവേല്പ് നൽകി. ബഹു. പ്രിയോർ ജനറാളച്ചൻ റോസാപുഷ്പങ്ങൾ നൽകി അഭിവന്ദ്യ പിതാന്മാരെ സ്വീകരിച്ചു. തുടർന്ന് പിതാക്കന്മാർ ദേവാലയത്തിൽ പ്രവേ ശിച്ചു. ജനറാളച്ചൻ പിതാക്കന്മാർക്ക് സ്വാഗതം ആശംസിച്ചു. സി.ബി. സി.ഐ. പ്രസിഡണ്ട് കാർഡിനൽ ഓസ്വാൾഡ് ഗ്രേഷ്യസ് കബറിട ത്തിലെ നൊവേന പ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിച്ചു. കബറിട ത്തിൽ പ്രാർത്ഥന നടത്തിയ അഭിവന്ദ്യപിതാക്കന്മാർ ചാവറപിതാവിന്റെ മുറിയും, ചാവറപിതാവിനാൽ സ്ഥാപിതമായ സംസ്കൃത കളരിയും ആർട്ട്ഗാലറിയും സന്ദർശിക്കുകയും മാന്നാനം കുന്നിൽ നിന്ന് സൂര്യാ സ്തമയം വീക്ഷിക്കുകയും ചെയ്തു. അത്താഴ വിരുന്നിനുശേഷം പാലാ യിലേക്ക് തിരികെ പോയി. കബറിടത്തിൽ പ്രാർത്ഥിക്കുന്നിനായി എത്തിയ പിതാക്കന്മാർ താഴെ പറയുന്നരാണ്.

| | |
|---|---|
| Oswald Cardinal Gracias | Cardinal - Archbishop of Bombay |
| Victor Henry Thankur | Raipur - Archbishop |
| John Vadakkel | Bijnore |
| Vijayanand Nedumpuram | Chanda |
| Simon Stock Palathara | Jagadalpur - Emeritus |
| Jose Chittooparambil | Rajkot |
| Joseph Kunnath | Adilabad |
| Godfrey de Rozario | Baroda |
| Prasad Gallela | Cuddaph |
| Salvadore Lobo | Basuipur |
| Sarat Chandra Nayak | Berhampur |
| Joseph Aind (SDB) | Dibrugarh |
| Jacob Mar Bernabas | Delhi - Apostolic Visitator |
| Sebastian Vadakkel | Ujjain |
| Francis Kallarackal | Verapoly - Archbishop |
| Henri D'Souza | Bellary |
| Sylvester Ponnumuthan | Punalur |
| Francis Kallist | Meerut |
| Raphel Thattil | Trichur - Auxiliary Bishop |
| Fr. Stephen Alathara | KCBC Deputy Secretary |
| Fr. George Paikada | Pala |
| Anil Cutto | Delhi Archbishop |

## തമിഴ്നാട്ടിൽ നിന്നുള്ള തീർത്ഥാടകർ

മാർച്ച് മാസം ആരംഭിച്ചപ്പോൾ മുതൽ തമിഴ്നാട്ടിൽ നിന്നും വളരെയധികം തീർത്ഥാടകസംഘങ്ങൾ മാന്നാനത്ത് എത്തുവാൻ തുടങ്ങി. കന്യാകുമാരി, ട്രിച്ചി, തിരുനെൽവേലി, കോയമ്പത്തൂർ, പെരിയർനഗർ, രാജപാളയം, ബത്തലഗുണ്ട്, മധുര തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് നാലും അഞ്ചും ബസുകളിലായി വളരെയധികം തീർത്ഥാടകരാണ് ഈ ദിവസങ്ങളിൽ ഇവിടെയെത്തി കബറിടത്തിൽ പ്രാർത്ഥിച്ചത്. അതിൽ മിക്ക സംഘങ്ങളും ബഹുമാനപ്പെട്ട വൈദികരുടെ നേതൃത്വത്തിൽ എല്ലാവർഷവും പതിവായി മാന്നാനത്ത് എത്തുന്നവരാണ്. വാഴ്ത്തപ്പെട്ട ചാവറപിതാവിനോട് അതീവഭക്തിയുള്ളവരാണ് തമിഴ്നാട്ടിൽ നിന്നും ഇവിടെ എത്തുന്ന തീർത്ഥാടകർ. നൊവേന ചൊല്ലി കബറിടം മുത്തി നിറഞ്ഞ മനസ്സോടെയാണ് ഇവർ മടങ്ങുന്നത്.

കാഞ്ഞൂർ ഭദ്രാസന പള്ളിയിൽ നിന്ന് 5 ബസ്സ് നിറയെ ജനങ്ങൾ വന്ന് പള്ളിയിൽ കുരിശിന്റെ വഴിയും ചാവറപിതാവനോടുള്ള നൊവേന പ്രാർത്ഥനയും നടത്തുകയുണ്ടായി.

## കാർമ്മൽ ബഡ്സ്

വിവിധ സി.എം.സി. മഠങ്ങളുടെ നേതൃത്വത്തിൽ ചെറിയ കുട്ടികളെ വാഴ്ത്തപ്പെട്ട ചാവറപിതാവിനോടുള്ള ഭക്തിയിൽ വളർത്തി അവർക്ക് ചാവറപിതാവിനെക്കുറിച്ച് അറിവ് പകർന്നു നൽകി പ്രവർത്തിക്കുന്ന സംഘടനകളാണ് കാർമ്മൽ ബഡ്സ്. കാർമ്മൽ ബഡ്സിൽ അംഗങ്ങളായ കുട്ടികളെയുമായി വിവിധ സി.എം.സി. പ്രോവിൻസുകളിൽപെട്ട സിസ്റ്റേഴ്സ് മാന്നാനത്ത് ചാവറപിതാവിന്റെ സന്നിധിയിൽ എത്തി

## നാമകരണ പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനാസഹായം

വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ നാമകരണ പ്രവർത്തനങ്ങൾ റോമിൽ ആരംഭിച്ചപ്പോൾ മുതൽ തന്നെ സി.എം.സി. സഭാംഗങ്ങൾ നിർല്ലോഭമായ പ്രാർത്ഥനാസഹായം നൽകിക്കൊണ്ടിരിക്കുന്നു. സാധിക്കുന്ന അവസരങ്ങളിലെല്ലാം മാന്നാനത്ത് കബറിടത്തിലെത്തി പ്രാർത്ഥിക്കുന്ന ധാരാളം സിസ്റ്റേഴ്സ് ഉണ്ടായിരുന്നു. സി.എം.സി. പാലാ പ്രോവിൻസിലെ അംഗങ്ങൾ വളരെ നാളുകളായി എല്ലാ മാസങ്ങളിലെയും മുന്നാം ദിനം മാന്നാനത്ത് കബറിടത്തിലെത്തി നാമക

രണ കാര്യങ്ങളുടെ വിജയത്തിനായി പ്രാർത്ഥിച്ചിരുന്നു. ഫെബ്രുവരി മാസം ഗ്രൂപ്പ് തിരിഞ്ഞ് 10 ദിവസം എല്ലാ മഠങ്ങളിൽ നിന്നും പ്രാർത്ഥ നയ്ക്കായി എത്തി.

## ചാവറപിതാവിന്റെ നാമകരണ പ്രവർത്തനങ്ങൾ

പുണ്യചരിതനായ ചാവറപിതാവിന്റെ നാമകരണ പ്രവർത്ത നങ്ങൾ വിജയകരമായി അതിന്റെ പൂർണ്ണതയിലേക്ക് എത്തിക്കൊണ്ടി ക്കുന്നതിന് നല്ല ദൈവത്തിന് നന്ദി അർപ്പിക്കാം.

വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച രോഗ ശാന്തി 2009 മെയ് മാസത്തിൽ മാന്നാനത്ത് ചാവറപിതാവിന്റെ നാമക രണകാര്യങ്ങളുടെ വൈസ്പോസ്റ്റുലേറ്റർ ഫാ. ജെയിംസ് മഠത്തിക്ക ണ്ടത്തിലച്ചനെ കുടുംബാഗങ്ങൾ അറിയിച്ചു. അദ്ദേഹം റോമിൽ അന്ന് പോസ്റ്റുലേറ്ററായിരുന്ന ബഹു. സെബാസ്റ്റ്യൻ ആത്തപ്പിള്ളിയച്ചനെ രോഗസൗഖ്യത്തെക്കുറിച്ച് അറിയിക്കുകയും ബഹു. ആത്തപ്പിള്ളിയ ച്ചന്റെ നിർദ്ദേശപ്രകാരം ആവശ്യമായ രേഖകളും രോഗസൗഖ്യത്തിന്റെ വിവരങ്ങളും ശേഖരിച്ചു. രോഗസൗഖ്യം ലഭിച്ച കുട്ടിയെക്കുറിച്ച് പോസ്റ്റുലേറ്റർ ഫാ. സെബാസ്റ്റ്യൻ ആത്തപ്പിള്ളി രൂപതയുടെ അഭി വന്ദ്യ പിതാവിനെ അറിയിച്ച് രൂപതാകോടതി ആരംഭിക്കുന്നതിനുള്ള അപേക്ഷ നൽകി.

2010 ഏപ്രിൽ 14 ന് രൂപതാ കോടതി ആരംഭിക്കുന്നതിനുള്ള ഡിക്രി അഭിവന്ദ്യ പിതാവ് പുറപ്പെടുവിച്ചു. അതനുസരിച്ച് 2010 ജൂലൈ 16-ാം തിയതി രൂപതാക്കോടതി ഉദ്ഘാടനം ചെയ്യപ്പെട്ടു. നാമകരണ കോടതി 2011 ആഗസ്റ്റ് 16-ാം തിയതി അതിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി രേഖകൾ ഡൽഹിയിലെ സി.ബി.സി.ഐ. ഇന്റർ ന്യൂൺഷ്യോയുടെ സെക്രട്ടറിയെ ഏല്പിച്ചു. അവിടെ നിന്നും റോ മിലെ നാമകരണ കാര്യാലയത്തിൽ എത്തിയതുമുതൽ റോമിൽ നട ന്നുവരുന്ന വിവിധ ഘട്ടങ്ങളിലായുള്ള വിശുദ്ധ പദവി പ്രഖ്യാപന നട പടികൾ അതിന്റെ പരിസമാപ്തിയിലേക്ക് പുരോഗമിക്കുകയാണ്. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹം, അത്ഭുതമാണെന്ന് അംഗീകരിച്ചുകൊണ്ട് കർദ്ദിനാളന്മാരുടെ പ്ലീനറി അസംബ്ളിയിൽ തയ്യാറാക്കിയ ഡിക്രിയിൽ പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ 2014 ഏപ്രിൽ 3 ന് ഒപ്പുവെച്ചു. 2014 ജൂൺ 12 ന് വിശുദ്ധപദപ്രഖ്യാപനത്തിന്റെ തിയതി പരിശുദ്ധപിതാവ് പ്രഖ്യാപി

ച്ചു. ക്രിസ്തുവിന്റെ രാജത്വതിരുനാളായ നവംബർ 23 ന് വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടക്കുന്ന തിരുക്കർമ്മങ്ങൾക്കിടയിലാണ് ചാവറപിതാവിനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കർദ്ദിനാൾന്മാർ പങ്കെടുത്ത കൺസിസ്റ്ററിയിലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനമുണ്ടായത്. റോമിൽ നാമകരണതിയതി പ്രഖ്യാപിച്ചത് ഇൻഡ്യൻ സമയം ഉച്ചകഴിഞ്ഞ് 2.20 ന് ആയിരുന്നു. അന്ന് 2.30 ന് മാന്നാനം ആശ്രമദേവാലയത്തിൽ ബഹു. പ്രിയോർ സെബാസ്റ്റ്യൻ ചാമത്തറയച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ഇരുപത്തഞ്ചോളം വൈദികർ ചേർന്ന് കൃതജ്ഞതാബലി അർപ്പിച്ചു. ആയിരക്കണക്കിന് വിശ്വാസികൾ ദിവ്യബലിയിൽ പങ്കുചേർന്ന് വാഴ്ത്തപ്പെട്ട ചാവറപിതാവ് വഴി സഭയ്ക്കും സമൂഹത്തിനും ലഭിച്ചുകൊണ്ടിരിക്കുന്ന അനവധിയായ നന്മകൾക്ക് നല്ലവനായ ദൈവത്തിന് നന്ദി പറഞ്ഞു. പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവർത്തികളിലൂടെയും നാമകരണ പ്രവർത്തനങ്ങൾക്ക് ധാരാളംപേർ സഹായമരുളി.

## നവീകരണ പ്രവർത്തനങ്ങൾ

നാമകരണ കാര്യങ്ങൾ പുരോഗമിക്കുന്നതിനോടൊപ്പം തന്നെ മാന്നാനത്തെ ഭൗതികസാഹചര്യങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. തീർത്ഥാടകരുടെ സൗകര്യത്തിനായി വിവിധ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. റോഡുകൾ വീതികൂട്ടിയും പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും, പള്ളിയും പരിസരവും മോടിപിടിപ്പിച്ചതുമെല്ലാം തീർത്ഥാടകർക്ക് സൗകര്യപ്രദമാണ്. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കബറിടം ഇറ്റാലിയൻ മാർബിളിൽ പുതുക്കിപ്പണിതത് ഏറെ ആകർഷകമാണ്. പള്ളിയുടെ വരാന്ത, ബാത്റൂമുകൾ തുടങ്ങിയ സ്ഥലങ്ങൾ ടൈലുകൾ വിരിച്ച് ഭംഗിയാക്കി.

## വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ മദ്ധ്യസ്ഥതയിൽ ലഭിച്ച അനുഗ്രഹങ്ങൾ

1. എന്റെ മോൾ ജനിച്ച് 17-ാം ദിവസം ചെറിയ ചുമയുണ്ടായി. കുഞ്ഞ് ജനിച്ച ഹോസ്പിറ്റലിൽ തന്നെ ഡോക്ടറെ കാണിച്ചു. തിരിച്ച് വീട്ടിൽ വിട്ടു. ചുമ കുറയുന്നില്ലെങ്കിലും കുഞ്ഞ് പാൽ കുടിക്കാതിരിക്കുകയാണെങ്കിലും എത്രയുംപെട്ടെന്ന് ഹോസ്പിറ്റലിൽ എത്തി

ക്കണമെന്ന് ഡോക്ടർമാർ അറിയിച്ചിരുന്നു. അന്നു തന്നെ രാത്രി 11 മണിയായപ്പോൽ വീണ്ടും ഹോസ്പിറ്റലിൽ കൊണ്ടുപോയി. നേരെ ഐ.സി.യു.വിലേക്ക് മാറ്റി. മൂന്നാം ദിവസം കാരിത്താസിൽ കൊണ്ടുപോയി എക്കോ എടുക്കുവാൻ ആവശ്യപ്പെട്ടു. എക്കോ എടുത്തപ്പോൾ കുഞ്ഞിന്റെ മെയിൻ അയോട്ട ബ്ലോക്കാണെന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളം അമൃത ഹോസ്പിറ്റലിൽ എത്തിക്കണമെന്നും പറഞ്ഞു. വാഴ്ത്തപ്പെട്ട ചാവറപിതാവിനോട് ഞങ്ങൾ കരഞ്ഞുപ്രാർത്ഥിച്ചുകൊണ്ട് എറണാകുളത്തിന് യാത്രയായി. അവിടയെത്തി കുഞ്ഞിന്റെ ഓപ്പറേഷൻ നടന്നു. ഓപ്പറേഷൻ വിജയകരമായിരുന്നു. ഇനിയും രണ്ട് ഹോൾ കൂടി ഉണ്ട് അടുത്ത ചെക്കപ്പിന് വരുമ്പോൾ ഓപ്പറേഷനുള്ള തിയതി അറിയിക്കാം എന്നും ഡോക്ടർമാർ പറഞ്ഞു. ഞങ്ങൾ ചാവറപിതാവിന്റെ മാദ്ധ്യസ്ഥം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതിന്റെഫലമായി അടുത്ത ചെക്കപ്പ് ദിനം ഞങ്ങൾ അമൃതയിലെത്തിയപ്പോൾ ഹോൾ രണ്ടും അടഞ്ഞതായി പരിശോധനയിൽ അറിഞ്ഞു മാത്രമല്ല ഇനി ചെക്കപ്പ്പോലും നടത്തേണ്ട ആവശ്യമില്ല എന്നും ഡോക്ടർമാർ പറഞ്ഞു. ചാവറപിതാവിന്റെ മദ്ധ്യസ്ഥതയാലാണ് ഈ അനുഗ്രഹം ലഭിച്ചതെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. പിതാവിന് ഞങ്ങൾ ആയിരമായിരം നന്ദി അർപ്പിക്കുന്നു.

8/12/13
യമുന ഡെന്നി, തുരിത്തിൽ
കമ്പളക്കാട്, വയനാട്

2. ബഹുമാനപ്പെട്ട അച്ചാ

എന്റെ പേര് റോസ്മി എസ്. റോബർട്ട്. ഞാൻ കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ജനിച്ചു. കോട്ടയം ജില്ലയിലെ കറുകച്ചാലിൽ എന്നെ വിവാഹം കഴിപ്പിച്ചയച്ചു. കോട്ടയത്തുവന്ന നാൾമുതൽ മിക്കവാറും എല്ലാ ആദ്യശനിയാഴ്ചയും ഞാൻ മാന്നാനത്ത് പള്ളിയിൽ വരുമായിരുന്നു. ഞാൻ ഒരു ബാങ്ക് ഉദ്യോഗസ്ഥയാണ്. എന്റെ ഏറെ നാളുകളായുള്ള ആഗ്രഹമായിരുന്നു ഒരു കോളേജ് അദ്ധ്യാപികയാവുക എന്നുള്ളത്. അതിന്റെ ആദ്യപടിയായി ഞാൻ യു.ജി.സി. നെറ്റ് പരീക്ഷ കഴിഞ്ഞ 7 വർഷത്തിനിടയിൽ 13 പ്രാവശ്യം എഴുതി. 13 പ്രാവശ്യവും ഞാൻ പരാജയപ്പെട്ടു. എന്നാൽ വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് പരീക്ഷ ജയിക്കുന്നിതിനുവേണ്ടി

പ്രാർത്ഥിച്ച് മദ്ധ്യസ്ഥം യാചിച്ച് നൊവേനയിലും കുർബാനയിലും സംബന്ധിച്ചതിനുശേഷം പരീക്ഷ എഴുതിയപ്പോൾ അത്ഭുതകരമായി ഞാൻ യു.ജി.സി. നെറ്റ് പരീക്ഷ പാസ്സായി. വാഴ്ത്തപ്പെട്ട ചാവറപിതാവിന് ആയിരം നന്ദി അർപ്പിക്കുന്നു.

9/12/13
റോസ്മി എസ്. റോബർട്ട്
കറുകച്ചാൽ

3. ഏതാണ്ട് ഒരു വർഷത്തോളമായി പലവിധ തടസ്സങ്ങളാൽ നീണ്ടുപോയിക്കൊണ്ടിരുന്ന ഒരു റോഡ് നിർമ്മാണത്തിനുള്ള സഹായം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ റബർ ബോർഡിൽ നിന്നുള്ള സാമ്പത്തിക സഹായത്താൽ പണിയുന്നതിനുള്ള അനുവാദം വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി ലഭിച്ചതിന് നന്ദി അർപ്പിക്കുന്നു.

18/12/13
ആന്റണി വട്ടക്കളം
എ.ഡി.ഒ., റബർബോർഡ്
ഹെഡ് ഓഫീസ്, കോട്ടയം

4. ബഹുമാനപ്പെട്ട അച്ചാ,

എന്റെ ഒരു ഫ്രണ്ട് പറഞ്ഞു കേട്ടാണ് ഞാൻ മാന്നാനത്ത് വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ കബറിടത്തിൽ പ്രാർത്ഥിക്കാനെത്തിയത്. ഏകദേശം ഒരു കൊല്ലം മുൻപാണ് ഞാൻ ഇവിടെ പ്രാർത്ഥിക്കുന്നതിനായി വന്നത്. ആകെ തകർന്ന അവസ്ഥയിലായിരുന്നു അന്ന് ഞാൻ. എന്റെ മമ്മിക്ക് അന്ന് കാൻസറിനുള്ള ചികിത്സകൾ ചെയ്തുകൊണ്ടിരിക്കുന്ന സമയമായിരുന്നു. ആ സമയത്തുതന്നെ എനിക്ക് അല്പംപോലും ഇഷ്ടമില്ലാത്ത ഒരു വ്യക്തിയുമായുള്ള വിവാഹത്തിന് ഡാഡിയുടെ നിർബന്ധപ്രകാരം എനിക്ക് സമ്മതിക്കേണ്ടിയും വന്നു. ചാവറപിതാവിന്റെ കബറിടത്തിൽ വന്ന് വളരെയേറെ സമയം ഇരുന്ന് പ്രാർത്ഥിച്ച ഞാൻ കരഞ്ഞുകൊണ്ടാണ് തിരിച്ച് പോയത്. ശാരീരികമായും മാനസികമായും അത്രയേറെ ഞാൻ തകർന്നിരുന്നു. അന്ന് ഞാൻ എന്റെ മമ്മിയുടെ അസുഖം പൂർണ്ണമായി മാറുകയാണെങ്കിൽ

മമ്മിയുമായി കബറിടത്തിൽ വന്നുകൊള്ളാം എന്ന് പിതാവിനോട് നേർന്നിരുന്നു. അതിനുശേഷം എന്റെ മമ്മിയുടെ അസുഖം പൂർണ്ണമായും ഭേദപ്പെട്ടു. മാത്രമല്ല എനിക്ക് ഇഷ്ടമില്ലാത്ത ആളുമായുള്ള എന്റെ വിവാഹവും മാറിപ്പോയി. പിന്നീട് എന്റെ മമ്മിക്കും ഡാഡിക്കും എനിക്കും കൂടി ഇഷ്ടപ്പെട്ട ഒരാളുമായുള്ള എന്റെ വിവാഹം നടന്നു. ഇപ്പോൾ ഞാൻ സന്തോഷമായി ജീവിക്കുന്നു. വാഴ്ത്തപ്പെട്ട ചാവറപിതാവുവഴി എനിക്ക് ലഭിച്ച ഈ അനുഗ്രഹങ്ങൾക്ക് ഞാൻ പുണ്യപിതാവിനോട് എന്നും നന്ദിയുള്ളവളായിരിക്കും.

23/12/2013
ഒരു വിശ്വാസി, ചമ്പക്കര

5. എന്റെ കുട്ടിയുടെ പഠനത്തിന് ലഭിക്കേണ്ടിയിരുന്ന സ്കോളർഷിപ്പ് പല കാരണങ്ങളാൽ കിട്ടാതെ വന്നതിനാൽ ഞങ്ങൾ വളരെയധികം വിഷമിച്ചിരുന്നു. വാഴ്ത്തപ്പെട്ട ചാവറപിതാവിന്റെ തിരുനാളിൽ 9 ദിവസങ്ങളിലായി നടത്തപ്പെടുന്ന നൊവേനയിലും കുർബാനയിലും സംബന്ധിച്ച് പ്രാർത്ഥിച്ചതിന്റെ സ്കോളർഷിപ്പ് തുക (മുന്ന് ലക്ഷം രൂപ) ലഭിച്ചതിന് ചാവറപിതാവിന് ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു.

28/12/14
ലൈസമ്മ, മാന്നാനം

